# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2022 ഏപ്രിൽ 7 | ദീപം 55 | നാളം 6 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.org




# സഭാസംവിധാനങ്ങളിൽ അല്മായപങ്കാളിത്തം

## ഭരണപരിഷ്കാരങ്ങളുമായി ഫ്രാൻസീസ് മാർപാപ്പ




ഷെവലിയർ അഡ്വ. വി. സി. സെബാസ്റ്റ്യൻ


ആഗോള കത്തോലിക്കാസഭയുടെ ഭരണസംവിധാനത്തിൽ വൻ അഴിച്ചുപണിയാണ് 'പ്രെഡിക്കാത്തേ എവാഞ്ചലിയും' (Praedicate Evangelium) അഥവാ സുവിശേഷപ്രഘോഷണം എന്ന പുത്തൻ ഭരണരേഖയിലൂടെ ഫ്രാൻസീസ് മാർപാപ്പ ലക്ഷ്യമിട്ടിരിക്കുന്നത്. ലാറ്റിൻ സഭയോടൊപ്പം സ്വയാധികാരസഭകളിലും ഈ മാറ്റങ്ങളുടെ സ്വാധീനമുണ്ടാകും. സ്വയാധികാരസഭകളിൽ ഇതു പ്രധാനമായും വിശ്വാസം, വിശുദ്ധരുടെ നാമകരണം, നിയമവ്യാഖ്യാനം, അപ്പസ്തോലിക് കോടതികൾ എന്നിവയുടെ കാര്യങ്ങളിലാണ്. പൗരസ്ത്യസഭകളുടെ ഇതരവിഷയങ്ങളുമായി ബന്ധപ്പെടുന്ന ഡികാസ്റ്ററി വേറെയുമുണ്ട്. അതേസമയം, സഭാഭരണത്തിന്റെ വിവിധ തലങ്ങളിലും വേദികളിലും അല്മായപങ്കാളിത്തം ഉറപ്പുവരുത്തുന്ന മാർപാപ്പായുടെ ഉൾക്കാഴ്ചകളും ദീർഘവീക്ഷണവും വ്യക്തിസഭകൾക്കും ഒരു ചൂണ്ടുപലകയാണ്. സഭയിൽ നിലവിലുള്ള ഉപദേശകസമിതിറോളുകളിൽനിന്ന് അല്മായസമൂഹത്തെ ഉയർത്തി ക്രിയാത്മക ഇടപെടലുകൾക്കു തുറവുള്ള സമീപനമുണ്ടാകണമെന്ന മുന്നറിയിപ്പായും റോമിലെ ഭരണപരിഷ്കാരങ്ങളെ സ്വയംഭരണാധികാരസഭകളും കാണേണ്ടിയിരിക്കുന്നു.

### ഭരണപരിഷ്കാരങ്ങൾ


ആഗോള കത്തോലിക്കാസഭയുടെ ഭരണം നിയന്ത്രിക്കുന്നത് റോമൻ കൂരിയയാണ്. കൂരിയായുടെ പ്രവർത്തനങ്ങളിൽ അടിമുടി പൊളിച്ചെഴുത്തിനാണ് ഫ്രാൻസീസ് പാപ്പ 2022 മാർച്ച് 19ന് 'പ്രെഡിക്കാത്തേ എവാഞ്ചലിയും' (സുവിശേഷം പ്രസംഗിക്കുക) എന്ന വിളംബരമിറക്കിയിരിക്കുന്നത്. 2022 ജൂൺ 5 പന്തക്കുസ്താദിനത്തിൽ പുതിയ നിയമങ്ങൾ നിലവിൽ വരും. ഫ്രാൻസീസ് മാർപാപ്പ സ്ഥാനമേറ്റതിന്റെ ഏഴാം വാർഷികദിനവും വി. യൗസേപ്പിന്റെ തിരുനാളുമായ മാർച്ച് 19 എന്ന പ്രത്യേകതയും ഈ ദിനത്തിനുണ്ട്. 1988 ജൂൺ 28 ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിളംബരം ചെയ്തു നടപ്പാക്കിയ 'പാസ്റ്റർ ബോനുസ്' (നല്ല ഇടയൻ) വിളംബരം ഇതോടെ ചരിത്രത്തിന്റെ ഭാഗമാകും. നല്ല ഇടയൻ എന്ന അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷനിൽനിന്ന് 'സുവിശേഷം പ്രസംഗിക്കുക' എന്ന ഭരണവ്യവസ്ഥയിലേക്കുള്ള മാറ്റം ആധുനിക സഭയുടെ മുന്നോട്ടുള്ള യാത്രയിൽ സഭാപിതാക്കന്മാർക്കും വൈദികർക്കുമൊപ്പം അല്മായവിശ്വാസിസമൂഹത്തിനു കൂടുതൽ പങ്കാളിത്തവും പ്രാധാന്യവും നൽകുന്നതാണ്.

### ഡികാസ്റ്ററികൾ

നിലവിൽ ഭരണവകുപ്പുകൾ 'കോൺഗ്രിഗേഷനുകൾ' എന്ന പേരിലാണറിയപ്പെടുന്നത്. എന്നാൽ പുതിയവ 'ഡികാസ്റ്ററികൾ' (കാര്യാലയം) എന്നറിയപ്പെടും. റോമൻ കൂരിയായിലെ വിവിധ കാര്യാലയങ്ങൾ കോൺഗ്രിഗേഷൻ എന്ന പേരിലാണ് 16-ാം നൂറ്റാണ്ടുമുതൽ അറിയപ്പെട്ടിരുന്നത്. കൂടാതെ, നിലവിലുണ്ടായിരുന്ന പൊന്തിഫിക്കൽ കൗൺസിലുകളും പുതിയ ഭരണപരിഷ്കാരത്തിൽ ഇല്ലാതായി. അങ്ങനെ മൂന്നു വിഭാഗങ്ങളോടുകൂടിയ സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റിന്റെ തുടർച്ച ഇനിമുതൽ കോൺഗ്രിഗേഷനുകളല്ല ഡികാസ്റ്ററികളായിരിക്കും. നിലവിലുണ്ടായിരുന്ന ഒൻപത് കോൺഗ്രിഗേഷനുകളും പൊന്തിഫിക്കൽ കൗൺസിലുകളും ഫ്രാൻസീസ് പാപ്പാ അധികാരമേറ്റതിനുശേഷം സൃഷ്ടിച്ച വിവിധ വകുപ്പുകളും കൂട്ടിച്ചേർത്ത് താഴെപ്പറയുന്ന ആകെ 16 ഡികാസ്റ്ററികളാണ് ആഗോള കത്തോലിക്കാസഭയുടെ ഭരണസിരാകേന്ദ്രത്തിലുള്ളത്.

▶8

# വിശന്നു വിലപിക്കുന്ന ശ്രീലങ്ക




എസ്. പി. നമ്പൂതിരി


നമ്മുടെ പൗരാണികസങ്കല്പമനുസരിച്ച് ലോകത്തിലെ ഏറ്റവും ധനികനായ വ്യക്തി വൈശ്രവണനാണ്. ആ വൈശ്രണവനെ തോല്പിച്ച് ലോകകുബേരന്മാരിൽ ഒന്നാം സ്ഥാനം നേടിയയാളാണ് ലങ്കാധിപതിയായ രാവണൻ. രാവണന്റെ ശ്രീലങ്ക ഇന്നു ലോകരാജ്യങ്ങളുടെ മുമ്പിൽ ഭിക്ഷാപാത്രം നീട്ടി യാചിക്കുന്ന അവസ്ഥയിലാണ്. ചൂതാട്ടവും, മദിരയും, മദിരാക്ഷിയും സമർത്ഥമായി ഉപയോഗിക്കുന്ന ടൂറിസം കൊണ്ടു രക്ഷപ്പെടാമെന്നു വിചാരിച്ചിരുന്ന ശ്രീലങ്കൻ ഭരണകൂടത്തിന്റെ ചുവടുപിഴച്ചിരിക്കുന്നു, കണക്കുകൂട്ടലുകൾ പൊളിഞ്ഞിരിക്കുന്നു. ആധുനികയുഗത്തിൽ ലോകത്തിൽ ഒരു രാജ്യവും അഭിമുഖീകരിക്കാത്ത ഒരു ദയനീയ സാമ്പത്തികപ്രതിസന്ധിയിൽ ശ്രീലങ്ക അകപ്പെട്ടുപോയിരിക്കുന്നു. ശ്രീലങ്കയിലെ ഇന്നത്തെ സാമ്പത്തികപ്രതിസന്ധിയുടെ വേരുകളന്വേഷിച്ചുപോയാൽ 1970 കളുടെ മധ്യത്തിൽ ശ്രീലങ്കയിൽ ജയവർദ്ധനെ ഭരണം നടപ്പാക്കിയ നവലിബറൽ നയങ്ങളാണ് ഇതിനു കാരണമെന്നു വ്യക്തമാകും.



അന്താരാഷ്ട്രധനകാര്യസ്ഥാപനങ്ങളുടെ വിദഗ്ദ്ധോപദേശം സ്വീകരിച്ച് ദക്ഷിണേഷ്യയിൽ ആദ്യമായി ആഗോളവത്കരണനയങ്ങൾ നടപ്പാക്കിയ രാജ്യമാണ് ശ്രീലങ്ക. എന്നാൽ, ഇതാണു കാരണമെന്ന് ശ്രീലങ്കൻ ഭരണകൂടം സമ്മതിക്കുന്നുമില്ല. അതിനുപകരം വിദേശരാഷ്ട്രങ്ങളിൽനിന്നും അന്താരാഷ്ട്ര ധനകാര്യസ്ഥാപനങ്ങളിൽനിന്നുമുള്ള ധനസഹായംകൊണ്ടു രക്ഷപ്പെടാമെന്നാണ് ശ്രീലങ്കൻ ഭരണാധികാരികൾ കരുതിയിരുന്നത്. കൊവിഡ് മഹാമാരിയെയും യുക്രൈൻ യുദ്ധത്തെയും ചൂണ്ടിക്കാട്ടി ന്യായീകരണം കണ്ടെത്താനാണ് ഭരണകൂടം ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീലങ്കയിലെ ഹമ്പൻടോട്ടായെന്ന തുറമുഖവും, തുറമുഖനഗരവും സുനാമിയുടെ പ്രഹരത്തിൽ തകർന്നടിഞ്ഞു. അവ പൂർവാധികതേജസ്സോടെ നിർമിച്ചു കൊടുത്തത് ചൈനയാണ്. ഇന്ത്യയുൾപ്പെടെ പല രാജ്യങ്ങളെയും ശ്രീലങ്ക ഇക്കാര്യത്തിൽ സഹായമഭ്യർത്ഥിച്ചുകൊണ്ട് സമീപിച്ചതാണ്. പക്ഷേ, ചൈനയുടെ മഹാമനസ്കതയാണ് ശ്രീലങ്കയെ രക്ഷിച്ചത്. അന്ന് അതിനെതിരേ ശക്തമായ വിമർശനങ്ങളും ഉയർന്നുവന്നിരുന്നു. തന്ത്രപ്രധാനമായ തുറമുഖവും ശ്രീലങ്കയുടെ പരമാധികാരവും ചൈനയ്ക്കു പണയപ്പെടുത്തിയെന്നുള്ള ആരോപണവും ശ്രീലങ്കൻ ഭരണകൂടത്തിനു നേരിടേണ്ടിവന്നു.

▶16


# പ്രാർത്ഥന ഉപവാസം ദാനധർമ്മം





ഫാ. ജോസഫ്
പുത്തൻപുരയ്ക്കൽ
കപ്പൂച്ചിൻ

നോമ്പുകാലത്തിലൂടെ നാം കടന്നു പോവുകയാണല്ലോ. മൂന്നാം നൂറ്റാണ്ടുമുതലുള്ള ചരിത്രരേഖകളിൽ നോമ്പുകാലത്തു ചെയ്യുന്ന മൂന്നു പ്രവൃത്തികൾ നാം കാണുന്നുണ്ട്. പ്രാർത്ഥനയും ഉപവാസവും ദാനധർമവും. ദൈവത്തോടും നമ്മോടുതന്നെയും സഹജീവികളോടുമുള്ള ബന്ധങ്ങളെയാണിവ സൂചിപ്പിക്കുന്നത്. ദൈവവുമായുള്ള ബന്ധമാണ് പ്രാർത്ഥന. ദൈവതിരുമുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നത് പ്രാർത്ഥനയുടെ ശരീരഭാഷയാണ്. ദൈവത്തോട് പരമാവധി അടുക്കാനുള്ള മനുഷ്യന്റെ യത്നമാണു പ്രാർത്ഥനയിൽ പ്രകടമാകുന്നതും. സ്വന്തം വഴികളിലൂടെ നടക്കുന്നവർ എല്ലാം സ്വന്തം കണ്ണുകളിലൂടെ കാണും. ദൈവത്തോടു ചേർന്നിരിക്കുന്നവർ എല്ലാം ദൈവം കാണുന്നതുപോലെ കാണും. ഉണരുന്ന മനസ്സിലെ വിരിയുന്ന കവിതയാണു പ്രാർത്ഥന. ചിതറിക്കിടക്കുന്ന എന്റെ മനസ്സിനെ ഏകാഗ്രതയിൽ കൊണ്ടുവരുന്നതു പ്രാർത്ഥനയാണ്. എന്റെ കൊച്ചുലോകത്തിൽനിന്ന് ദൈവത്തിന്റെ വിശാലമായ ലോകത്തിലേക്കു പ്രാർത്ഥന എന്നെ നയിക്കുന്നു. പരിപാലിച്ച കരങ്ങളെയും നടത്തിയ വഴികളെയുമെല്ലാം ഒന്നുകൂടി ആത്മശോധനയ്ക്കു വിധേയമാക്കാൻ പ്രാർത്ഥന നമ്മെ പ്രാപ്തരാക്കുന്നു. അദൃശ്യമായ വെളിപാടുകൾ പ്രാർത്ഥനയിൽ ലഭിക്കുന്നു. വിളിച്ചു പ്രാർത്ഥിക്കാത്ത മനുഷ്യരുടെ മുമ്പിൽ ദൈവം ഉറങ്ങുന്നവനെപ്പോലിരിക്കും. പ്രാർത്ഥന വഴി ദൈവവുമായി ബന്ധപ്പെടുമ്പോൾ ആന്തരികമായ സമാധാനം കൈവരുന്നു. എല്ലാം അറിയുന്ന ഒരു ഹൃദയത്തിന്റെ സ്പന്ദനം ഞാൻ അനുഭവിക്കാൻ തുടങ്ങും. നോമ്പുകാലത്ത് പരമാവധി ദൈവത്തോടു ചേർന്നിരിക്കാം.



സാത്താനെ അകറ്റിനിറുത്താനുള്ള വഴിയായി ഉപവാസത്തെ ഈശോ കാണിച്ചുതരുന്നു. എന്റെ ജീവിതത്തിൽ ഞാൻ ക്രമീകരിക്കുന്ന ഒരു സംവിധാനമാണ് ഉപവാസം. എന്തെങ്കിലും ഭക്ഷണപദാർത്ഥങ്ങൾ വെടിയുന്നതിലുള്ള പുണ്യമല്ല ഉപവാസം. എന്റെ തീരുമാനത്തിൽ ഞാൻ ഉറച്ചു നിൽക്കുമെന്ന പ്രഖ്യാപനമാണത്. എന്റെ ഇന്ദ്രിയങ്ങളുടെമേൽ എനിക്കു നിയന്ത്രണമുണ്ടെന്ന് ഉപവാസംവഴി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഉപവസിക്കുമ്പോൾ പല കാര്യങ്ങൾ നമ്മിൽ സംഭവിക്കുന്നു. എന്റെ ശരീരത്തിൽ ഞാൻ ചെയ്യുന്ന പാപങ്ങൾക്കുള്ള പരിഹാരമാണ് ഉപവാസം. ഉപവാസത്തിലൂടെ എന്റെ ശരീരത്തെ ഞാൻ നിയന്ത്രണവിധേയമാക്കിത്തീർക്കുന്നു. മറ്റുള്ളവരുടെ മാനസാന്തരത്തിനായി ഞാൻ ഉപവസിക്കണം. ചിലരുടെ സ്വഭാവദൂഷ്യങ്ങൾ മാറാനായി ഉപവാസമെടുത്തു പ്രാർത്ഥിക്കുന്നവരുണ്ട്. അതുവഴി അദ്ഭുതകരമായ കാര്യങ്ങൾ പലതും സംഭവിക്കുന്നു. നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രിസ്തു സഹിച്ചതുപോലെ അപരന്റെ പാപങ്ങളുടെ പരിഹാരത്തിനായി ഞാൻ ഉപവസിക്കുന്നു.

നമ്മുടെ ചുറ്റുപാടുകളിൽ വിശക്കുന്ന മനുഷ്യർ ധാരാളമുണ്ട്. ഞാൻ ഭക്ഷണം വെടിഞ്ഞ് ഉപവസിക്കുമ്പോൾ വിശപ്പനുഭവിക്കുന്നവരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയാണു ചെയ്യുന്നത്. ചിലപ്പോഴൊക്കെ ഭക്ഷണസാധനങ്ങൾ ഞാൻ ദുരുപയോഗിച്ചിട്ടുണ്ട്. അനാവശ്യമായി ഭക്ഷണം കഴിച്ചും ബാക്കിവന്നവ വലിച്ചെറിഞ്ഞും ഞാൻ ഭക്ഷണസാധനങ്ങളെ അവഹേളിച്ചിട്ടുണ്ട്. അതിനുള്ള പരിഹാരംകൂടിയാണ് ഉപവാസം. ഈശോയുടെ മാതൃക ഉൾക്കൊണ്ട് ഞാൻ ഉപവാസമനുഷ്ഠിക്കുമ്പോൾ എന്റെ ജീവിതം ചിട്ടയുള്ളതായിത്തീരുന്നു.

ദാനധർമങ്ങൾ കൊടുക്കുന്നതാണ് നോമ്പുകാലത്തിന്റെ മറ്റൊരു പ്രത്യേകത. മാംസവർജനത്തിലൂടെ ആർജിക്കുന്ന പണം പ്രത്യേകമായി സൂക്ഷിച്ചുവയ്ക്കുന്നു. ഈസ്റ്റർ ആകുമ്പോൾ ആ പണം ജീവകാരുണ്യ പ്രവൃത്തികൾക്കായി ഉപയോഗിക്കുന്നു. സഹജീവികളുമായുള്ള ബന്ധത്തിന്റെ ഒരു പ്രകടനംകൂടിയാണിതും. ഞാൻ കടന്നുപോകും, ദരിദ്രർ നിങ്ങൾക്കൊപ്പമുണ്ടായിരിക്കുമെന്ന കർത്താവിന്റെ വാക്കുകൾ നാം അനുസ്മരിക്കുകയാണ്. മത്താ. 25: 31–46 ൽ അന്ത്യവിധിയിൽ ചോദിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരവും ഇവിടെയുണ്ട്. വിശന്നവനെ തീറ്റിയപ്പോഴും, ദാഹിക്കുന്നവനെ കുടിപ്പിച്ചപ്പോഴും കർത്താവിനു തന്നെയാണു ചെയ്തത്. രോഗിയെ സന്ദർശിക്കുന്നതും നഗ്നനെ ഉടുപ്പിക്കുന്നതും, പരദേശിക്കു പാർപ്പിടം കൊടുക്കുന്നതും കാരാഗൃഹത്തിൽ സന്ദർശനം നടത്തുന്നതുമെല്ലാം സഹോദരസ്നേഹത്തിന്റെ പ്രകടനങ്ങൾ തന്നെ. ലൂക്കാ 10 ൽ സമരിയാക്കാരൻ സത്രം സൂക്ഷിപ്പുകാരനോടു പറഞ്ഞു: "എന്തെങ്കിലും കുറവുണ്ടെങ്കിൽ ഞാൻ തിരിച്ചു വരുമ്പോൾ തന്നുകൊള്ളാം." ഈ ഭൂമിയിൽ പാവങ്ങൾക്കുവേണ്ടി ചെയ്യുന്നതിനെല്ലാം അവന്റെ രണ്ടാം വരവിൽ നമുക്കു പ്രതിഫലം ലഭിക്കും. നോമ്പുകാലത്യാഗത്തിന്റെ ഭാഗമായി സാധുക്കളായ മനുഷ്യരെ സംരക്ഷിക്കാം. പ്രാർത്ഥന, ഉപവാസം, ദാനധർമം എന്നീ മൂന്നു തൂണുകളിൽ നമ്മുടെ നോമ്പുകാലത്തെ ഉറപ്പിക്കാം. ■

## ഈശോ (13)

FROM THE BIBLE



ഫാ. തോമസ്
പാട്ടത്തിൽചിറ CMF

# പരീക്ഷണം



അടുത്തും അകന്നും പ്രലോഭനങ്ങൾ അവനെ വിടാതെ നിന്നിരുന്നു. വരണ്ടുകീറിയ മരുഭൂമിയിലെ വാസകാലത്ത് ഒരുവശത്തു വറുതിയും വല്ലായ്മകളും, മറുവശത്ത് പ്രലോഭകന്റെ കെണികളും കുതന്ത്രങ്ങളുമായിരുന്നു അവനുണ്ടായിരുന്നത്. സാത്താൻ തന്റെ ആധിപത്യത്തിന്റെ അന്തകനായി അവതരിച്ചവനെ ആദ്യംമുതലേ തിരിച്ചറിഞ്ഞിരുന്നു. അവനെ മുളയിലേ നുള്ളിക്കളയാൻ അവന്റെ ഭീരുത്വം അവനെ വല്ലാതെ പ്രേരിപ്പിച്ചുകൊണ്ടുമിരുന്നു. നിരാഹാരവ്രതത്തിന്റെ ശാരീരിക അവശതയിലും, മണൽക്കാടിന്റെ കഠിനതാപത്തിലുമൊക്കെ മനുഷ്യപുത്രനെ മയക്കിയെടുത്ത് തന്റെ കാൽക്കീഴിലാക്കാമെന്ന് ആ ദുരാത്മാവ് കണക്കുകൂട്ടി. എന്നാൽ, താൻ കുടുക്കാൻ നോക്കിയവൻ ദൈവാത്മാവിനാൽ പൂരിതനാണെന്ന സത്യം അവൻ മനസ്സിലാക്കിയില്ല. പ്രലോഭനങ്ങളില്ലാത്ത ജീവിതം അത്ര സാധാരണമല്ല. കുരിശോളം നീണ്ട തന്റെ ജീവിതത്തിൽ പരിശുദ്ധനായവൻപോലും പലതവണ പരീക്ഷിക്കപ്പെട്ടു.

നമ്മുടെ ജീവിതമരുഭൂവിൽ പ്രലോഭനങ്ങളുണ്ടാകുമ്പോൾ അവയെ അനായാസം അതിജീവിച്ചവനെ അനുസ്മരിക്കാം. പരീക്ഷകളെ ജയിച്ച മാത്രയിൽ മാലാഖമാർ അവനെ പരിചരിച്ചതുപോലെ പാപസാഹചര്യങ്ങളെ തരണം ചെയ്യുമ്പോൾ സ്വർഗത്തിന്റെ താങ്ങ് നമുക്കും സംലഭ്യമാകും. നമ്മിലെ പൈശാചിക കെട്ടുകളെയും ദുശ്ശീലങ്ങളെയും ബോധമനസ്സിലേക്കു കൊണ്ടുവരാം. ഒന്നിനെയും നിസ്സാരമായി കാണേണ്ട. ഓരോന്നിനും അതിന്റേതായ നശീകരണശേഷിയുണ്ട്. പിശാച് പലതരത്തിൽ മോഹിപ്പിക്കുന്ന പ്രേരണകളുമായി നമുക്കു ചുറ്റുമുണ്ടെന്നു തിരിച്ചറിയാം. ഒളിഞ്ഞും തെളിഞ്ഞും അവൻ നമ്മെ ആക്രമിക്കും. ഇന്റർനെറ്റുപോലുള്ള അത്യാധുനികവലക്കെണികളാണു പ്രലോഭകൻ ഇന്ന് വേട്ടയ്ക്കായി വിരിച്ചിരിക്കുന്നത്. അവയിൽ കുടുങ്ങി നശിച്ചുപോകാതെ സൂക്ഷിക്കാം. പരീക്ഷണങ്ങൾ ഇല്ലാതിരിക്കാനല്ല, അവയെ അതിജീവിക്കാനുള്ള ആത്മീയോർജം ഉണ്ടാകാനാണ് പ്രാർത്ഥിക്കേണ്ടത്. അതിനുവേണ്ടി പ്രാർത്ഥന, പശ്ചാത്താപം, പരിഹാരം എന്നീ മൂന്നു കൂടാരങ്ങളിൽ ഈ ജീവിതം ചെലവഴിക്കാം. പാപാവസ്ഥ നമ്മുടെ ആത്മാവിന്റെ ആതുരാവസ്ഥയെയാണു സൂചിപ്പിക്കുന്നത്. അതിനുള്ള മറുമരുന്ന് സ്വന്തമാക്കാൻ സമയാസമയങ്ങളിൽ സാധിക്കണം. വചനംകൊണ്ടാണ് അവൻ പ്രലോഭനങ്ങളുടെ വാൾമുനയൊടിച്ചത്. ജീവിതകൽഭരണിയിൽ വചനതീർത്ഥം വക്കോളം നിറച്ചുവയ്ക്കാം. അതിനുള്ളിൽ അദ്ഭുതം സംഭവിക്കും. വചനം നമ്മുടെ വഴിയും വാതിലുമായിരിക്കട്ടെ. ഒപ്പം, നാമായിട്ട് ആർക്കും പാപപ്രേരണകൾക്കു കാരണമാകാതെ സൂക്ഷിക്കാം. പരീക്ഷകരല്ല, പരിരക്ഷകരാകാം. പ്രലോഭനമല്ല, പ്രചോദനമാണ് ക്രിസ്ത്യാനികളായ നമുക്കു ഭൂഷണമാകേണ്ടത്.



# മനസ്സുടിച്ചുവാരണം; മനുഷ്യരാകണം!

**ടോം ജോസ് തഴുവംകുന്ന്**

'സ്നേഹമുള്ളിടത്തു ജീവനുണ്ട്. പകയുള്ളിടത്തു നാശവും' എന്നാണ് മഹാത്മജി ലോകത്തോടു സംവദിച്ചത്. എതിരാളികളെ തികഞ്ഞ 'ശരികൾ' കൊണ്ടു നേരിട്ടു വിജയം സ്വന്തമാക്കിയ മഹാത്മാവിന്റെ നാട്ടിൽ മരണം വിതയ്ക്കുന്നവരുടെ കഥകളാണിന്നു കേൾക്കുന്നത്. മനുഷ്യത്വമില്ലാത്തവരുടെയിടയിലേക്കു ജനിതകമാറ്റം വരാവുന്ന മഹാമാരികൾ ഇനിയും വരുമോ? ഈയടുത്തനാളുകളിൽ നാമെല്ലാം ജീവൻ നിലനിർത്താൻ ദൈവത്തോടു കേണപേക്ഷിക്കുകയായിരുന്നു. എല്ലാം തരാം ജീവൻ തിരിച്ചുതന്നാൽ മതിയെന്നു ദൈവത്തോടു കേണപേക്ഷിച്ച നാം മറ്റുള്ളവരുടെ ജീവനുമേൽ ആയുധവുമായി നടക്കുന്നതു ദൈവം പൊറുക്കുമോ? സ്വത്തുതർക്കവും സ്വാർത്ഥമോഹങ്ങളുടെ സാധിച്ചെടുക്കലും വെറിപൂണ്ട കാമദാഹങ്ങളും കൈക്കൂലിയും അഴിമതിയും സ്ത്രീകളോടുള്ള അതിക്രമവും തുടങ്ങി മനുഷ്യർ മൃഗമാകുന്നതിന്റെ ഞെട്ടിക്കുന്ന വാർത്തകളാണ് ശീർഷകങ്ങൾ സ്വന്തമാക്കുന്നത്. നന്മ ചെയ്യാമെന്നിരിക്കേ തിന്മയുടെ പ്രയോക്താക്കളായി നാം മാറുന്നതിലെ കാലികമായ വിചാരം വീണ്ടുവിചാരമായി മാറണം. നാം അപകടത്തിന്റെ നൂൽപ്പാലത്തിലൂടെയാണു സഞ്ചരിക്കുന്നതെന്നു തിരിച്ചറിഞ്ഞു സമസ്തമേഖലയിലും വിവേകം വീണ്ടെടുക്കണം.

തങ്ങളേർപ്പെടുന്ന പാഠ്യപാഠേതരമേഖലകളിൽ 'എക്സലൻസ്' പ്രകടിപ്പിക്കുന്നവരെയല്ല, ബുദ്ധിയുടെ വിവേകക്കുറവിനെയും വൈകാരികവികൃതികളെയും ശരീരത്തിന്റെ ചാപല്യങ്ങളെയും നീക്കിനിർത്തി മനുഷ്യരായി ജീവിക്കാനും മറ്റുള്ളവരെ മനുഷ്യരായിക്കണ്ടു വർത്തിക്കാനും തക്ക വിശാലമനസ്സുള്ളവരെയാണു വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തി കാണേണ്ടത്. ആരെയും പ്രകോപിപ്പിക്കാത്ത സംഭാഷണവും സംസാരശൈലിയും സൗഹൃദവീക്ഷണവും സ്വന്തമാക്കുമ്പോഴാണ് വിദ്യാഭ്യാസത്തിന് അർത്ഥം നേടാനാകുന്നത്.

ഒന്നുപറഞ്ഞ് രണ്ടാം വാക്കിന് ആയുധമെടുക്കുന്ന നമ്മുടെയൊക്കെ 'ചേട്ടന്മാരല്ലേ' യുദ്ധം ചെയ്യുന്ന രാജ്യവും നേതാക്കളുമെന്നു ചിന്തിക്കുന്നതു നല്ലതാണ്. നമ്മുടെ യുദ്ധം മാനസികയുദ്ധമോ നാട്ടുരാജ്യയുദ്ധമോ കുടുംബയുദ്ധമോ ഒക്കെയാകാമെന്നു മാത്രം; യുദ്ധം പൊട്ടിപ്പുറപ്പെടുംമുമ്പ് ജാഗ്രതയുള്ളവരാകാം.

നമ്മുടെ കാഴ്ചകളും വാർത്തകളും കഥകളും ദൃശ്യാവിഷ്കാരങ്ങളുമൊക്കെ അടിച്ചമർത്തലിന്റെയോ ഒറ്റുകൊടുക്കലിന്റെയോ അവിഹിതബന്ധങ്ങളുടെയോ ചതിയുടെയോ വഞ്ചനയുടെയോ മദ്യപാനാസക്തിയുടെയോ ലഹരിയോടുള്ള പ്രതിപത്തിയുടെയോ ഒക്കെയായി മാറിയിരിക്കുന്നു. പ്രതിഭകളും പ്രതിഭാസങ്ങളും വിശ്വാസസംഹിതകളും



നീതിശാസ്ത്രവും ധർമശാസ്ത്രവും സന്മാർഗാടിത്തറയും വീണുടഞ്ഞിരിക്കുന്നു. ശാസ്ത്രമെത്ര വളർന്നാലും 'സന്മാർഗശാസ്ത്രം' തകർന്നാൽ എല്ലാം ഫലശൂന്യമാകും. എല്ലാം കൈപ്പിടിയിലൊതുക്കാനുള്ള വ്യഗ്രതയും അതിമോഹവും വേണ്ടെന്ന് ഒരു വൈറസ് നമ്മെ ഓർമപ്പെടുത്തുകയും ഞെട്ടിക്കുകയും ചെയ്തിട്ടും നമ്മുടെ മനസിന്നും കാരിരുമ്പിന്റെ കൂട്ടിൽത്തന്നെ വിശ്രമിക്കുന്നു; ഞാൻ മാത്രമുള്ള ലോകം വീണ്ടും 'പച്ചപിടിക്കുന്നു.' അരുതാക്കാഴ്ചകളും കേൾവികളും സാധാരണമാകുന്നു.

നമ്മുടെ മനസ്സൊന്ന് 'അടിച്ചുവാരി' വൃത്തിയാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മറ്റുള്ളവർക്കാർക്കും ഇടമില്ലാത്തവിധം 'ആക്രി'കൾ നമ്മുടെ മനസിന്റെ നല്ലയിടങ്ങൾ സ്വന്തമാക്കിയിരിക്കുന്നു. ആകർഷണീയഭാവങ്ങൾ, ആദരണീയചിന്തകൾ ഒക്കെ മാറ്റി ആരെയും ഭീതിയിലാഴ്ത്താൻ പോന്ന ചതിയുടെ 'ചുഴി'കൾ നമ്മുടെ മനസ്സിന്റെ നീരൊഴുക്കിൽ ഭീതി പരത്തുന്നു. ആരും കെണിയിലാകാം, ജീവൻ നഷ്ടമാകാം, വിലപ്പെട്ടതെല്ലാം കൈമോശം വരാം... ആരെയും നമുക്കു വിശ്വസിക്കാനാകുന്നില്ലത്രേ!! കെണിയൊരുക്കി കാത്തിരിക്കുന്ന 'വേട്ടക്കാരായി' ഒരുവേള നാം മാറുന്നു; കെണിയിലകപ്പെടുന്നതിന് ഒരു തരത്തിലുള്ള വ്യത്യാസങ്ങളുമില്ലാതെയുമാകുന്നു. ആര് ആർക്കാണ് 'കെണി' യെന്നു തിരിച്ചറിയാതെയുമിരിക്കുന്നു. തുറവില്ലാത്തവരുടെ നിര നീളുകയാണ്; എന്തു ചെയ്യും... ചെയ്യാനാകും... ചിന്തിച്ചേ തീരൂ!! ദുരന്തമുഖത്തും യുദ്ധമുഖത്തുമാണ് ഇന്നത്തെ മനുഷ്യൻ വ്യാപരിക്കുന്നത്.

ആത്മീയമനുഷ്യർക്ക് ബലവും ഗുണവും കുറയുന്നുണ്ടോ? അതോ നാം ആത്മീയതയുടെ 'ഗുണം' തള്ളിപ്പറഞ്ഞ് എല്ലാം നേട്ടത്തിന്റെ പത്തായത്തിലേക്കു ചേർത്തുപിടിക്കുകയാണോ? എവിടെയാണു തെറ്റുന്നതെന്നു തിരിച്ചറിഞ്ഞേ തീരൂ!!

ധീരന്മാർക്കും പണ്ഡിതന്മാർക്കും ക്ഷാമമില്ല. എന്നാൽ, മാന്യന്മാർ വിരളമാകുന്ന കാഴ്ചയാണെങ്ങും. കാരണം, മാന്യനെന്നാൽ വിശാലഹൃദയനും തുറന്ന മനസ്സാക്ഷിയുള്ളവനും വാക്കുകളിൽ വിശ്വസ്തനും പെരുമാറ്റത്തിൽ മാനുഷികത നിറഞ്ഞവനുമായിരിക്കണമെന്നാണു വയ്പ്! ബാല്യംമുതൽ മക്കളെ നല്ലവരാകാൻ പഠിപ്പിക്കുന്നതിൽ ശ്രദ്ധ പുലർത്തണം. മത്സരം വിജയിക്കാൻ മാത്രമല്ല, വിജയം സമ്മാനിക്കാൻകൂടിയാണെന്ന് മക്കൾ പഠിക്കണം. കൈയടിച്ചു പ്രോത്സാഹിപ്പിക്കുന്നവരും, വേദിയിൽ ഉപവിഷ്ടരാകാൻ മാത്രമല്ല സദസ്സിൽ മനം നിറഞ്ഞ് സന്തോഷം പങ്കിടാനും മറ്റുള്ളവരെ അംഗീകരിക്കാനും പ്രോത്സാഹിപ്പിക്കാനും കഴിയുന്നവർകൂടിയാകണം.

കുട്ടികളുടെ ബാല്യത്തെ കൈകാര്യം ചെയ്യുന്നതിൽ ആധുനികസമൂഹത്തിനു പിഴവു പറ്റുന്നുണ്ടോ? അവരുടെ ബാല്യം ബാല്യമില്ലാതെ പോകുന്നുണ്ടോ? 'അവൻ നന്നായി പഠിക്കും... പക്ഷേ, ഒന്നും പറഞ്ഞാൽ കേൾക്കില്ല' എന്നു പറയുന്ന രക്ഷിതാക്കളുണ്ട്. ശിക്ഷണം ബാലമനസ്സിനു നൊമ്പരമുളവാക്കുമെന്നതു ശരിയല്ല; മറിച്ച്, യഥാർത്ഥ നൊമ്പരത്തെയും പ്രതിസന്ധികളെയും പരാജയങ്ങളെയും നേരിടാൻ കരുത്താകുന്നതാണ്. ദുശ്ശാഠ്യവും ദുർവാശിയും തന്നിഷ്ടവും നല്ലതല്ല. തിരുത്തേണ്ടതും മാറേണ്ടതും യഥാകാലം തിരിച്ചറിയേണ്ടതും ഭാവിയുടെ നല്ല നടപ്പിന് അനിവാര്യവുമാണ്.

അടിച്ചമർത്തപ്പെടുന്ന ഓരോ ജീവിതാവസ്ഥയ്ക്കും പ്രതികരണമെന്നോണം 'പൊട്ടിത്തെറികൾ' ഉണ്ടായേക്കാം. ഒപ്പം, ഓരോരുത്തർക്കും ലഭിക്കുന്ന ജീവിതവീക്ഷണം ശുഭോദർക്കമാകണമെന്നതു നിർബന്ധമാണ്. വിജയപരാജയങ്ങളെക്കുറിച്ചുള്ള ബോധനം ഇല്ലാതെപോകുന്നത് ആധുനികതയുടെ പരാജയമാണ്. സമൂഹം നന്നാകണമെന്നും ചുറ്റുമുള്ളവർ നല്ലവരാകണമെന്നും ഏവർക്കും ആഗ്രഹമുണ്ട്. അതിന് ആദ്യം ഉണ്ടാകേണ്ടത് നമ്മുടെതന്നെ നന്മയിലേക്കുള്ള ഉറച്ച മാറ്റമാണ്. നേട്ടമോ കോട്ടമോ എന്നതിനെക്കാൾ മനസ്സാക്ഷിയുടെ സ്വരം ശ്രവിക്കുന്നതിനു തുറവും ആഗ്രഹവും ഉറച്ച തീരുമാനവും ഉണ്ടാകണം!

സമൂഹത്തിന്റെ സുസ്ഥിതിക്കു കുടുംബബന്ധങ്ങളുടെ കെട്ടുറപ്പിലാണ് അടിസ്ഥാനമിടുന്നത്. ബന്ധങ്ങളെ അമൂല്യമായി കരുതണം; ചുറ്റുമുള്ളവരിലേക്കെല്ലാം ഒരു കരുണയുടെ കണ്ണും കാതും ഹൃത്തും തുറക്കണം. സദാ ദയാലുവാകുന്ന മൃദുലഹൃദയം കഠിനമാക്കരുതേ! എപ്പോഴും കൈയിലെ 'ആയുധം' സ്നേഹത്തിന്റെ മൃദുഭാഷയും സമചിത്തതയും ആയിരിക്കണം!! പ്രകാശമുള്ളപ്പോഴുള്ള ചിന്തയും വികാരവും മതി; ചിന്തകളെ 'രാത്രി'യാകുവോളം കൊണ്ടുപോകരുത്; സാത്താൻ ഇരുളിന്റെ മറവിൽ കയറിക്കൂടും; ഇതൊക്കെയാകാം ഇന്നത്തെ ദുർഭൂതാവേശബന്ധിയായ മനുഷ്യന്റെ പരാക്രമത്തിനു കാരണം. പണത്തെയും ഭൗതികതയെയും ലൈംഗികതയെയും ചുറ്റിപ്പറ്റിയുള്ള സാത്താന്റെ പരാക്രമത്തിൽ ദൈവികച്ഛായയെ നമ്മിൽനിന്ന് ഉന്മൂലനം ചെയ്യുന്നതു പ്രാർത്ഥനയിൽ തിരിച്ചറിഞ്ഞ്; കൂടുതൽ ദൈവാഭിമുഖ്യ ജീവിതം വീണ്ടെടുക്കുക; മനുഷ്യരാകാൻ ശ്രമിക്കുക!!

■

## ആഴ്ചമൊഴി



നമ്മൾ നമ്മുടെ സ്വന്തം വേരുകളിലേക്കു മടങ്ങിപ്പോകണം. ഇന്ത്യൻ സ്വത്വത്തിൽ കുട്ടികളെ പഠിപ്പിച്ചു വലുതാക്കണം. കഴിയുന്നത്ര ഇന്ത്യൻ ഭാഷകൾ പഠിക്കണം. മാതൃഭാഷയെ സ്നേഹിക്കണം. നിർബന്ധമായും സംസ്കൃതവും പഠിക്കണം. അറിവിന്റെ അക്ഷയഖനിയാണത്.

**എം. വെങ്കയ്യ നായിഡു**



അക്രമംകൊണ്ടും കൈയൂക്കുകൊണ്ടും വിജയം വരിക്കുന്ന വിഷയം ഞാൻ സ്വീകരിക്കാറില്ല. സ്നേഹവും കരുണയും ക്ഷമിക്കുന്ന മനസ്സും പശ്ചാത്താപവുമാണ് എന്റെ മൂല്യങ്ങൾ. നാടകം കാണുന്നവരിൽ നന്മ നിറയണം. ആ ലക്ഷ്യത്തിലേക്ക് എത്തുന്നതാവണം കഥയും കഥാപാത്രങ്ങളും.

**സി.എൽ. ജോസ്**



കച്ചവടസിനിമയുടെ വഴിയിൽ ഒരിക്കലും ഞാനുണ്ടാകില്ല. 'മേൽവിലാസം' എന്ന എന്റെ നാടകം സിനിമയായിട്ടുണ്ട്. 'ദീർഘചതുര'വും 'തുടർച്ച'യും വൈകാതെ സിനിമയാകും. രചന എന്റേതാണെങ്കിലും ഷൂട്ടിങ് സെറ്റുകളിൽപ്പോലും ഞാൻ പോകാറില്ല. കച്ചവടം ചെയ്യുന്ന ആ മേഖലയുമായി എനിക്കു യോജിക്കാനാവില്ല.

**സൂര്യ കൃഷ്ണമൂർത്തി**

ബാലനോവൽ 2 രാമപുരം മണി

# ധനുമാസത്തിലെ പൗർണമി



മന്ദരരാജ്യത്തിലെ രാജകൊട്ടാരം.

പ്രഭാതം. വെയിൽച്ചീളുകൾ വീണ് രാജകൊട്ടാരത്തിലെ പുറംചുമരുകൾ തിളങ്ങി. രാജസേവകർ കുന്തവും കൈയിലേന്തി അങ്ങോട്ടുമിങ്ങോട്ടും നടന്നു. ഒരു ഇളംകാറ്റു വീശുന്നുണ്ട്. കാറ്റിനു പുഷ്പങ്ങളുടെ മണം. രാവിലെതന്നെ കൊട്ടാരമുറ്റത്ത് ഒരു പല്ലക്ക് ജോലിക്കാർ കൊണ്ടുവന്നു വച്ചു. വർണ്ണക്കടലാസു കൊണ്ടും പട്ടുതുണികൾക്കൊണ്ടും അലങ്കരിച്ച സുന്ദരമായൊരു പല്ലക്ക്. വലിയ ഒരാൾക്കു സുഖമായി അതിലിരിക്കാം. ഒരു പട്ടുതുണികൊണ്ട് തേരിന്റെ പ്രവേശന കവാടം മൂടിയിരിക്കുന്നു.

"സമയമായി." ഒരു സേവകൻ വന്നറിയിച്ചു.

അതാ, സർവാഭരണവിഭൂഷിതയായി സുഗന്ധിരാജകുമാരി എഴുന്നള്ളുന്നു. കൂടെ തോഴിമാർ ചെമ്പകവും ചാരുലതയുമുണ്ട്. ബാക്കി മൂന്നു തോഴിമാർ തേരിന്റെ ചുറ്റും വന്നു നിന്നു. ജമന്തി, പിച്ചകം, ചെമ്പരത്തി. ഈ പൂവിന്റെ പേരുകൾ രാജകുമാരിയുടെ പല്ലക്കിന്റെ ചുറ്റും നിൽക്കുന്ന തോഴികളുടെ പേരുകളാണ്. രാജകുമാരിയുടെ വിശ്വസ്തരും അംഗരക്ഷകരുമായ തോഴികൾ. സുഗന്ധി രാജകുമാരി പല്ലക്കിനുള്ളിൽ കയറിയിരുന്നു. കൂടെ രണ്ടു തോഴിമാർ, ചെമ്പകവും ചാരുലതയും കയറി. പല്ലക്കുചുമക്കാൻ നാലുപേർ വന്നുനിന്നു. മെയ്വർണ്ണൻ, കൈക്കരുത്തൻ. സിംഹഗർജൻ, സൗമ്യശീലൻ. രാജാവും രാജ്ഞിയും എഴുന്നള്ളേണ്ട താമസം പല്ലക്ക് ഉയരും. അതാ, സത്യധർമമഹാരാജാവും സീമന്തിനിരാജ്ഞിയും എഴുന്നള്ളുന്നു.



"തേരു പൊങ്ങട്ടെ." രാജാവു കല്പിച്ചു.

സേവകർ നാലുപേരുംകൂടി പല്ലക്ക് ഉയർത്തി.

"ഐലസാ..."

"ഐലസാ..."

"സൂര്യനസ്തമിക്കുന്നതിനുമുമ്പ് കൊട്ടാരത്തിൽ തിരിച്ചെത്തണം."

"ശരി തിരുമനസ്സേ."

"ഉം, പൊയ്ക്കൊള്ളൂ."

പല്ലക്കും സേവകരും തോഴിമാരും മുന്നോട്ടു നടന്നു. കുറെ ദൂരം പിന്നിട്ടപ്പോൾ പുഷ്പവനം കാണാറായി.

"മന്ദരരാജ്യത്തിലെ സത്യധർമൻ തിരുമനസ്സിന്റെയും സീമന്തിനിരാജ്ഞിയുടെയും ഏകമകൾ സുഗന്ധിരാജകുമാരി പുഷ്പവനത്തിലേക്കു നായാട്ടിനിറങ്ങിയിരിക്കുന്നു. വഴി തടസ്സപ്പെടുത്താതെ എല്ലാവരും മാറി നിൽക്കുക... ഇതു രാജകല്പനയാണ്. കല്പന ലംഘിക്കുന്നവർക്കു തക്കതായ ശിക്ഷകിട്ടും.... ഡും... ഡും... ഡും..."

ഒരു സേവകൻ പെരുമ്പറ കൊട്ടി അറിയിച്ചു.

"ഓഹോയ്..."

"ഓഹോയ്... പല്ലക്കു ചുമക്കുന്നവർ താളാത്മകമായി ഉരുവിടുന്ന ശബ്ദമാണത്.

പല്ലക്കു കാടിന്റെ കവാടത്തിലേക്കു പ്രവേശിച്ചു.

"ഈ മൈതാനംപോലെ കാണുന്ന സ്ഥലത്ത് നമുക്കു പല്ലക്കു നിർത്താം. എന്നിട്ടല്പം വിശ്രമിച്ചിട്ടാകാം പിന്നത്തെ യാത്ര. എന്താ..." മെയ്വർണനാണതു പറഞ്ഞത്. രാജകുമാരിയും തോഴിമാരും സമ്മതിച്ചു.

"ഞങ്ങൾക്കു സമ്മതം സേവകരേ."

"ഓ... എങ്കിൽപ്പിന്നൊന്നും ചിന്തിക്കാനില്ല. പല്ലക്കു താഴ്ത്തൂ... ഹൊ വിയർത്തു വിഷമിച്ചു. മൂന്നുപേരെയാ നമ്മൾ ചുമന്നിരുന്നത്." മെയ്വർണൻ പറഞ്ഞു. അതുകേട്ടു ചെമ്പകവും ചാരുലതയും ചിരിച്ചു.

സുഗന്ധി രാജകുമാരിയും ചിരിച്ചുപോയി.

കാറ്റു താളമടിച്ചു. വൻവൃക്ഷങ്ങളിലെ ഇലകൾ ഇളകിത്തുള്ളി.

****

നല്ല മനുഷ്യമണം. രാക്ഷസപ്രവീണൻ മൂക്കുവിടർത്തി ആസ്വദിച്ചു. കാട്ടിലൂടെ ഉലാത്തുകയായിരുന്നു ഭീകരരാക്ഷസൻ പ്രവീണൻ. ആ നടത്തയ്ക്കിടയിൽ വല്ല മുയലോ കലമാനോ കണ്ണിൽപ്പെട്ടാൽ പിടിച്ചു തിന്നാം. പക്ഷേ, ഈ മണം... ഹായ് അല്പം മനുഷ്യമാംസം ഭക്ഷിച്ചിട്ടെത്ര കാലമായി! പ്രവീണൻ ദുഃഖിച്ചു. തന്റെ കൂട്ടുകാർക്കും കുടുംബക്കാർക്കുമൊന്നും മനുഷ്യമാംസത്തിനു വലിയ താത്പര്യമില്ലതാനും. പക്ഷേ, ആ മണം. മനുഷ്യമണം... അതു തന്നെ ഹരം പിടിപ്പിക്കുന്നു. ആരായിരിക്കും ഈ വഴി വരുന്നത്?"

അയാൾ കാട്ടുവഴിയിൽ കാത്തുനിന്നു.

അതാ, മൂന്നാലുപേരുകൂടി ഒരു പല്ലക്കു ചുമന്നുകൊണ്ടു വരുന്നു.

"വഴി മാറെടാ." സിംഹഗർജൻ ഒച്ചവച്ചു:

"ഞമ്മളെ എടാ പോടാന്നൊന്നും വിളിക്കല്ലേ മല്ലന്മാരേ." രാക്ഷസപ്രവീണൻ തന്റെ ബീഭത്സരൂപം കാട്ടി അവരെ ഭയപ്പെടുത്തി.

"ഇതെന്തൊരു ഭീകരരൂപം... തീർച്ചയായും ഇവൻ മനുഷ്യനല്ല കൂട്ടരേ..." സിംഹഗർജൻ പറഞ്ഞു.

"പിന്നെ...?"

"നിങ്ങൾ നോക്കൂ. നിങ്ങൾക്കും മുഖത്തു കണ്ണില്ലേ. സിംഹഗർജൻ ചോദിച്ചു. മെയ്വർണനും കൈക്കരുത്തനും സൗമ്യശീലനും വഴിതടഞ്ഞു നിൽക്കുന്ന രൂപത്തെ നോക്കി. അവർ ഞെട്ടിപ്പോയി.

"ഒരു ഭീകരരാക്ഷസൻ..." സുഗന്ധി രാജകുമാരിയുടെ ഒരു തോഴി അലറിവിളിച്ചു.

(തുടരും)

---

കവിത

ഫാ. തോമസ് പി.

## ഇന്നത്തെ ഇളയവൻ

തിരിയെൻ ചെരാതിൽ പുകഞ്ഞു തീർന്നെങ്കിലും,
തിരികെവരാനെനിക്കാശയില്ലൊട്ടുമേ.
തിരുസ്സന്നിധി വെടിഞ്ഞിവിടെയീ തവിടിന്റെ-
തരിതിന്നു കഴിയുവാനാണെനിക്കാഗ്രഹം.

തുരുമ്പു തിന്നീടുമെൻ ജീവിതപാത്രവും,
തുരുതുരെ കീറിടും സ്വപ്നത്തുരുത്തിയും,
തരുതരേ തകരുന്ന മനവുമായ് കരിയുമീ-
തരുതടത്തിലേകനായിന്നിരിക്കയായ്.

തരവഴി കാട്ടിയെൻ കൂട്ടരോടൊത്തു ഞാൻ,
തെരുവഴിയേ നടന്നാഭാസനായ് മുദാ.
തരികിടയായ് കഴിഞ്ഞപരാധചെയ്തിതൻ-
തരിപ്പുബാധിച്ച മെയ്മാനസങ്ങളുമായ്.

തരുണികളൊത്തു സുഖഭോഗസാഗരേ,
തരണിയിലേറിത്തുഴഞ്ഞു നടന്നു ഞാൻ.
താരനിശകളിൽ നൃത്തഗാനങ്ങൾതൻ-
തീരാലഹരിയിലാമഗ്നനായഹോ.

ത്വരിതമെൻ പാദങ്ങൾ സഞ്ചരിച്ചൂ കാമ-
ത്വരപൂണ്ടുനാശമാം കുഴിയിലേക്കു സദാ.
തിരിയുകയായിരുന്നൂ ലോകപാണിയിൽ
തിരികപോലിന്നോളമീ പാപിയായ ഞാൻ.

തരിശായിത്തീർന്നയെന്നാത്മനിലമിതിൽ
തരിപോലുമില്ലിടം വളമല്പമുള്ളതായ്.
തിരശ്ശീലവീണയെൻ ജീവിതകഥയിതിൽ
തോരാതെ പെയ്കയായ് ദുഃഖമേഘങ്ങളും.

താരണിമുല്ലകൾ സ്നേഹസുഗന്ധമായ്
തോരണം ചാർത്തുമെൻ ഗേഹത്തിലെൻ താത-
താരടികൾ പൂകിമാപ്പിരന്നീടുവാൻ
തീരേയെനിക്കില്ലയുൾക്കരുത്തിപ്പൊഴും.

തരളഹൃദയനായ്, ചിന്താവിവശനായ്
തിരിവിലായിളയവൻ തറയിലിരിക്കവേ,
തിരയും മിഴികളുമായ് വരും താതന്റെ-
തേരൊലി കേട്ടു തെല്ലകലെയാ പാതയിൽ.

---

കാർഷികം

## സൗന്ദര്യമേകാൻ കസ്തൂരിമഞ്ഞൾ

കസ്തൂരിമഞ്ഞൾ ഔഷധഗുണങ്ങളുടെ കലവറയാണ്. ഒറ്റ നോട്ടത്തിൽ മഞ്ഞൾപോലെ തോന്നിക്കുന്ന ഇവ 'കുർക്കുമ ആരോമാറ്റിക്ക' എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്നു. ഹെർബൽ സൗന്ദര്യവർദ്ധക വസ്തുക്കളിൽ ഒരു പ്രധാനഘടകമാണ് കസ്തൂരിമഞ്ഞൾ.



അമിതമായ വിയർപ്പ്, ശരീരദുർഗന്ധം എന്നീ പ്രശ്നങ്ങളുള്ളവർ കസ്തൂരിമഞ്ഞൾപ്പൊടി തനിച്ചോ അതിൽ ചെറുപയറുപൊടി ചേർത്തോ തേച്ചു കുളിച്ചാൽ നല്ല ഫലം കിട്ടും. മുഖക്കുരു മാറാനും മുഖശോഭ വർദ്ധിക്കാനും കസ്തൂരിമഞ്ഞൾ തനിച്ചും അതിൽ തേൻ, ചെറുനാരങ്ങാനീര്, രക്തചന്ദനം എന്നിവ ചേർത്തും പഴയ കാലംമുതലേ ഉപയോഗിച്ചു വരുന്നു.

കസ്തൂരിമഞ്ഞളും തുളസിയിലയും ചതച്ചിട്ടു തണുത്ത വെള്ളത്തിൽ ദിവസം രണ്ടുനേരം കുളിക്കുന്നത് ത്വഗ്രോഗങ്ങൾ മാറാൻ ഉത്തമം. കസ്തൂരിമഞ്ഞൾ തുളസിയിലനീരിൽ ചേർത്ത് വിഷത്തിനു പ്രതിവിധിയായും ഉപയോഗിക്കുന്നു.

കാൽ വിണ്ടുകീറൽ, കുഴിനഖം എന്നിവയ്ക്കും ഇവ നന്ന്. പച്ചയ്ക്കും ഉണക്കിപ്പൊടിച്ചെടുത്തും ഇവ ഉപയോഗിച്ചുവരുന്നു. ത്വഗ്രോഗങ്ങൾക്കും മറ്റും പരമാവധി സോപ്പിന്റെ ഉപയോഗം കുറച്ച് കസ്തൂരിമഞ്ഞളിനൊപ്പം ചെറുപയർപൊടി ഉപയോഗിക്കുന്നതാണ് ഉചിതം. ഔഷധങ്ങളുടെയും സൗന്ദര്യവസ്തുക്കളുടെയും നിർമാണത്തിനും കസ്തൂരിമഞ്ഞൾ ഉപയോഗിക്കുന്നു.

കണ്ടംവെട്ടി ഇഞ്ചിക്കൃഷി ചെയ്യുന്നതുപോലെ ഇവ വളർത്തിയെടുക്കാം. നടുന്ന അവസരത്തിൽ കമ്പോസ്റ്റ്, ചാണകപ്പൊടി എന്നിവ അടിവളമായി ചേർക്കണം. കളയെടുപ്പ്, വളപ്രയോഗം, നനച്ചുകൊടുക്കൽ എന്നിവയാണ് പിന്നീടുള്ള പണികൾ. ചുവട്ടിൽ ചവറിട്ടു പുതയിടുന്നതും നന്ന്. സാധാരണ മഞ്ഞളിന്റേതുപോലെതന്നെയാണ് ഇവയുടെ വിളവെടുപ്പും. ഇലകൾ ഉണങ്ങി നിലത്തു വീഴുന്ന അവസരത്തിൽ ഇവ പറിച്ചെടുക്കാം. സ്ഥലസൗകര്യം കുറഞ്ഞവർക്ക് ചാക്കിൽ മണ്ണും ചാണകപ്പൊടിയും നിറച്ചും ഇവ നട്ടു വളർത്താം.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ

അയൽക്കാരനുമായുള്ള തർക്കം പരസ്പരം പറഞ്ഞുതീർക്കുക. മറ്റൊരുവന്റെ രഹസ്യം വെളിപ്പെടുത്തരുത്.
സുഭാഷിതങ്ങൾ 25:9

**എഡിറ്റോറിയൽ**

# വച്ചുപൊറുപ്പിക്കാനാവില്ല ഇത്തരം സമരകോലാഹലങ്ങൾ

കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരേ സംയുക്ത ട്രേഡ് യൂണിയൻ ആഹ്വാനം ചെയ്ത ദേശീയപണിമുടക്ക് രണ്ടുദിവസം ജനങ്ങളെ അക്ഷരാർത്ഥത്തിൽ ബന്ദിയാക്കി. പണിമുടക്ക് ചരിത്രവിജയം, പണിമുടക്ക് രണ്ടാം ദിനവും പൂർണം തുടങ്ങിയ തലക്കെട്ടുകളോടെ സംയുക്ത തൊഴിലാളിയൂണിയൻ സമിതി പത്രമാധ്യമങ്ങളിൽ വാർത്തകൾ കൊടുത്ത് ആഹ്ലാദിച്ചപ്പോഴും, സമരക്കാരുടെ അക്രമങ്ങളും അഴിഞ്ഞാട്ടങ്ങളും വരുത്തിവച്ച വിനകൾക്ക് ഉത്തരവാദികളാകാൻ സമരനേതാക്കൾക്കു കഴിയുമോ എന്ന കേരളസമൂഹത്തിന്റെ ഗൗരവമായ ചോദ്യത്തിനു എന്തു മറുപടിയാണു പറയാനുള്ളത്? സമരത്തിന്റെ മറവിൽ എന്തക്രമവും അഴിച്ചുവിടാൻ കൂട്ടാക്കാത്ത ഒരു തരം ഭീകരാന്തരീക്ഷത്തിൽ മനുഷ്യജീവന്റെ മഹത്ത്വം ഉയർത്തിപ്പിടിക്കുന്ന ഏതൊരു പൗരനും സ്വയം സംരക്ഷണമേർപ്പെടുത്താൻ നിർബന്ധിതരാവുന്നതു സ്വാഭാവികം. അതുകൊണ്ടാണ് പണിമുടക്കുദിനങ്ങളിൽ മനുഷ്യൻ റിസ്കെടുക്കാൻ തയ്യാറാകാതെ സ്വന്തം വീടുകളിൽ ജീവനും സ്വത്തിനും സുരക്ഷയൊരുക്കിക്കഴിയുന്നത്. അതു സമരത്തെ അനുകൂലിച്ചിട്ടോ ഭയപ്പെട്ടിട്ടോ ആണെന്നു സമരാനുകൂലികൾ തെറ്റിദ്ധരിക്കരുത്. പൊതുജനമധ്യത്തിൽ അപമാനിതരാകാനോ മുറിവേല്ക്കാനോ മാനാഭിമാനമുള്ള ആർക്കുമാവില്ലല്ലോ.

സമരം ആഹ്വാനം ചെയ്യാനും അതിൽ പങ്കെടുക്കാനും സമരാനുകൂലികൾക്ക് അവകാശമുള്ളതുപോലെതന്നെ സമരത്തിൽ പങ്കെടുക്കാതിരിക്കാനും ഓരോ പൗരനും സ്വാതന്ത്ര്യവും അവകാശവുമുണ്ട്. പണിമുടക്കിന്റെ മറവിൽ അക്രമം അഴിച്ചുവിടാനും ഗുണ്ടായിസം നടത്താനും തെരുവുകൾ വലിച്ചിഴയ്ക്കപ്പെടുന്നതു ജാഗ്രതയുള്ള കണ്ണുകളോടെ പൊതുസമൂഹം വിലയിരുത്തേണ്ടതാണ്. പണിമുടക്കിന്റെ പേരിൽ ജനജീവിതം സ്തംഭിപ്പിക്കുന്നതും സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കുന്നതും നീതീകരിക്കാനാവില്ല.

ബന്ദും പണിമുടക്കും കാലഹരണപ്പെട്ട സമരമുറകളാണെന്നു കാലങ്ങളായി പറയുന്നതല്ലാതെ, അതിനെ പ്രതിരോധിക്കാൻ ഉത്തരവാദിത്വപ്പെട്ട ആർക്കും, കോടതികൾക്കോ സർക്കാരുകൾക്കോ കഴിയാതെ പോകുന്നത് വലിയ കഷ്ടമാണ്! ഇന്ത്യയ്ക്കു വെളിയിലൊരിടത്തും ഇത്തരം കാടത്തങ്ങൾ അരങ്ങേറുന്നില്ല എന്നത് പ്രബുദ്ധ കേരളം തിരിച്ചറിയാതെ പോകരുത്. ഇന്ത്യയിൽത്തന്നെയും കേരളത്തിലല്ലാതെ മറ്റൊരു സംസ്ഥാനത്തും പണിമുടക്കിന് ഇത്രയേറെ 'സ്വീകാര്യത' കിട്ടിയിട്ടില്ലെന്ന ചരിത്രവസ്തുതയും ഇത്തിരി ലജ്ജയോടെയെങ്കിലും വിലയിരുത്തേണ്ടതാണ്.

സർക്കാർജീവനക്കാർ പണിമുടക്കിൽ പങ്കെടുക്കുന്നത് നിയമവിരുദ്ധമാണെന്നും അതിനുള്ള അവകാശം അവർക്കില്ലെന്നും അതു തടയേണ്ടതു സർക്കാരിന്റെ കടമയാണെന്നും കേരള ഹൈക്കോടതി ആവശ്യപ്പെട്ടത് ഒരർത്ഥത്തിൽ പ്രത്യാശാനിർഭരമാണ്. കോടതിവിധിയെത്തുടർന്നാണ് സർക്കാർ ജീവനക്കാർക്ക് ഡയസ്നോൺ പ്രഖ്യാപിച്ച് ഉത്തരവിറക്കിയത്. പക്ഷേ, ഡയസ്നോൺ അവഗണിച്ചും ജീവനക്കാർ പണിമുടക്കി. 4824 ജീവനക്കാരുള്ള സെക്രട്ടേറിയറ്റിൽ ആദ്യദിനം 32 പേരാണ് ജോലിക്കെത്തിയതെങ്കിൽ പിറ്റേദിവസം 212 പേർ ഹാജരായി. സെക്രട്ടേറിയറ്റിലെ സ്ഥിതി ഇതാണെങ്കിൽ മറ്റു സർക്കാരോഫീസുകളിലെ കാര്യം പറയേണ്ടതില്ലല്ലോ. സമരാനുകൂലികൾക്കു കുടപിടിക്കുന്ന ഇരട്ടത്താപ്പു നയം സർക്കാരിന്റെ ഭാഗത്തുണ്ടായിരുന്നോ എന്നുപോലും ജനം സംശയിച്ചാൽ അവരെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല.

പൊതുപണിമുടക്കിൽ പങ്കെടുക്കാത്തതിന്റെ പേരിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തൊഴിലാളികളും ജീവനക്കാരും അന്യായമായി കയ്യേറ്റം ചെയ്യപ്പെട്ടപ്പോൾ, കണ്ണൂർ പൊലീസ് മൈതാനിയിൽ പിണറായിസർക്കാരിന്റെ ഒന്നാം വാർഷികാഘോഷത്തിനായുള്ള വേദിനിർമാണം തകൃതിയായി നടന്നു. കണ്ണൂർ കളക്ട്രേറ്റ് മൈതാനിയിൽ സി.പി.എം. പാർട്ടി കോൺഗ്രസിനുള്ള വേദിയുടെ നിർമാണത്തിനും ഒട്ടും തടസ്സമുണ്ടായില്ല എന്നതും കൗതുകവാർത്തയായി വായിച്ചാൽ മതി. പണിമുടക്കു ദിവസം ഭരണപ്പാർട്ടിതന്നെ ആളുകളെ വച്ചു ജോലി ചെയ്യിച്ചത് അനുചിതമായെന്നും പാർട്ടിക്കകത്തും പുറത്തും വിമർശനമുയർന്നു.

ഏതായാലും, സർക്കാർ ഡയസ്നോൺ ഉത്തരവിറക്കിയിട്ടും കോടതി സമയോചിതമായി ഇടപെട്ടിട്ടുമൊന്നും കൈപ്പിടിയിലൊതുങ്ങാത്ത 'അധികാരഭരണം' ആരുടെ ഭാഗത്തുനിന്നുണ്ടായാലും, അതേതു തരത്തിലുള്ള സമരമുറയാണെങ്കിലും കടുത്ത ധിക്കാരംതന്നെയാണ്. അത്തരത്തിലുള്ള നീക്കങ്ങളൊന്നും ജനാധിപത്യചൈതന്യത്തിനു ചേർന്നതല്ല. പണിമുടക്കിന്റെ പേരും പറഞ്ഞ് ആരെയും പൂട്ടിയിടാനോ ആരുടെമേലും ലോക്ഡൗൺ അടിച്ചേല്പിക്കാനോ സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കാനോ ആർക്കും എവിടെയും അധികാരമില്ല. അതു സാംസ്കാരികകേരളത്തിൽ വച്ചുപൊറുപ്പിക്കാനാവില്ലെന്ന് പൗരബോധമുള്ളവർ ഉത്തരവാദിത്വത്തോടെ ഒന്നടങ്കം വിളിച്ചുപറയേണ്ട കാലമാണിത്. അല്ലെങ്കിൽ അടിച്ചമർത്തപ്പെട്ട ജനതയെപ്പോലെ ജനാധിപത്യവിശ്വാസികൾ ഈ രാജ്യത്ത് ശ്വാസം മുട്ടി കഴിയേണ്ട ഗതികേടിലാവും. അതുണ്ടാവാതിരിക്കാൻ ജാഗ്രതയുള്ള പൗരാവബോധവും സുസംഘടിതമായ ശക്തിപ്രഭാവവുമാണ് നമുക്കാവശ്യം.

# നഷ്ടപരിഹാരമെന്ന പ്രഹസനം



**പ്രതികരണം**

ഇന്നത്തെ കാര്യമല്ല. 1960 കളിലെ കാര്യമാണ്. 1960 ൽ ആരംഭിക്കുന്ന ദശകത്തിൽ കോട്ടയം - എറണാകുളം ജില്ലകളിലൂടെ പള്ളം - കളമശ്ശേരി 220 കെ.വി. ലൈനിന്റെ നിർമാണം നടന്നു. എകദശം 160 അടി വീതിയിൽ പറമ്പുകളിലെ മേലാദായങ്ങൾ പൂർണമായി വെട്ടിനശിപ്പിച്ചു നടപ്പാക്കിയ പദ്ധതിയുടെ ദൂരവ്യാപകമായ കെടുതികൾ അനുഭവിക്കുന്നത് ഈ മൂന്നാം തലമുറയാണ്. പദ്ധതിക്കുവേണ്ടി ആജന്മനഷ്ടം സഹിക്കേണ്ടിവന്നവർക്കോ അവരുടെ അനന്തരക്കാർക്കോ പെരുത്ത നഷ്ടമല്ലാതെ കാൽക്കാശിന്റെ ഉപകാരമുണ്ടായില്ല.

മൂന്നേക്കറോളം സ്ഥലത്തെ തെങ്ങുകൾ വെട്ടിയിട്ടു ഞങ്ങൾക്കു, കിട്ടിയത് 5700 രൂപയിൽ താഴെയാണെന്ന് ഓർക്കുന്നു. ഇന്ന് അവയ്ക്കു തുല്യം വിലയെന്താ?

ഒരു തെങ്ങിന് അന്നു കിട്ടിയ നഷ്ടപരിഹാരത്തിലേറെയായി ഇന്ന് ഒരു തേങ്ങയുടെ വില. അവകാശം പറയാനല്ലാതെ ഈ ഭൂമികൊണ്ടു ഇന്നത്തെ അവകാശികൾക്ക് ഒരു ഗുണവും കിട്ടാനില്ല.

അന്നത്തെ ഉടമകൾക്ക് വെറും കൈനീട്ടം കൊടുത്തു സർക്കാർ അക്കാലത്ത് ആ പ്രൊജക്ട് നടപ്പാക്കി. സർക്കാരിന് ചങ്കും ഹൃദയവും രക്തവും ഒന്നുമില്ലാത്തതുകൊണ്ട് എന്നും എന്തും പ്രവർത്തിക്കാം.

അരനൂറ്റാണ്ടിലൊരിക്കൽ പുതുക്കി നിശ്ചയിച്ച്, ഇത്തരം കേസുകളിൽ കാലാനുസൃത നഷ്ടപരിഹാരം കൊടുക്കേണ്ടതാണ്.

ഇക്കാലത്തെ മനുഷ്യരെങ്കിലും ജാഗ്രതയോടെ കഴിയണം. പദ്ധതികൾക്കു മുമ്പുതന്നെ യുക്തമായ നഷ്ടപരിഹാരത്തുക ചോദിച്ചുവാങ്ങേണ്ടതാണ്. അന്നു നഷ്ടം സഹിച്ചവരുടെ പിൻതലമുറകളും അതു സഹിക്കേണ്ടിവരുന്നു. നിറയെ കായ്ച്ചു നിന്നിരുന്ന തൈത്തെങ്ങുകൾ വെട്ടിവീഴ്ത്തുന്നത് കണ്ടുനിന്നവന്റെ അനുഭവക്കുറിപ്പാണിത്.

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി, പെരുവ**

# തൊഴിലില്ലായ്മയിലേക്ക് സർക്കാർശ്രദ്ധ പതിയണം

നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലായ്മ രൂക്ഷമാണ്. ഇതു പരിഹരിച്ചുകഴിഞ്ഞാൽ കേരളം സമ്പത്സമൃദ്ധമാകും. വിദേശങ്ങളിലേക്കുള്ള യുവജനങ്ങളുടെ കുടിയേറ്റവും കുറയും.

ധാരാളം ചെറുകിടവ്യവസായങ്ങൾ ആരംഭിച്ചും ഉള്ളവ വികസിപ്പിച്ചും ഈ മേഖലയിലേക്കു മൂലധനമിറക്കിയാൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. പുതിയ സംരംഭകരെ കണ്ടെത്തി ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ ചെറിയ കുടിൽവ്യവസായങ്ങൾ ആരംഭിക്കണം. അർഹരായവർക്ക് ആവശ്യമായ മൂലധനം കൊടുക്കണം. അപ്പോൾ പുതിയ സ്റ്റാർട്ടപ്പുകൾ ഉണ്ടാകും. ഗവൺമെന്റിന്റെ ശ്രദ്ധ ഈ വിഷയത്തിലേക്കു പതിഞ്ഞാൽ ധാരാളം സ്റ്റാർട്ടപ്പുകൾക്ക് സാധ്യതയുണ്ട്.

**ജോസ് കൂട്ടുമ്മേൽ, കടനാട്**

**പുളിമധുരം** — **പ്രതാപൻ പുളിമാത്ത്**



# രംഗകലയുടെ മർമ്മമറിഞ്ഞ അതുല്യപ്രതിഭ

## നാടകാചാര്യൻ ഷെവലിയാർ സി. എൽ. ജോസ് നവതിയുടെ നിറവിൽ



ബേബിച്ചൻ ഏർത്തയിൽ

മലയാളനാടകവേദിയിൽ ഒളിമങ്ങാതെ പ്രശോഭിച്ചു നിൽക്കുന്ന പ്രശസ്തനാടകകൃത്ത് ഷെവലിയർ സി.എൽ.ജോസ് നവതിയുടെ നിറവിൽ. (ഏപ്രിൽ 4ന് തൊണ്ണൂറു വയസ്സു തികയുന്നു.)

പ്രഫഷണൽ നാടകങ്ങൾ അരങ്ങു പിടിച്ചടക്കുന്നതിനു മുമ്പ് 1956 മുതലുള്ള കാലഘട്ടത്തിൽ മലയാളനാടകവേദിയിൽ സി.എൽ. ജോസ് അജയ്യനും അജാതശത്രുവുമായിരുന്നുവെന്നു ചരിത്രം സാക്ഷ്യപ്പെടുത്തും. 79 വർഷംമുമ്പ് 11–ാം വയസ്സിൽ സ്കൂളിൽ നാടകനടനായി അരങ്ങേറ്റം കുറിച്ച ജോസിനു പിന്നെ തിരിഞ്ഞു നോക്കേണ്ടിവന്നില്ല. ഹൈസ്കൂളിലെത്തിയപ്പോൾ കഥാപ്രസംഗകനായി, കവിയായി. ചിത്രകലയിലും കഥാരചനയിലും വിനോദഭാവനകളിലും നന്നായി കൈവഴക്കം സൃഷ്ടിച്ചെടുത്തുകൊണ്ടാണ് നാടകരംഗത്തെത്തി തന്റെ തട്ടകത്തു നിലയുറപ്പിച്ച് മലയാളനാടകവേദിയുടെതന്നെ ചരിത്രമായി മാറിയത്.

അറുപത്തിനാലു കലകളുടെയും മേളനമായ നാടകത്തിനു ചേരുന്ന കൂട്ടുകളെല്ലാം ചേർത്ത്, അരങ്ങും അണിയറയും പിടിച്ചെടുക്കാൻ സി.എൽ. ജോസിന്റെ സ്വതഃസിദ്ധമായ കഴിവുകൾ മാത്രം മതിയായിരുന്നു.

ബാല്യകാലംമുതൽ കലാപരവും സാഹിത്യപരവുമായ വാസനകൾ ജോസിൽ അന്തർലീനമായിരുന്നു. ഒപ്പം, കഠിനമായ അദ്ധ്വാനം, തീവ്രമായ ഇച്ഛാശക്തി, അടിയുറച്ച ഈശ്വരവിശ്വാസം, നിരന്തരമായ പരിശ്രമം, തികഞ്ഞ സത്യസന്ധത, മൂല്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത സമീപനവും. ജീവിതപ്രാരബ്ധങ്ങളിൽനിന്നുള്ള മോചനത്തിന് കുറിക്കമ്പനികളിലെ അക്കൗണ്ടന്റായും അസി. മാനേജരായും ജോലി ചെയ്തു. ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ കണക്കും കലയും ഒത്തുപോകാൻ ഏറെ വിയർപ്പൊഴുക്കേണ്ടിവന്നു.

എഴുത്തുകാരൻ എന്ന നിലയിൽ ജോസിന്, അദ്ദേഹത്തിന്റേതായ വീക്ഷണങ്ങളും വിശ്വാസങ്ങളുമുണ്ട്. മനുഷ്യനെ മാനസികമായും ആത്മീയമായും സാംസ്കാരികമായും ഉയർത്താൻ നല്ല കലാസൃഷ്ടികൾക്ക്, പ്രത്യേകിച്ചു നാടകത്തിനു കഴിയും. അവയുടെ സന്ദേശം മനുഷ്യഹൃദയങ്ങളിലേക്കു വെളിച്ചം പ്രസരിപ്പിക്കും. വേദനാജനകമായ അനുഭവങ്ങൾ, സമൂഹത്തിലെ ആനുകാലികസംഭവങ്ങൾ, പ്രതിസന്ധികൾ, നീറുന്ന കുടുംബപ്രശ്നങ്ങൾ, ഉള്ളിൽ തട്ടുന്ന വിഷമതകൾ ഇവയെല്ലാം പ്രേക്ഷകർക്കും ഉള്ളിൽ തട്ടണമെന്ന കാര്യത്തിൽ ജോസിനു നിർബന്ധമുണ്ട്.

ഒരു വിഷയം കണ്ടെത്തിയാൽ അതിന്റെ നാനാവശങ്ങളെക്കുറിച്ചു വിശകലനവും വിശാലമായ പഠനവും നടത്തും. എന്തിനുവേണ്ടി എഴുതണം? സമൂഹത്തോട് എന്താണു പറയാനുള്ളത്? ഗുണപാഠം എന്ത്? സമൂഹത്തിനു നല്ല തെളിച്ചവും വെളിച്ചവും കൊടുക്കണം. അതിനു താനൊരു തരിമാത്രം. അതു തിരിയായ്, നാളമായ്, ജ്വാലയായ് എല്ലാവർക്കും വെളിച്ചം നൽകണം. അതാണ് ജോസിന്റെ ലക്ഷ്യവും സന്ദേശവും.



പ്രശസ്തമായ 38 നാടകങ്ങളും, നൂറിലധികം ഏകാങ്കങ്ങളും, മുപ്പതിൽപ്പരം റേഡിയോ നാടകങ്ങളും ഇദ്ദേഹത്തിന്റേതായി അരങ്ങിലെത്തി. മണൽക്കാട്, അഗ്നിവലയം തുടങ്ങിയ നാടകങ്ങൾ 14 ഇന്ത്യൻ ഭാഷകളിൽ തർജമ ചെയ്ത് ദേശീയതലത്തിൽ റേഡിയോ നാടകങ്ങളായി അവതരിപ്പിക്കപ്പെട്ടു. ഏതാനും നാടകങ്ങൾ ഹിന്ദിയിലും ഇംഗ്ലീഷിലും വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചു.

മണൽക്കാട്, ശാപരശ്മി, അഗ്നിനക്ഷത്രം, ഭൂമിയിലെ മാലാഖ എന്നീ നാടകങ്ങൾ ചലച്ചിത്രമായി. പ്രേംനസീർ, തിക്കുറിശ്ശി, മുത്തയ്യ, അടൂർ ഭാസി, മുതുകുളം, സുകുമാരി, രാജലക്ഷ്മി, ജേസി തുടങ്ങിയവർ 'ഭൂമിയിലെ മാലാഖ'യിൽ വേഷമിട്ടു.

മണൽക്കാട്, ജ്വലനം, യുഗതൃഷ്ണ എന്നീ നാടകങ്ങൾ കേരള–കാലിക്കട്ട്–മഹാത്മാഗാന്ധി യൂണിവേഴ്സിറ്റികളിൽ ബി.എ./ബി.എസ്.സിക്ക് പാഠപുസ്തകമായി. നാടകരചന എന്ത്? എങ്ങനെ? എന്ന പഠനഗ്രന്ഥം മലയാളം എം.എ.യ്ക്ക് പാഠപുസ്തകമായി കേരള–കാലിക്കട്ട് യൂണിവേഴ്സിറ്റികളിലും അംഗീകരിച്ചു.

കുട്ടികൾക്കുള്ള രണ്ടു നാടകങ്ങൾ, ആത്മകഥ, നാടകത്തിന്റെ കാണാപ്പുറങ്ങൾ, ചിരിയുടെ പൂരം, ചിരിയുടെ മേളം എന്റെ നാടകജീവിതം തുടങ്ങിയ ഇരുപതോളം മറ്റു ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടു.

നാലുലക്ഷത്തിലധികം കോപ്പികൾ വിറ്റുപോയിട്ടുണ്ട് സി.എൽ. ജോസിന്റെ നാടകഗ്രന്ഥങ്ങൾ. കേരളത്തിൽ മറ്റാർക്കും അവകാശപ്പെടാനാവാത്ത ഒരു സർവകാലറിക്കോർഡാണിത്.

സഞ്ചരിക്കുന്ന ഒരു സ്കൂൾ ഓഫ് ഡ്രാമ, നാടകസർവകലാശാല എന്ന് ഇദ്ദേഹത്തെ വിശേഷിപ്പിച്ചാൽ അധികമാവില്ല. ആകാശവാണിയുടെ ഹൈഗ്രേഡ് ആർട്ടിസ്റ്റും, നാടകസംവിധായകനുമാണ്.

കേരളസംഗീതനാടക അക്കാദമി, കേരളസാഹിത്യഅക്കാദമി, കേരളസർക്കാർ തുടങ്ങി പ്രമുഖമായ മുപ്പതോളം അവാർഡുകൾ ജോസിനു ലഭ്യമായിട്ടുണ്ട്.

2008 ൽ ആഗോളകത്തോലിക്കാസഭയുടെ അത്യുന്നത 'ഷെവലിയാർ' പദവിക്കും തിരഞ്ഞെടുക്കപ്പെട്ടു.

എസ്.എസ്.എൽ.സി. നല്ല മാർക്കോടെ പാസായിട്ടും വീട്ടിലെ സാമ്പത്തികബുദ്ധിമുട്ടുമൂലം കോളജിൽ തുടർപഠനത്തിനു കഴിഞ്ഞില്ല. എന്നാൽ കോളജിനു മുന്നിലൂടെ ദിവസേന ജോലിക്കുപോകുമ്പോൾ തന്റെ കൃതിയായ 'ജ്വലനം' നാടകം ക്ലാസിൽ പഠിപ്പിക്കുന്നതു കേൾക്കാൻ ജോസിനു ഭാഗ്യമുണ്ടായി.

'മണൽക്കാട്' നാടകത്തിന്റെ ഇരുപത്തയ്യായിരത്തിലധികം കോപ്പികൾ വിറ്റഴിഞ്ഞത് റിക്കാർഡാണ്. 'അറിയാത്തവീഥികൾ' എന്ന പേരിൽ ഇതു സിനിമയായപ്പോൾ മമ്മൂട്ടി, മധു, മോഹൻലാൽ, റഹ്മാൻ, സുകുമാരി, കവിയൂർ പൊന്നമ്മ, മണിയൻപിള്ള രാജു തുടങ്ങിയവരാണ് അഭിനയിച്ചത്.

കോളജിൽ പഠിക്കാത്തതിലോ ബിരുദങ്ങളില്ലാത്തതിലോ സി.എൽ. ജോസിനു വിഷമമില്ല. കാരണം, മലയാളത്തിലോ വിദേശഭാഷകളിലോ ബിരുദമെടുത്ത പ്രശസ്തരായ നാടകകൃത്തുക്കൾ വിരളമാണ്. കോളജ് ഡിഗ്രിയല്ലല്ലോ സാഹിത്യരചനയുടെ യോഗ്യതയും മാനദണ്ഡവും...! ചെറുകഥാകൃത്തും നോവലിസ്റ്റുമാകാനായിരുന്നു ചെറുപ്പത്തിൽ മോഹം. പക്ഷേ, എഴുതിയതും ഉറച്ചുനിന്നതും നാടകങ്ങളിൽ. നാടകം രംഗത്തവതരിപ്പിക്കുമ്പോൾ ഒരേ സമയം ആയിരങ്ങൾക്ക് ആസ്വദിക്കാമല്ലോ.

കേരള സംഗീത നാടക അക്കാദമി ചെയർമാൻ, ന്യൂഡൽഹി കേന്ദ്രസംഗീതനാടക അക്കാദമി മെമ്പർ, കേരളസാഹിത്യ അക്കാദമി മെമ്പർ, കേരള ഫിലിം ബോർഡ് മെമ്പർ, ആകാശവാണി ഉപദേശകസമിതിയംഗം, കാലിക്കട്ട് യൂണിവേഴ്സിറ്റി ആർട്സ് ഫാക്കൽറ്റി അംഗം തുടങ്ങിയ അനേകം ഉന്നതസ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

"ഇരുട്ടിനെ പഴിക്കാനും, ശപിക്കാനുമല്ല ഇരുളടഞ്ഞ അന്തരീക്ഷത്തിൽ കൈത്തിരിയാകാനാണ് എഴുത്തുകാരൻ ശ്രമിക്കേണ്ടത്. വളർന്നുവരുന്ന തലമുറയെ ദുഷിച്ച മാർഗത്തിലേക്കും ദുഷ്ടചിന്തകളിലേക്കും നയിക്കുകയല്ല; മറിച്ച്, ആദർശമൂല്യങ്ങളിലും ധാർമികചിന്തകളിലും സനാതനസിദ്ധാന്തങ്ങളിലും സദാചാരസംഹിതകളിലും വിശ്വാസമുള്ള, സത്യവും സാഹോദര്യവും ധീരതയും പ്രബുദ്ധതയും മതമൈത്രിയും മാനവസ്നേഹവും കൈമുതലായുള്ള ഒരു ജനതയെ വാർത്തെടുക്കുകയാണ് എഴുത്തുകാരൻ അല്ലെങ്കിൽ നാടകകൃത്ത് ചെയ്യേണ്ടത്. സാമൂഹികതിന്മകളെ തുറന്നുകാട്ടുകയും അവയ്ക്കെതിരേ ആഞ്ഞടിക്കുകയും ചെയ്യേണ്ടത് സമൂഹത്തോടു പ്രതിബദ്ധതയുള്ള എഴുത്തുകാരന്റെ ചുമതലയാണ്. അതിനു തയ്യാറാവുന്ന നാടകകൃത്ത് സാമൂഹികപരിവർത്തനത്തെ ത്വരിതപ്പെടുത്തുകയും സാംസ്കാരികവിപ്ലവത്തിനു നേതൃത്വം കൊടുക്കുകയുമാണു ചെയ്യുന്നത്." സി.എൽ. ജോസ് ആദ്യകാലത്തുതന്നെ തന്റെ നയം വ്യക്തമാക്കി.

കേരളത്തിനകത്തും പുറത്തും ഇന്ത്യയ്ക്കു വെളിയിലുമുള്ള മലയാളികൾ ജാതിമതരാഷ്ട്രീയഭേദമെന്യേ സി.എൽ. ജോസിന്റെ നാടകങ്ങളെ സഹർഷം സ്വാഗതം ചെയ്തു. ഈ നാടകങ്ങളിൽ അവരുടെ ജീവിതത്തിലെ തുടിക്കുന്ന രംഗങ്ങളുണ്ടായിരുന്നു, പിടയ്ക്കുന്ന പ്രശ്നങ്ങളുണ്ടായിരുന്നു, പരുപരുത്ത യാഥാർത്ഥ്യങ്ങളും. രംഗവേദിയിൽ അവർ കണ്ടുമുട്ടിയത് തങ്ങളെത്തന്നെയും തങ്ങൾക്കു ചുറ്റുമുള്ള പച്ചമനുഷ്യരെയുമാണ്. മഷിയിലും പേനയിലുമല്ല, നാടകം ആത്മാവിലാണ്. നാടകകൃത്തിന്റെ ആത്മാവിൽ നാടകമുണ്ടാവണം. ആത്മാവിൽ നാടകമുള്ളവന്റെ രചനകൾ എക്കാലവും നിലനിൽക്കും, ആസ്വദിക്കപ്പെടും. അവ നിത്യഹരിതങ്ങളാണ്. ■

---

നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്

## മനസ്സു മാറാൻ



അയാൾ നെടുവീർപ്പിട്ടു.

തന്റെ വാക്കുകൾ അവനു പ്രചോദനമാകേണ്ടതാണ്. പക്ഷേ, പ്രയോജനരഹിതമായെന്നു മാത്രമല്ല, പ്രകോപനമുണ്ടാക്കുകയും ചെയ്തിരിക്കുന്നു.

ഉപദേശങ്ങളുടെ വിധി അതാണല്ലോ! പലപ്പോഴും ഉപകാരത്തിനു പകരം ഉപദ്രവമായേ കണക്കാക്കപ്പെടൂ.


ഇനി, ഒരു വഴിയേ ഉള്ളൂ. അവന്റെ മനസ്സു മാറാൻ പ്രാർത്ഥിക്കാം. അതു വേണ്ടെന്നു തടയാനാവില്ലല്ലോ അവന്!




ഏപ്രിൽ 10
നോമ്പുകാലം
ഏഴാം ഞായർ

പുറ 15:1–3; 11–15; 20–21
ഏശ 62 : 10–12, 63:1–4
ഗലാ 4 : 12–20
ലൂക്കാ 19 : 28–40

# പാടി സ്തുതിക്കുവിൻ വരുന്നൂ പാപവിമോചകൻ





ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ

**ഈ**ജിപ്തിലെ അടിമത്തത്തിൽ നിന്നു തങ്ങളെ അദ്ഭുതകരമായി വിമോചിപ്പിച്ച കർത്താവിനെ സ്തുതിച്ചുകൊണ്ട് മൂശെയും ഇസ്രായേൽജനവും ആലപിച്ച കൃതജ്ഞതാഗീതമാണ് ഒന്നാമത്തെ വായനയുടെ പ്രതിപാദ്യവിഷയം (പുറ. 15:1–3;11–15; 20–21). ഫറവോയുടെ രഥങ്ങളെയും സൈന്യങ്ങളെയും ചെങ്കടലിൽ ആഴ്ത്തുകയും ഇസ്രായേലിനെ രക്ഷിക്കുകയും ചെയ്ത ശക്തനായ ദൈവത്തെ അവർ പാടിസ്തുതിച്ചു. ഇസ്രായേൽ ജനം കർത്താവിനെ സ്തുതിച്ചതിനു സമാനമായാണ് ശിഷ്യഗണവും ആബാലവൃദ്ധജനങ്ങളും ഓശാനഗീതികളാലും ഒലിവുചില്ലകളാലും ഈശോയെ ജറൂസലേമിലേക്ക് എതിരേല്ക്കുന്നത്.

രക്ഷയുടെ ആഗമനത്തെക്കുറിച്ചു സീയോൻപുത്രിയോടു പ്രഘോഷിക്കാൻ ഏശയ്യാപ്രവാചകൻ ആഹ്വാനം ചെയ്യുന്ന ഭാഗമാണ് പഴയനിയമത്തിൽ നിന്നുള്ള രണ്ടാമത്തെ പ്രഘോഷണം (ഏശ. 62:10–12; 63:1–4). മെസയാനിക് പ്രതീക്ഷ ഇസ്രായേൽക്കാരുടെ ഇടയിൽ വളരെ ശക്തമായിരുന്നു. ജറുസലേമിൽ വരാനിരിക്കുന്ന രാജാവിനെ അവർ കാത്തിരിക്കുകയായിരുന്നു. ഇതാ, നിന്റെ രക്ഷ വരുന്നു (ഏശ. 62:11) എന്നു സീയോൻ പുത്രിയോടു ഉദ്ഘോഷിച്ച പ്രവാചകവചസ്സുകൾ ഈശോയുടെ ജറൂസലേംപ്രവേശനവേളയിലാണു പൂർത്തിയാകുന്നത്.

ഗലാത്തിയാക്കാരെക്കുറിച്ചുള്ള വ്യഗ്രതയാണ് ലേഖനഭാഗത്തു പൗലോസ് ശ്ലീഹാ പങ്കുവയ്ക്കുന്നത്. യഥാർത്ഥ വിമോചകനായ ഈശോമിശിഹായെക്കുറിച്ചുള്ള സുവിശേഷം പ്രഘോഷിച്ചപ്പോൾ അവർ അതു സർവാത്മനാ സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്തു (ഗലാ.4:12–20). എന്നാൽ, മിശിഹാ അവരിൽ രൂപംകൊള്ളുന്നതുവരെ താൻ അവർക്കുവേണ്ടി ഈറ്റുനോവനുഭവിക്കുന്നുവെന്നു ശ്ലീഹാ ഓർമിപ്പിക്കുന്നു.

ജറുസലേമിലേക്കുള്ള ഈശോയുടെ രാജകീയപ്രവേശനത്തെക്കുറിച്ചാണ് സുവിശേഷഭാഗം പ്രതിപാദിക്കുന്നത്. ദൈവമഹത്ത്വത്തിന്റെ വെളിപാടുമായി ബന്ധപ്പെട്ട ഒലിവുമലയുടെ (സഖ. 14: 1–9) അരികെയുള്ള ബഥ്ഫഗെയിലെത്തിയപ്പോഴാണ് (അത്തികളുടെ ഭവനം) തനിക്ക് ജറുസലേമിലേക്കു പ്രവേശിക്കാൻവേണ്ടി കഴുതയെ അഴിച്ചുകൊണ്ടുവരാനായി രണ്ടു ശിഷ്യന്മാരെ അടുത്തുള്ള ഗ്രാമത്തിലേക്ക് ഈശോ അയയ്ക്കുന്നത്. അവിടുന്നു നിർദേശിച്ചതനുസരിച്ച് അവർ കഴുതക്കുട്ടിയെ അവിടുത്തെ പക്കൽ കൊണ്ടുവന്നു. ഈ കഴുതയുടെ പുറത്തിരുന്ന് ശിഷ്യന്മാരോടും ജനക്കൂട്ടത്തോടുമൊപ്പം ഈശോ ജറുസലേമിലേക്കു പ്രവേശിക്കുന്നു.

ഭൗതികരാജാക്കന്മാരെപ്പോലെ കുതിരയുടെ പുറത്തല്ല; പ്രത്യുത, കഴുതയുടെ പുറത്തിരുന്നാണ് ഈശോ ജറുസലേമിലേക്കു വരുന്നത്. അതായത്, അക്രമവും അധികാരവും വഴിയല്ല, മറിച്ച് ശാന്തതയും, വിനയവും വഴി ഈശോ മനുഷ്യരെ രക്ഷിക്കുമെന്ന് ഇതു സൂചിപ്പിക്കുന്നു. മാത്രമല്ല, ഒരു പുൽത്തൊട്ടിയിൽ ജനിച്ച ഈശോ ഒരു കഴുതപ്പുറത്ത് തന്റെ പരസ്യജീവിതം അവസാനിപ്പിക്കുന്നുവെന്നും ഇതു വ്യക്തമാക്കുന്നു. അതുകൊണ്ടാണ്, ഈശോ ബത്‌ലഹേമിൽ ഒരു പുൽത്തൊട്ടികൊണ്ട് ആരംഭിക്കുകയും ജറുസലേമിൽ ഒരു കഴുതയെക്കൊണ്ട് തന്റെ പരസ്യജീവിതം അവസാനിപ്പിക്കുകയും ചെയ്തുവെന്ന് പൗരസ്ത്യസഭാപിതാവായ വിശുദ്ധ അപ്രേം പറയുന്നത്.

ഈശോയുടെ ജറുസലേം പ്രവേശനത്തെക്കുറിച്ച് സമവീക്ഷണസുവിശേഷങ്ങളിൽ വിശദമായി വിവരിച്ചിട്ടുണ്ട്. ഈശോ കഴുതപ്പുറത്തുകയറി ഇരുന്നു (റക്കേവ്) എന്നാണ് സുവിശേഷകന്മാരായ മത്തായിയും മർക്കോസും പറയുന്നത് (മത്താ 21:7, മർക്കോ 11: 7). ഇരിക്കുക, സവാരിചെയ്യുക എന്നൊക്കെ അർത്ഥമുള്ള 'റക്കേവ്' എന്ന ക്രിയയാണ് സുറിയാനിബൈബിളിൽ ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ, ലൂക്കായുടെ വിവരണമനുസരിച്ച്, ഈശോയെ അവർ കഴുതപ്പുറത്തുകയറ്റി ഇരുത്തി (അർക്കേവ്) എന്നാണ് (ലൂക്കാ 19:35). റക്കേവ് എന്ന ക്രിയയുടെ ആഫേൽ രൂപമായ അർക്കേവ് എന്ന പദമാണ് വി. ലൂക്കാ ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. ഇതിനർത്ഥം ഇരുത്തുക, സവാരിചെയ്യിക്കുക എന്നതാണ്. പഴയനിയമത്തിൽ സോളമൻ രാജാവിന്റെ സ്ഥാനാരോഹണത്തിനുമുമ്പായി അദ്ദേഹത്തെ കഴുതപ്പുറത്ത് ഇരുത്തിക്കൊണ്ടുപോകാൻ ദാവീദ് രാജാവ് പുരോഹിതൻ സാദോക്കിനോടും പ്രവാചകൻ നാഥാനോടും ആവശ്യപ്പെടുന്നു. എന്റെ മകൻ സോളമനെ എന്റെ കോവർകഴുതയുടെ പുറത്ത് ഇരുത്തി (അർക്കേവ്), ഗീഹോനിലേക്കു കൊണ്ടുപോകുവിൻ (1 രാജ. 1: 33–34) എന്നാണ് ദാവീദ് അവരോടു കല്പിക്കുന്നത്. ഇവിടെയും ഇരുത്തുക, സവാരിചെയ്യിക്കുക എന്നർത്ഥമുള്ള അർക്കേവ് എന്ന ക്രിയതന്നെയാണു നമ്മൾ കാണുന്നത്. അതായത്, സോളമനെ രാജാവായി വാഴിച്ചതുപോലെ ഈശോയെയും തങ്ങളുടെ രാജാവായി വാഴിക്കാനും പ്രഖ്യാപിക്കാനും ശിഷ്യൻമാരും ഇസ്രായേൽജനങ്ങളും ആഗ്രഹിച്ചുവെന്നർത്ഥം.

ശിഷ്യന്മാർ തങ്ങളുടെ വസ്ത്രം കഴുതപ്പുറത്തും ജനക്കൂട്ടം തങ്ങളുടെ വസ്ത്രങ്ങളും വൃക്ഷച്ചില്ലകളും വഴിയിലും നിരത്തിയാണ് രാജാവായ ഈശോയെ എതിരേല്ക്കുന്നത് (മത്താ. 21:7). ഈ പാരമ്പര്യം രാജാവിന്റെ അഭിഷേകവുമായി ബന്ധപ്പെട്ടതാണ്. ഇസ്രായേലിന്റെ രാജാവായി യേഹു തിരഞ്ഞെടുക്കപ്പെട്ടുവെന്നറിഞ്ഞ് രാജസേവകൻമാർ തങ്ങളുടെ മേലങ്കി പടിയിൽ വിരിച്ചിട്ട് കാഹളം മുഴക്കി വിളംബരം ചെയ്യുന്നതായി രാജാക്കൻമാരുടെ പുസ്തകം രേഖപ്പെടുത്തുന്നു (2 രാജ. 9:13). ഈശോയുടെ ജറുസലേം പ്രവേശനത്തിനായി ശിഷ്യരും ജനങ്ങളും വസ്ത്രം വിരിക്കുന്നത് ദാവീദിന്റെ സിംഹാസനത്തിലേക്കു കർത്താവ് സ്ഥാനാരോഹണം ചെയ്യുന്നതിന്റെ അടയാളമായിത്തീരുന്നു.

ഈശോയിൽ രക്ഷകനായ മിശിഹായെ തിരിച്ചറിഞ്ഞതുകൊണ്ടാണ് ദാവീദിന്റെ പുത്രന് ഓശാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ (സങ്കീ 118: 26) എന്ന 118–ാം സങ്കീർത്തനം ജനം ആലപിക്കുന്നത്. സന്തോഷത്താലുള്ള ഈ ആർപ്പുവിളി ഈശോയെ സ്തുതിക്കാനും പ്രകീർത്തിക്കാനുമുള്ള ആപ്തവാക്യമായി പരിണമിക്കുന്നു. ഈയർത്ഥത്തിലാണ് ഈ സങ്കീർത്തനഭാഗം വിശുദ്ധ കുർബാനയുടെ ഓശാനഗീതത്തിൽ നാം കാണുന്നത്.

ശത്രുക്കളെയും രക്തദാഹികളെയും നിശ്ശബ്ദരാക്കാൻ അവിടുന്ന് ശിശുക്കളുടെയും മുലകുടിക്കുന്ന കുഞ്ഞുങ്ങളുടെയും അധരങ്ങൾകൊണ്ടു സുശക്തമായ കോട്ടകെട്ടി (സങ്കീ. 8:2) എന്ന സങ്കീർത്തനവാക്യം അന്വർത്ഥമാകുന്ന രീതിയിൽ ഈശോയുടെ ജറുസലേംപ്രവേശനവേളയിൽ കുഞ്ഞുങ്ങളും ബാലകരും ഹോസാനകളാൽ ആർപ്പുവിളിക്കുന്നു. ദാവീദിന്റെ പുത്രന് ഹോസാന എന്നു കുട്ടികൾ വിളിച്ചുപറഞ്ഞത് പ്രധാന പുരോഹിതർക്കും നിയമജ്ഞർക്കും ഇഷ്ടമായില്ല. അവരെ നിശ്ശബ്ദരാക്കാനാണ് യഹൂദപ്രമാണികൾ ഈശോയോട് ആവശ്യപ്പെടുന്നത്. സ്വർഗരാജ്യത്തിൽ വലിയവനാരാണെന്ന ശിഷ്യന്മാരുടെ തർക്കത്തിന് ഉത്തരമായി ഈശോ ഒരു ശിശുവിനെയാണ് ഉയർത്തിക്കാണിക്കുന്നത്. ഇതുപോലുള്ള ഒരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു (മർക്കോ. 9:33–37) എന്നാണ് കുട്ടിയെ കരങ്ങളിൽ വഹിച്ചുകൊണ്ട് ഈശോ അവരോടു പറയുന്നത്. ഈശോയുടെ ജനനത്തിലും മരണത്തിനു മുന്നോടിയായുള്ള ജറുസലേംപ്രവേശനത്തിലും കുഞ്ഞുങ്ങളുടെ സാന്നിധ്യം കാണാൻ കഴിയും. മിശിഹായുടെ സഹനങ്ങളുടെ കിരീടത്തിൽ കുട്ടികൾ കൂട്ടിപ്പിണയപ്പെട്ടിരിക്കുന്നുവെന്ന വിശുദ്ധ അപ്രേമിന്റെ വാക്കുകൾ ഇത്തരുണത്തിൽ പ്രസക്തമാണ്. മിശിഹായെ കണ്ടപ്പോൾ ഗർഭസ്ഥിതനായ യോഹന്നാൻ സന്തോഷത്താൽ കുതിച്ചുചാടിയതുപോലെ (ലൂക്കാ 1:41) ഈശോയുടെ മരണസമയം അടുത്തപ്പോഴും കുട്ടികൾ അവനു സ്തുതിഗീതം ആലപിക്കാനായി കുതിച്ചുചാടുന്നു.

ഈശോ ജറുസലേമിൽ പ്രവേശിച്ചപ്പോൾ നഗരം മുഴുവൻ ഇളകിവശായി (മത്താ. 21:10) എന്ന് മത്തായിയുടെ സുവിശേഷം പ്രസ്താവിക്കുന്നു. ഇളകുക, അസ്വസ്ഥമാകുക എന്നർത്ഥമുള്ള സ്വാ എന്ന സുറിയാനിക്രിയയുടെ എത്ത്പെയാൽ രൂപമായ എത്ത്സിയാസ് എന്ന വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. സാധാരണമായി ഭൂമികുലുക്കത്തെ സൂചിപ്പിക്കാനാണ് ഈ പദം ഉപയോഗിക്കുന്നത്. ഈശോയുടെ ജനനവേളയിൽ ജറുസലേം ഇളകിവശായതുപോലെ (മത്താ. 2: 3) മിശിഹാ ജറുസലേമിലേക്കു പ്രവേശിച്ചപ്പോഴും വീണ്ടും അവിടം ഇളകിവശായെന്ന് (മത്താ. 21: 10) മത്തായി സുവിശേഷകൻ പ്രസ്താവിക്കുന്നു.

ജറുസലേംനിവാസികൾ വസ്ത്രം നിരത്തി നാഥനെ എതിരേറ്റതുപോലെ നമ്മുടെ ജീവിതമാകുന്ന വസ്ത്രം ആരാധനയോടും ആദരവോടുംകൂടെ നിരത്തി, ഹൃദയമാകുന്ന ജറുസലേമിലേക്കു രക്ഷകനായ മിശിഹായെ സ്വീകരിക്കുകയെന്നതാണു നമ്മുടെ കർത്തവ്യം. നൈമിഷികവും നിർജീവവുമായ മരച്ചില്ലകൾക്കും വസ്ത്രങ്ങൾക്കുമുപരിയായി സ്പന്ദിക്കുന്ന ജീവിതമാകുന്ന വസ്ത്രങ്ങൾതന്നെ അവിടുത്തെ പാദാന്തികത്തിൽ സമർപ്പിക്കാനാണ് ഓശാന ഞായർ ആഹ്വാനം ചെയ്യുന്നത്.

ഓശാനഞായർ എന്നതു കഴിഞ്ഞുപോയ ഒരു സംഭവമല്ല. ഇന്നും വിശുദ്ധ കുർബാനമദ്ധ്യേ വിനയാന്വിതനായി അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ ഈശോ നമ്മുടെ ഇടയിലേക്കും ഹൃദയങ്ങളിലേക്കും എഴുന്നള്ളി വരുന്നു. ഭൗതികസന്തോഷങ്ങളെക്കാൾ സ്വർഗീയസന്തോഷം പ്രദാനംചെയ്യുന്ന രക്ഷകനും നാഥനുമായ മിശിഹായെ ഓശാനപാടി എതിരേല്ക്കണം. സ്തുതിയുടെയും കൃതജ്ഞതയുടെയും കീർത്തനങ്ങൾ ആലപിച്ച് ഹൃദയത്തിൽ അവിടുത്തെ സ്വീകരിച്ച് ജീവിതത്തിൽ രാജാവും നാഥനുമായി ഈശോയെ ഏറ്റുപറയുക എന്നതാണ് ആധുനികകാലത്തു ക്രൈസ്തവരായ നമുക്കുള്ള വിളിയും വെല്ലുവിളിയും. ■

# ആരോഗ്യമുണർത്തുന്ന ആത്മീയസ്പർശം



ഡോ. ടോം പി. പോൾ

ആരോഗ്യത്തിന്റെയും രോഗചികിത്സയുടെയും കാര്യത്തിൽ ആത്മീയതയ്ക്കും പ്രാർത്ഥനകൾക്കും വലിയ പങ്കുണ്ടെന്നു പുതിയ പഠനങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. മസ്തിഷ്കത്തിനു വിശ്രമമേകുന്നതിനും ശരീരത്തിന്റെ രോഗവിമുക്തിക്കുള്ള കഴിവിനെ ഉത്തേജിപ്പിക്കുന്നതിനും പ്രാർത്ഥനയ്ക്കു ശക്തിയുണ്ട്. സ്ഥായീഭാവമില്ലാത്ത ജീനുകൾ എളുപ്പം വികലമാകാതെ അവയെ അടക്കിനിർത്തി ശരീരത്തിന് ആപത്കരമായിത്തീരാതെ സൂക്ഷിക്കുന്നതിനും ധ്യാനവും പ്രാർത്ഥനയും സഹായകരമാണ്.

26 വർഷം മുമ്പ് ഹാർവാർഡ് അഫിലിയേഷനുള്ള 'മൈൻഡ് ബോഡി ഇൻസ്റ്റിറ്റ്യൂട്ടി'ന്റെ സ്ഥാപകനായ ഡോ. ഹെർബർട്ട് ബൻസൻ 'റിലാക്സേഷൻ റസ്പോൺസ്' എന്ന ഗ്രന്ഥം രചിച്ചു. അതിൽ അദ്ദേഹം ധ്യാനത്തിന്റെ ശക്തിയെ അപഗ്രഥിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തെത്തുടർന്ന് ആദ്ധ്യാത്മികതയും വൈദ്യശാസ്ത്രവും സംബന്ധിച്ച പഠനങ്ങളുടെയും സംവാദങ്ങളുടെയും ഒരു പരമ്പരതന്നെ നടന്നു. രോഗശാന്തിരംഗത്ത് ആദ്ധ്യാത്മികതയുടെ ശക്തിക്ക് നിരവധി തെളിവുകൾ നിരത്തിയ ശേഷവും വൈദ്യശാസ്ത്രരംഗത്തു പ്രവർത്തിക്കുന്നവർ തന്റെ ഗവേഷണഫലങ്ങളെ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ കാണിക്കുന്ന വിമുഖതയും മാന്ദ്യവും ഡോ.ബൻസനെ നിരാശനാക്കുന്നു. വൈദ്യശാസ്ത്രരംഗത്ത് ആത്മീയതയും രോഗസൗഖ്യവും ഏകോപിക്കുവാൻ യത്നിക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഭിഷഗ്വരന്മാരും സന്ന്യാസികളുമായി ചേർന്ന് ഡോ. ബൻസൻ തന്റെ കണ്ടെത്തലുകളെ പുനരവലോകനം ചെയ്തു. ആദ്ധ്യാത്മികവ്യാപാരങ്ങളിലൂടെ നമ്മുടെ മനസ്സുകളെ ആകുലചിന്തകളിൽനിന്നകറ്റി നിർത്തി ശരീരത്തിന്റെ തനതായ രോഗശാന്തിശേഷി വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്ന് അവരുടെ പഠനങ്ങൾ തെളിയിച്ചു.



ഡോ. ബൻസനും സഹഗവേഷകരും അവരുടെ പരീക്ഷണങ്ങളിൽ അനുവർത്തിച്ച രീതി, പ്രാർത്ഥനയിൽ ഇന്ത്യക്കാർ സാധാരണ ചെയ്യുന്നതുപോലെ ഈശ്വരനാമങ്ങളോ അതിനോടു സാമ്യമുള്ള പദങ്ങളോ ശബ്ദങ്ങളോ ഉരുവിടുകയോ ഈശ്വരസ്തുതികളും അപദാനങ്ങളും ആലപിക്കുകയോ ആയിരുന്നു. ഇപ്രകാരം ഉരുവിട്ട വാക്കുകളും വാക്യങ്ങളും ശബ്ദങ്ങളും മതപരമോ മതനിരപേക്ഷമോ ആയിരുന്നാലും, ആ പ്രവൃത്തി ഭക്തിസംവർദ്ധകമായിരുന്നു എന്ന് അവർ കണ്ടെത്തി. രോഗികളുടെ മതബോധനവും ആത്മീയതയും അതിന്യൂനരക്തസമ്മർദ്ദം തുടങ്ങിയ രോഗങ്ങളുടെ ചികിത്സയിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ സാധിക്കുമോ എന്നുള്ള തീവ്രമായ പരീക്ഷണത്തിലാണവരിപ്പോൾ.

ഡോ. ബൻസണിനെത്തുടർന്ന് ഡ്യൂക്ക് യൂണിവേഴ്സിറ്റിയിലെ ഹരോൾഡ് ക്വേനിക്, മതവിശ്വാസവും ആചാരങ്ങളും ആരോഗ്യത്തിൽ ഉളവാക്കുന്ന സദ്ഫലങ്ങൾ മനസ്സിലാക്കി. അദ്ദേഹം ഇപ്പോൾത്തന്നെ സർവകലാശാലയിൽ 'ആത്മീയതയും ആരോഗ്യവും' എന്ന വിഷയത്തിൽ ദ്വിവത്സര പോസ്റ്റ് ഡോക്ടറൽ ഗവേഷണ കോഴ്സ് ആരംഭിച്ചിരിക്കയാണ്. 2002 ജൂലൈയിൽ അവിടെ എട്ടു ശാസ്ത്രജ്ഞർക്കായി മതവും ആരോഗ്യവും എന്ന വിഷയത്തിൽ പഠനപരിശീലന കോഴ്സ് ആരംഭിച്ചു. ഡോക്ടർമാർ തങ്ങൾ ചികിത്സിക്കുന്ന രോഗികളുടെ മതപരമായ ചരിത്രം മനസ്സിലാക്കിയിരിക്കേണ്ടതുണ്ടെന്ന് ഡോ. ക്വേനിക് വിശ്വസിക്കുന്നു. അതുകൂടാതെ ഫലപ്രദമായ ചികിത്സ സാധ്യമാകുകയില്ല. മാത്രവുമല്ല, ചികിത്സകർ അവരുടെ രോഗികളോടൊപ്പം പ്രാർത്ഥിക്കുകയും വേണം. പക്ഷേ, അതു രോഗികളുടെ മതപരമായ പശ്ചാത്തലം വേണ്ടതുപോലെ ഗ്രഹിച്ചശേഷം അവരുടെ ആവശ്യപ്രകാരം മാത്രമേ ആകാവൂ. 'അമേരിക്കൻ ജേർണൽസ് ഓഫ് പബ്ലിക് ഹെൽത്ത്' നടത്തിയ ഒരു പഠനം മതസമ്മേളനങ്ങളിലും ആശ്രമശുശ്രൂഷകളിലും പതിവായി പങ്കെടുക്കുന്നവരിൽ ആരോഗ്യശീലങ്ങൾ ക്രമേണ പ്രബലപ്പെട്ടുവരുമെന്നും അതുവഴി അവരുടെ ആയുർദൈർഘ്യം 33% വരെ വർദ്ധിക്കുമെന്നും കണ്ടെത്തിയിട്ടുണ്ട്. അമേരിക്കൻ രോഗനിയന്ത്രണ-നിരോധനസെന്ററിന്റെ ഭാഗികധനസഹായത്തോടെ നടത്തപ്പെട്ട ഈ പഠനത്തിൽ മതചടങ്ങുകളിൽ പങ്കെടുക്കലും - പുകവലി, വ്യായാമം, അമിത മദ്യപാനം, ബന്ധുമിത്രാദികളോടുള്ള ഇടപെടൽ തുടങ്ങിയ പെരുമാറ്റരൂപങ്ങളും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും അന്വേഷണം നടത്തുകയുണ്ടായി.

അമേരിക്കയിൽ മനഃശാസ്ത്രജ്ഞന്മാർ നടത്തിയ ഒരു സർവേ കാണിക്കുന്നത് അഞ്ചു ശതമാനം ആളുകൾക്കു മാത്രമേ അവരുടെ വിദ്യഭ്യാസകാലത്ത് മതപരമായ പരിശീലനം ലഭിക്കുന്നുള്ളൂ എന്നാണ്. എങ്കിലും പകുതിയിലധികം മനഃശാസ്ത്രജ്ഞരും 'മതം' എന്നത് പഠനാർഹമായ വിഷയമാണെന്നും മതപരമായ പരിശീലനം അഭികാമ്യമാണെന്നും കരുതുന്നു. 'അമേരിക്കൻ അസോസിയേഷൻ ഓഫ് ഡയറക്ടേഴ്സ് ഓഫ് സൈക്യാട്രിക് റസിഡൻസി ട്രെയിനിങ്ങ്' അംഗങ്ങൾ നടത്തിയ സർവേയിൽ മനുഷ്യന്റെ അനുഭവങ്ങളും വിശ്വാസങ്ങളും മൂല്യങ്ങളും പെരുമാറ്റങ്ങളും ആരോഗ്യശീലങ്ങളുമെല്ലാം രൂപപ്പെടുത്തുന്നതിൽ മതവും ആത്മീയതയും നിർണായകപങ്കു വഹിക്കുന്നുണ്ടെന്നു തെളിഞ്ഞു. ആത്മീയതയുടെ പ്രാധാന്യം കൂടുതൽ മനസ്സിലാക്കിയതോടെ അമേരിക്കയിലെ പകുതിയിലധികം മെഡിക്കൽ സ്കൂളുകളുടെയും പാഠ്യപദ്ധതികളിൽ 'ആത്മീയതയും' പഠനവിഷയമാക്കിയിരിക്കുന്നു. അവയിലെ വിദ്യാർത്ഥികളെ ആത്മീയവിലയിരുത്തലുകൾ അഭ്യസിപ്പിക്കുന്നതിനുള്ള പാഠങ്ങളും ചേർത്തിരിക്കുന്നു!! ■

# സഭാസംവിധാനങ്ങളിൽ അല്മായപങ്കാളിത്തം

## ഭരണപരിഷ്കാരങ്ങളുമായി ഫ്രാൻസീസ് മാർപാപ്പ

1-ാംപേജ് തുടർച്ച

1) സുവിശേഷവത്കരണം 2)വിശ്വാസപ്രബോധനം 3) ജീവകാരുണ്യപ്രവർത്തനം 4) പൗരസ്ത്യസഭകൾ 5) ദൈവാരാധനയും കൂദാശകളുടെ അച്ചടക്കവും 6) വിശുദ്ധരുടെ നാമകരണം, 7) മെത്രാന്മാർ 8) വൈദികശുശ്രൂഷികൾ 9) സമർപ്പിതജീവിതം 10) അല്മായർ, കുടുംബം, ജീവൻ 11) എക്യുമെനിസം 12) ഇതര മതസംവാദം 13) സാംസ്കാരികം-വിദ്യാഭ്യാസം 14) മനുഷ്യന്റെ സമഗ്രവികസനം 15) നിയമവ്യാഖ്യാനം 16) സമ്പർക്കമാധ്യമങ്ങൾ.

**'സുവിശേഷം പ്രസംഗിക്കുക'**

'സുവിശേഷം പ്രസംഗിക്കുക' അഥവാ 'ദൈവവചനം പ്രഘോഷിക്കുക' എന്ന പുതിയ ഭരണരേഖ ആധുനികകാലഘട്ടത്തിന്റെ മാറ്റങ്ങളും ഉൾക്കാഴ്ചകളും നിറഞ്ഞതാണ്. സഭയുടെ ഇന്നിന്റെ ദൗത്യവും ഉത്തരവാദിത്വങ്ങളും ഈ ഭരണരേഖ വിളിച്ചറിയിക്കുന്നതും ആഗോള കത്തോലിക്കാസഭയുടെ ഭാഗമായ വ്യക്തിസഭകൾക്കു പ്രവർത്തനമാറ്റങ്ങൾക്കു പ്രചോദനവും പ്രേരണയുമേകുന്നതുമാണ്. സുവിശേഷവത്കരണത്തിന്റെ പുത്തൻ തലങ്ങളിലേക്കു വിശ്വാസിസമൂഹത്തിന്റെ ചിന്തകളെയും പ്രവർത്തനങ്ങളെയും വ്യാപിപ്പിക്കുകയെന്ന ലക്ഷ്യത്തിനപ്പുറം സുവിശേഷത്തിന്റെ പങ്കുവയ്ക്കൽ, ഉത്തരവാദിത്വം സഭാപിതാക്കന്മാർക്കും വൈദിക - സന്ന്യസ്തർക്കും മാത്രമല്ല അല്മായ വിശ്വാസിസമൂഹത്തിന്റെയും പരമപ്രധാനമായ കടമയും ദൗത്യവുമാണെന്ന് ഫ്രാൻസീസ് പാപ്പാ പുതിയ ഭരണപരിഷ്കാരങ്ങളിലൂടെ അടിവരയിട്ട് ആവർത്തിക്കുന്നു. സുവിശേഷപ്രഘോഷണത്തിനാണ് പുതിയ മാറ്റങ്ങളിൽ ഏറ്റവും പ്രഥമസ്ഥാനം മാർപാപ്പ നൽകുന്നത്. വിശ്വാസപ്രബോധനത്തിനും അതോടൊപ്പം ജീവകാരുണ്യപ്രവർത്തനങ്ങൾക്കും മുൻഗണനയും നൽകുന്നു.

**അല്മായശക്തീകരണം**

കത്തോലിക്കാസഭയിലെ അല്മായസമൂഹത്തെ സഭയുടെ മുഖ്യധാരയിൽ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ 2013 ൽ തന്നെ മാർപാപ്പ ആരംഭിച്ചിരുന്നു. കാഴ്ചക്കാരും കേൾവിക്കാരും സംഭാവന നൽകുന്നവരും എന്നതിനപ്പുറം സഭയുടെ അടിസ്ഥാന ഘടകമായ കുടുംബങ്ങളുടെ ശില്പികൾ എന്നതുകൂടാതെ ആത്മീയതലങ്ങളോടൊപ്പം ഭൗതികലോകത്തു വ്യാപരിക്കുന്ന വ്യക്തികൾ എന്ന നിലയിലും സുവിശേഷപ്രഘോഷണത്തിന്റെയും ക്രൈസ്തവസാക്ഷ്യത്തിന്റെയും സർവോപരി രക്ഷാകരപദ്ധതിയുടെയും മുഖ്യപങ്കാളികളും സാക്ഷ്യങ്ങളുമാണ് അല്മായരെന്ന് ഫ്രാൻസീസ് പാപ്പാ വിവിധ വേദികളിൽ ആവർത്തിച്ചുപറഞ്ഞിട്ടുണ്ട്. 2013 നുശേഷം നടന്ന സഭാസിനഡുകളിലും മാർപാപ്പായുടെ പ്രബോധനങ്ങളിലും അല്മായശക്തീകരണം ലക്ഷ്യംവച്ചുള്ള പ്രഖ്യാപനങ്ങളും ഒട്ടേറെ നടപടികളുമുണ്ടായി. 2013 മാർച്ച് 13 ന് ഫ്രാൻസീസ് മാർപാപ്പ കത്തോലിക്കാസഭയുടെ 266-ാം മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം ഇതുവരെ രണ്ട് സാധാരണ സിനഡുകളാണു നടന്നത്. 2015 ഒക്ടോബർ 4 മുതൽ 25 വരെ കുടുംബത്തെക്കുറിച്ചും 2018 ഒക്ടോബർ 3 മുതൽ 28 വരെ യുവജനങ്ങളെക്കുറിച്ചും നടന്ന സിനഡുകൾ അല്മായകേന്ദ്രീകൃതമായിരുന്നു. അല്മായസമൂഹത്തിനു സഭയിലുള്ള പ്രാധാന്യം ഏറെ ഉയർത്തിക്കാട്ടുന്ന ഈ സമീപനമാണ് പുതിയ ഭരണരേഖയിലും വെളിപ്പെടുത്തുന്നത്. മാർപാപ്പാ ലക്ഷ്യം വയ്ക്കുന്ന മൂന്നാമത് സിനഡായ സിനഡാത്മകസഭയാകട്ടെ ദൈവജനത്തെയൊന്നാകെ ഉൾക്കൊള്ളുന്നതുമാണ്.

**അല്മായ ഭരണപങ്കാളിത്തമെങ്ങനെ?**

സഭാഭരണത്തിന്റെ മുഖ്യവകുപ്പുകളായ 16 ഡികാസ്റ്ററികളുടെയും തലപ്പത്ത് ഏതൊരു വിശ്വാസിക്കും എത്തിച്ചേരാമെന്ന തുറന്ന സമീപനം അല്മായസമൂഹത്തിനു സഭാഭരണത്തിൽ വാതിലുകൾ തുറക്കുന്നതിനോടൊപ്പം, സഭയെന്നാൽ മെത്രാന്മാരുടെയും വൈദിക സന്ന്യസ്തരുടെയും മാത്രമല്ല അല്മായരുമുൾപ്പെടെ വിശ്വാസിസമൂഹത്തിന്റെയൊന്നാകെയാണെന്ന് മാർപാപ്പ ആവർത്തിച്ചു പറഞ്ഞുറപ്പിക്കുന്നു. അതതു വിഷയങ്ങളിൽ പ്രഗല്ഭരായിരിക്കണമെന്ന നിബന്ധനയും ഏറെ നല്ലതാണ്. മാമ്മോദീസാ സ്വീകരിച്ച് സഭാവിശ്വാസത്തിൽ അടിയുറച്ചു ജീവിക്കുന്ന, അറിവും പഠനവും നേതൃത്വപാടവവും വിശ്വാസതീക്ഷ്ണതയുമുള്ള വനിതകൾ ഉൾപ്പെടെ ഏതു കത്തോലിക്കാവിശ്വാസിക്കും ആഗോള കത്തോലിക്കാസഭയുടെ ഭരണസിരാകേന്ദ്രത്തിലെ വിവിധ ഭരണവകുപ്പുകളുടെ നേതൃത്വവും ഏറ്റെടുക്കാനാവും. നിലവിൽ പ്രധാനമായും കർദിനാൾമാരാണ് ഈ വകുപ്പുകളുടെ തലപ്പത്ത്.

ഇതിനോടകം അല്മായ മതാധ്യാപകരുടെ ശുശ്രൂഷയുടെ സ്ഥാപനവും സ്ത്രീകൾക്കു വായനാശുശ്രൂഷകരും അൾത്താരശുശ്രൂഷകരുമാകാനുള്ള അവസരവും തുറന്നുകൊടുത്തത് സഭയിലെ ചില പുത്തൻ ചുവടുവയ്പ്പുകളാണ്. വത്തിക്കാന്റെ സാമ്പത്തികകാര്യങ്ങളെക്കുറിച്ച് അഭിപ്രായവ്യത്യാസമുയർന്നപ്പോൾ മാർപാപ്പ 2020 ഓഗസ്റ്റിൽ ഇതിനു മേൽനോട്ടം വഹിക്കാൻ ചുമതലപ്പെടുത്തിയത് ആറു സ്ത്രീകളെയാണ്. മെത്രാൻ സിനഡിന്റെ വോട്ടവകാശമുള്ള സെക്രട്ടറിയായി സിസ്റ്റർ നത്താലി ബെക്കാർട്ടിനെ നിയമിച്ചതും മാറ്റങ്ങളുടെ തുടക്കമാണ്. ഇതിന്റെ തുടർച്ചയായി സഭയുടെ ഭരണതലങ്ങളിൽ അല്മായ പങ്കാളിത്തവും കൂട്ടായ്മയും സുവിശേഷവത്കരണവും വിശ്വാസപ്രഘോഷണവും ശക്തിപ്പെടുത്തുന്ന ഭരണപരിഷ്കാരങ്ങളും. ■

# നൂറ്റാണ്ടിന്റെ അനശ്വരതയിൽ സി.വി.

## മലയാളനോവൽസാഹിത്യത്തിന്റെ കുലപതിയായ സി.വി. രാമൻപിള്ളയുടെ ചരമശതാബ്ദിയോടനുബന്ധിച്ച് അദ്ദേഹത്തിന്റെ ചരിത്രാഖ്യായികയിലേക്ക് ഒരു എത്തിനോട്ടം



ഡാലിയ വിജയകുമാർ

മലയാളനോവൽസാഹിത്യത്തിന്റെ കുലപതി എന്നു വിശേഷിപ്പിക്കപ്പെടുന്ന മഹാപ്രതിഭയാണ് സി.വി.രാമൻപിള്ള. തന്റെ മുൻഗാമിയായിരുന്ന ചന്തുമേനോനെക്കാൾ ഒരു പടി മുന്നിലായിരുന്നു അദ്ദേഹത്തിന്റെ പ്രതിഭാവിലാസം. ചരിത്രവും ഭാവനയും ഇഴചേർന്ന സി.വി.യുടെ ആഖ്യായിക അത്രയേറെ ജീവിതത്തെ സ്വാംശീകരിക്കുന്നവയായിരുന്നു. മനുഷ്യജീവിതത്തിന്റെ നാനാമുഖങ്ങൾ ഒരു പ്രത്യേക കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്ന മനുഷ്യരെ കേന്ദ്രിതമാക്കി അവതരിപ്പിക്കാൻ സി.വി.ക്കുണ്ടായിരുന്ന കഴിവ് അനന്യസാധാരണമായിരുന്നു.


തികച്ചും ഒരു രാജ്യസ്നേഹിയും സമുദായസ്നേഹിയുമായിരുന്ന സി.വി. രാമൻപിള്ള തന്റെ രാജ്യവും സമുദായവും മികവുള്ളതും ശ്രേഷ്ഠവുമായിരിക്കണമെന്ന് അഭിലഷിച്ചിരുന്നു. ഒരു നല്ല ഭരണാധികാരിയുടെ കീഴിൽ സമത്വവും സാഹോദര്യവും നിറഞ്ഞ ഒരു രാജ്യമായിരിക്കണം തന്റേതെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. എന്നാൽ, അദ്ദേഹം ജീവിച്ചിരുന്ന കാലം ആ ലക്ഷ്യത്തിന് അനുയോജ്യമായിരുന്നില്ല. രാജ്യഭരണത്തിലും മറ്റുമുള്ള വിദേശികളുൾപ്പെടെയുള്ള അന്യദേശക്കാരുടെ ഇടപെടലും അതിൽനിന്നുണ്ടായ പ്രയാസങ്ങളും സിവിയെ വളരെ വിഷമിപ്പിച്ചിരുന്നു. തന്റെ സങ്കല്പങ്ങളും സമകാലികയാഥാർത്ഥ്യങ്ങളും തമ്മിലുള്ള അന്തരമാണ് പ്രജാക്ഷേമതത്പരരായ രാജാക്കന്മാരെക്കുറിച്ചും അവരുടെ സദ്ഭരണത്തെക്കുറിച്ചും എഴുതാൻ സി.വി.യെ പ്രേരിപ്പിച്ചത്.

സി.വി. രാമൻപിള്ളയുടെ കൃതികൾ ചരിത്രാഖ്യായികകളാണെന്നു പറഞ്ഞല്ലോ. തിരുവിതാംകൂർ ഭരിച്ചിരുന്ന രാജാക്കന്മാരുടെയും അവരെ ചുറ്റിപ്പറ്റിയുണ്ടായിരുന്ന ഉപജാപകസംഘത്തിന്റെയും ശത്രുപക്ഷത്തു കരുതിപ്പോന്നിരുന്നവരുടെയും സംഭവബഹുലമായ കഥകളാണ് അദ്ദേഹം നോവലുകളിൽ പറഞ്ഞുപോകുന്നത്.

1891 ൽ പ്രസിദ്ധീകരിച്ച മാർത്താണ്ഡവർമയാണ് ഇതിൽ ഒന്നാമത്തേത്. മലയാളത്തിലെ ആദ്യത്തെ ചരിത്രനോവലാണിത്. ലോകത്ത് മറ്റൊരിടത്തും നിലവിലില്ലാതിരുന്ന മരുമക്കത്തായത്തിന്റെ ദയനീയവും അതേ സമയം രസാവഹവുമായ ഒരു ചിത്രീകരണം ഇതിൽ കാണാം. ചരിത്രമെന്നത് സി.വി.യെ സംബന്ധിച്ചിടത്തോളം ഒരു മാധ്യമം മാത്രമായിരുന്നു. അതിലൂടെ അദ്ദേഹം സമകാലിക രാഷ്ട്രീയ, സാമൂഹികജീവിതത്തിന്റെ അതിവിശാലമായ ഒരു കാവ്യമാണ് എഴുതിവച്ചത്.

രാമവർമ മഹാരാജാവിന്റെ അനന്തരവനായ മാർത്താണ്ഡവർമയാണ് മുറപ്രകാരം തിരുവിതാംകൂറിന്റെ ഭരണാധികാരി. എന്നാൽ, മഹാരാജാവിന്റെ മക്കളായ പദ്മനാഭൻ തമ്പിയും സഹോദരന്മാരും രാജ്യത്തെ പൗരപ്രമുഖരായിരുന്ന എട്ടുവീട്ടിൽ പിള്ളമാരുടെ സഹായത്തോടെ പാരമ്പര്യത്തെ തിരുത്തിയെഴുതാൻ ശ്രമിക്കുന്നു. യുവരാജാവായ മാർത്താണ്ഡവർമ മാങ്കോയിക്കൽ കുറുപ്പിന്റെയും മറ്റും പിന്തുണയോടെ ഈ നീക്കത്തെ ശക്തിയുക്തം എതിർക്കുന്നു. മാർത്താണ്ഡവർമയുടെ ജീവിതത്തിലുണ്ടാകുന്ന പല ആപത്സന്ധികളിൽനിന്നും അദ്ദേഹത്തെ രക്ഷിക്കുന്ന ഭ്രാന്തൻ ചാന്നാനെന്നു വിളിക്കപ്പെടുന്ന ഒരു യുവാവുണ്ട്. ചില അവസരങ്ങളിൽ അയാൾ ഷംസുദ്ദീൻ എന്ന പേരിലും നോവലിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. അയാൾ യഥാർത്ഥത്തിൽ യുവരാജാവിന്റെ സഹായിയായ തിരുമുഖത്തുപിള്ളയുടെ പുത്രൻ അനന്തപദ്മനാഭനാണ്. പഞ്ചവൻകാട്ടിൽവച്ചുണ്ടായ ഒരു അപകടത്തിൽ അയാൾ കൊല്ലപ്പെട്ടുവെന്നാണ് ലോകം വിശ്വസിച്ചുപോന്നിരുന്നത്. മുറപ്പെണ്ണായ പാറുക്കുട്ടിയുടെ കാത്തിരുപ്പാണ് ഈ കഥയെ മുമ്പോട്ടു കൊണ്ടുപോകുന്നത്. കുടമൺപിള്ളയുടെ അനന്തരവളായ സുഭദ്രയും യുവരാജാവിനെ സഹായിക്കുന്നുണ്ട്. നോവലിനവസാനം അവൾ സ്വന്തം അമ്മാവനാൽ കൊല്ലപ്പെടുന്നു. മാർത്താണ്ഡവർമ മഹാരാജാവ് അധികാരമേറ്റെടുക്കുകയും പാറുക്കുട്ടിയും അനന്തപദ്മനാഭനും തമ്മിൽ വിവാഹിതരാവുകയും ചെയ്യുന്നിടത്തു നോവൽ അവസാനിക്കുന്നു.

മാർത്താണ്ഡവർമയുടെ തുടർച്ചയായിത്തന്നെ സി.വി. എഴുതിയ നോവലുകളാണ് ധർമരാജായും രാമരാജബഹദൂറും. അധികാരവടംവലിയിൽ മാർത്താണ്ഡവർമയ്ക്കെതിരേനിന്ന എട്ടുവീട്ടിൽ പിള്ളമാരിലെ കഴക്കൂട്ടത്തുപിള്ളയുടെ പിൻതലമുറയുടെ കഥയാണ് ധർമരാജാ. അഞ്ചു തലമുറകളുടെ കഥ സി.വി. ഇതിൽ വിവരിക്കുന്നു. കഴക്കൂട്ടത്തു തറവാട്ടിലെ ത്രിപുരസുന്ദരിക്കുഞ്ഞമ്മയുടെ മക്കൾ ഹരിപഞ്ചാനനയോഗീശ്വരന്മാരായി പ്രതികാരത്തിനുവേണ്ടി നാട്ടിൽ തിരിച്ചെത്തുന്നു. എട്ടുവീട്ടിൽ പിള്ളമാരുടെ കുടുംബങ്ങളിൽ അവശേഷിച്ചിരിക്കുന്നവരെ കൂട്ടിച്ചേർത്ത് ഒരു വിപ്ലവത്തിനു തന്നെ ഒരുക്കം കൂട്ടുന്നുണ്ട് അവർ. രാമനാമഠം പിള്ളയുടെ മകൻ കാളിയുടയാൻ കഴക്കൂട്ടത്തുപിള്ളയുടെ വസ്തുവകകൾ സ്വന്തമാക്കി ചിലമ്പിനേത്തു ചന്ദ്രക്കാറനായി വാഴുകയാണ്. നാട്ടിൽ മടങ്ങിയെത്തിയ കഴക്കൂട്ടത്ത് തറവാട്ടിലെ അനന്തരാവകാശിയായ ത്രിപുരസുന്ദരിക്കുഞ്ഞമ്മ വീട്ടുചെലവു നടത്തുന്നതിനായി വിൽക്കാൻ അനന്തമുദ്രമോതിരം കേശവൻകുഞ്ഞിനെ



ഏല്പിക്കുന്നു. ഈ അവസരം മുതലാക്കി രാജ്യദ്രോഹക്കുറ്റം ചുമത്തി കേശവൻ കുഞ്ഞിനെ ശിക്ഷ വാങ്ങിക്കൊടുക്കാൻ യോഗീശ്വരൻ കരുക്കൾ നീക്കുന്നു. കേശവൻകുഞ്ഞിനെ ഏതു വിധേനയും ദ്രോഹിക്കാൻ കച്ചകെട്ടിയിറങ്ങിയ ഹരിപഞ്ചാനനൻ തന്റെ ഉദ്യമത്തിൽ പരാജയപ്പെടുന്നു. പ്രതികാരത്തിനിറങ്ങിത്തിരിക്കുന്ന യോഗീശ്വരൻ നിരാശനാകുന്നു. വെടിമരുന്നുപുരയ്ക്ക് തീ കൊളുത്തി ഹരിപഞ്ചാനനന്മാർ മരണം വരിക്കുന്നു.

പൂർത്തീകരിക്കപ്പെടാനാവാതെ പോകുന്ന പ്രതികാരത്തിന്റെ കഥയാണ് ധർമരാജാ. നിരവധി അപ്രധാന കഥാപാത്രങ്ങളെ മിഴിവോടെ ഇതിൽ അവതരിപ്പിച്ചിട്ടുണ്ട്. അമാനുഷഭാവങ്ങളുള്ള കഥാപാത്രങ്ങളുടെ ഉള്ളിലിരിപ്പു വെളിവാക്കാൻ അവരുടെ ബാഹ്യചേഷ്ടകളാണ് സി.വി. ആയുധമാക്കുന്നത്. തനി തിരുവിതാംകൂർ സംഭാഷണശൈലി കഥാപാത്രങ്ങളുടെ സ്വഭാവം മനസ്സിലാക്കാൻ ഉപയുക്തമാണ്. കഥാപാത്രങ്ങളുമായി സി.വി. ഗാഢബന്ധം പുലർത്തുന്നു. അവരുമായി താദാത്മ്യം പ്രാപിച്ചാണ് സി.വി. തന്റെ ആത്മപ്രകാശനം നടത്തുന്നത്.

ടിപ്പുസുൽത്താന്റെ തിരുവിതാംകൂർ ആക്രമണവുമായി ബന്ധപ്പെട്ടതാണ് രാമരാജബഹദൂറിന്റെ ഇതിവൃത്തം. 'ധർമരാജ'യിൽനിന്ന്, എങ്ങനെയെന്നറിയാതെ അപ്രത്യക്ഷനാകുന്ന കാളിയുടയാൻ ചന്ദ്രക്കാറൻ മാണിക്യഗൗണ്ഡനെന്ന വ്യാജപ്പേരിൽ രംഗത്തുവരുന്നു. അയാൾ ചെന്നു ചാടുന്ന അപകടങ്ങൾക്കു കണക്കില്ല. തന്റെ ഭാര്യ മീനാക്ഷിയെ സംശയിക്കുന്ന കേശവനുണ്ണിത്താൻ, മകൾ സാവിത്രിയെ ടിപ്പുവിന്റെ ചാരനായ അജിതസിംഹനു വിവാഹം കഴിച്ചുകൊടുക്കാൻ തീരുമാനിക്കുന്നു. സാവിത്രിയാകട്ടെ ദിവാന്റെ അംഗരക്ഷകനായ ത്രിവിക്രമകുമാരനുമായി പ്രണയത്തിലാണ്. ആക്രമണത്തിനു തയ്യാറായി വന്ന ടിപ്പുവിന്റെ സൈന്യം പെരിയാറ്റിലുണ്ടായ അതിശക്തമായ വെള്ളപ്പൊക്കം നിമിത്തം ജീവനുംകൊണ്ടു പലായനം ചെയ്യുന്നു. കാറും കോളുമടങ്ങി രാജ്യം വീണ്ടും ശാന്തമാകുന്നു.


സി.വി.യുടെ ചുറ്റവട്ടത്തു കണ്ടിരുന്ന കഥാപാത്രങ്ങളെയാണ് അദ്ദേഹം തന്റെ എഴുത്തിലൂടെ പകർത്തിവെച്ചത്. തിന്മയിലൂടെ നടക്കുമ്പോഴും നന്മയുടെ ഉറവ കാത്തുസൂക്ഷിക്കുന്നവരാണ് അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ. 18–19 നൂറ്റാണ്ടുകളിലെ കേരളത്തിന്റെ രാഷ്ട്രീയഗതികളുടെ നേർച്ചിത്രമാണ് സി.വി. കൃതികളിൽ നിറഞ്ഞുനിൽക്കുന്നത്. തികച്ചും ഒരു രാജഭക്തനായിരുന്ന സി.വി. തന്റെ ബഹുമാനപാത്രമായ രാജാവിന്റെ മഹത്ത്വമല്ലാതെ എതിർപക്ഷത്തു നില്ക്കുന്നവരുടെ ഭാഗത്തുള്ള ഒരു ന്യായവും നന്മയും അംഗീകരിച്ചിരുന്നില്ല. സി.വി. കൃതികളുടെ ഒരു പോരായ്മയായി ഇക്കാര്യം മാത്രമേ പറയാനുള്ളൂ.

ചരിത്രനോവലുകൾക്കു പുറമേ കുറുപ്പില്ലാക്കളരി, തെന്തനാംകോട്ട് ഹരിശ്ചന്ദ്രൻ, ഡോക്ടർക്ക് കിട്ടിയ മിച്ചം, ബട്ട്ലർ പപ്പൻ തുടങ്ങി ഒൻപതോളം ഹാസ്യനോവലുകളും സി.വി. രചിച്ചിട്ടുണ്ട്. 1881 ൽ യൂണിവേഴ്സിറ്റി കോളജിൽനിന്ന് ബി.എ. പാസായ സി.വി. മാധ്യമപ്രവർത്തനവും നടത്തിയിരുന്നു. കേരള പേട്രിയറ്റ് എന്ന പത്രം നടത്തുകയും മലയാളി, വഞ്ചിനാട്, മിതഭാഷി എന്നിവയിൽ പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

അക്ഷരത്തറവാട്ടിലെ ഈ കാരണവർ വിടവാങ്ങിയിട്ട് മാർച്ച് 21 ന് ഒരു നൂറ്റാണ്ട് തികഞ്ഞു. ചരിത്രാഖ്യായികയുടെ തലതൊട്ടപ്പനായ സി.വി. നൂറ്റാണ്ടിനുശേഷവും മലയാളസാഹിത്യത്തിലെ ഗിരിശൃംഗമായിത്തന്നെ നിലകൊള്ളുന്നു.

---

**കവിത** — **പുത്തൻവേലിക്കര സുകുമാരൻ**




ഈ മരം വേരറ്റു വീഴുവോളം നമു-
ക്കീ മലർച്ചില്ലയിലായിരിക്കാം;
പച്ചിലപ്പട്ടുകുടക്കീഴിൽ സ്വപ്നങ്ങൾ
നെയ്തുമഴിച്ചും രമിച്ചിരിക്കാം
ഇന്നോളമീ നമ്മൾ പാടാത്ത പാട്ടിന്റെ-
യീരടി പാടി രസിച്ചിരിക്കാം
ഇപ്പഴംകൂട്ടിലിനിയും നമുക്കാത്മ-
നിർവൃതിയിലേകീഭവിച്ചിരിക്കാം!
കാടും മലകളും ചുറ്റിയെത്തും കൊടു-
ങ്കാട്ടിലീവൃക്ഷവും വീണുപോകാം
ഈ മരം വേരറ്റു വീണാൽ നമുക്കങ്ങ്
നീലിമ നോക്കിപ്പറന്നുപോകാം
അവിടെയുണ്ടെന്നും വെളിച്ചമണയാത്ത
ഭവികപ്രഭാനിലയനങ്ങൾ
അതുവരെ,യീമരം നിപതിച്ചിടുംവരെ
അഭയം നമുക്കൊന്നിവിടെ മാത്രം!

# ക്രിസ്തുവിന്റെ വിശ്വസനീയരായ സാക്ഷികൾ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

***കർദിനാൾ റോബർട്ട് സറായുടെ 'എന്നന്നേക്കും' (For the Eternity) എന്ന ഗ്രന്ഥം പങ്കുവയ്ക്കുന്ന പൗരോഹിത്യ ചിന്തകളുടെ ഒരു അവലോകനം***

**VIII**

2008 ഓഗസ്റ്റ് 6-ാം തീയതി വടക്കേ ഇറ്റലിയിലെ ബ്രസാനോണെ രൂപതയിലെ വൈദികരോട് ബനഡിക്ട് പതിനാറാമൻ ചെയ്ത പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു:

വൈദികരുടെ ചോദ്യങ്ങൾക്കും നിരീക്ഷണങ്ങൾക്കും ഭാഗികമായ മറുപടി മാത്രമാണു നല്കുന്നതെന്ന് ബനഡിക്ട് പാപ്പാ ആദ്യമേ വ്യക്തമാക്കുന്നു. രണ്ട് അടിസ്ഥാനകാര്യങ്ങൾ വിശദീകരിക്കാനാണ് അദ്ദേഹം ഉദ്ദേശിച്ചത്. പൗരോഹിത്യത്തിനു പകരം സംവിധാനം അസാധ്യമാണ്. പൗരോഹിത്യശുശ്രൂഷയുടെ അർത്ഥവും നിർവഹണരീതിയും ഇന്ന് എപ്രകാരമായിരിക്കണമെന്ന കാര്യം ഒരു വശത്തു പരിഗണിക്കപ്പെടണം. മറുവശത്തു മുൻകാലങ്ങളിലേതിനെക്കാൾ കൂടുതലായി അല്മായരുടെ വിവിധ സിദ്ധികൾ സഭയുടെ ഭാഗമായി വളർന്നുവരുന്നു എന്ന വസ്തുത കണക്കിലെടുക്കണം. ഈ സിദ്ധികളെ പുരോഹിതൻ പ്രോത്സാഹിപ്പിക്കുകയും ഉടമകളായിട്ടുള്ളവർ അവരുടെ ഭാഗത്തുനിന്ന് പുരോഹിതനെ പിന്തുണയ്ക്കുകയും ചെയ്യണം. ഇന്ന് സഭയുടെ വളർച്ച കൈവരിക്കേണ്ടത് ഈ പരസ്പരസഹകരണത്തിലൂടെയാണ് എന്ന് ബനഡിക്ട് പാപ്പാ പ്രസ്താവിക്കുന്നു.

ദൈവത്തിനു പൂർണമായും ആത്മസമർപ്പണം ചെയ്യുന്നവനാണു പുരോഹിതൻ. അതുവഴി അവൻ 'എല്ലാവർക്കുംവേണ്ടി'യുള്ളവനാവുകയും ചെയ്യുന്നു. പൗരോഹിത്യബ്രഹ്മചര്യം ഈ സമർപ്പണത്തിന്റെ പശ്ചാത്തലത്തിലാണു മനസ്സിലാക്കേണ്ടതെന്നും നിത്യമായ ജീവിതത്തിൽ വിശ്വസിക്കുന്നവർക്കുമാത്രമേ ബ്രഹ്മചര്യത്തിന്റെ അർത്ഥം ഗ്രഹിക്കാനാകൂ എന്നും പാപ്പാ വ്യക്തമാക്കുന്നു.

വി. കുർബാനയിൽനിന്ന് സഭയെ പടുത്തുയർത്തുകയും പാപവിമോചനത്തിലൂടെ അവളെ ശുദ്ധീകരിക്കുകയും ചെയ്യുന്ന പൗരോഹിത്യമെന്ന കൂദാശ അനിവാര്യമാണ്. വൈദികരുടെ ദൗർലഭ്യം കണക്കിലെടുത്ത് ബനഡിക്ട് പതിനാറാമൻ പാപ്പാ അവരോടു പറഞ്ഞു: "ഒരേ സമയം നിരവധി ഇടവകകളുടെ ചുമതല വഹിക്കേണ്ടിവരുന്നതും അസംഖ്യം ആലോചനാസമിതികളിൽ ആധ്യക്ഷ്യം വഹിക്കേണ്ടിവരുന്നതും ഒരു വൈദികന് താങ്ങാവുന്നതിലധികമാണ്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ചില പരിമിതികൾ വയ്ക്കുന്നതിനുള്ള ധൈര്യവും മുൻഗണനാക്രമം നിശ്ചയിക്കുന്നതിനുള്ള വിവേചനാശക്തിയും വൈദികർക്ക് ഉണ്ടായിരിക്കണം.

വളരെ പ്രധാനപ്പെട്ട ഈ നിർദേശം വയ്ക്കുന്നത് പുരോഹിതന് പ്രാർത്ഥനയിൽ കർത്താവിനോടുകൂടി ആയിരിക്കാൻ സമയം കണ്ടെത്തുന്നതിനാണ്. വിശുദ്ധ ചാൾസ് ബൊറോമെയോയുടെ വാക്കുകൾ അവിടെ ഉദ്ധരിക്കുന്നുണ്ട്: "നിങ്ങളുടെ ആത്മാക്കളെ നശിച്ചുപോകാൻ അനുവദിച്ചാൽ, മറ്റുള്ളവരുടെ കാര്യത്തിൽ ശ്രദ്ധ ചെലുത്താൻ നിങ്ങൾക്കു സാധിക്കുകയില്ല. അവസാനം മറ്റുള്ളവർക്കുവേണ്ടിപ്പോലും നിങ്ങൾ തുടർന്ന് ഒന്നും ചെയ്യുകയില്ല. ദൈവത്തോടുകൂടി ആയിരിക്കാൻ നിങ്ങൾക്ക് എപ്പോഴും സമയമുണ്ടായിരിക്കണം."

ബനഡിക്ട് മാർപാപ്പ അതുകൊണ്ട് ദിവസേന ഒരു മണിക്കൂർ നിശ്ശബ്ദതയിൽ കർത്താവിനോടുകൂടെയായിരിക്കാനാണ് വൈദികരെ ഉപദേശിക്കുന്നത്. ഈ പ്രാർത്ഥനവഴി പുരോഹിതർക്ക് എപ്പോഴും പരിശുദ്ധാത്മാവിന്റെ സ്നേഹവലയത്തിന്റെ പരിധിക്കുള്ളിലായിരിക്കാൻ സാധിക്കുന്നു.

അത്യാവശ്യ അവസരങ്ങളിൽ തങ്ങളുടെ സാന്നിധ്യം അതിന്റെ മുൻഗണനാക്രമം അനുസരിച്ചു മാത്രമേ സാധ്യമാകൂ എന്ന് ബനഡിക്ട് പാപ്പാ വൈദികരെ ഓർമിപ്പിക്കുന്നു. ഒരിടവകയിലെ മരണാസന്നർ, രോഗികൾ, കുട്ടികൾ, യുവജനങ്ങൾ ഇവർക്കെല്ലാം സംലഭ്യരാവണം. ഇതാണ് പരിശുദ്ധ പിതാവ് നിർദേശിക്കുന്ന മുൻഗണനാക്രമം. ആകർഷകമായ പല വേദികളും അല്മായപ്രേഷിതരെ ഏല്പിക്കാനുള്ള എളിമ പുരോഹിതന് ഉണ്ടായിരിക്കണമെന്നും ബനഡിക്ട് മാർപാപ്പാ അഭിപ്രായപ്പെടുന്നു. അല്മായരെ അവരുടെ സിദ്ധികൾക്കനുസൃതം ഏല്പിക്കാവുന്ന കാര്യങ്ങൾ ഏവയെന്നു രൂപതാതലത്തിൽ ചർച്ച ചെയ്തു തീരുമാനിക്കണം.

**വൈദികരുടെ ഐക്യം**

ബനഡിക്ട് മാർപാപ്പാ ഏറെ പ്രധാനപ്പെട്ടതായി വീക്ഷിക്കുന്ന മറ്റൊരു കാര്യം വൈദികരുടെ പരസ്പരസമ്പർക്കവും ഐക്യവുമാണ്. വൈദികൻ, ഒറ്റപ്പെട്ടവനായി സങ്കടങ്ങളുടെ ഒരു നീണ്ട നിര ഉള്ളിലൊതുക്കി ഏകാന്തതയിൽ കഴിയേണ്ടവനല്ല. പരസ്പരം തുണയാകേണ്ടവരാണു തങ്ങളെന്ന ബോധ്യത്തോടെ കൃത്യമായ ഇടവേളകളിൽ വൈദികർ ഒന്നിച്ചുവരണം. ഇക്കാലത്ത് വാഹനസൗകര്യമുള്ളതുകൊണ്ട് ഈ കൂടിവരവുകൾ എളുപ്പമാണെന്നും ബനഡിക്ട് പാപ്പാ പറയുന്നുണ്ട്. ഇതിനെല്ലാം നേതൃത്വവും സൗകര്യവും ചെയ്തുകൊടുത്തുകൊണ്ട് രൂപതാദ്ധ്യക്ഷൻ ഒപ്പം ഉണ്ടാകണമെന്നും മാർപാപ്പാ നിർദേശിക്കുന്നു. പരസ്പരം സഹായിക്കുകയും ഐക്യത്തിൽ കഴിയുകയും ചെയ്യുന്ന പുരോഹിതസഖ്യത്തിന് (പ്രെസ്ബിത്തേരിയം) കർത്താവ്, അജപാലനകാര്യങ്ങളിൽ, ശരിയായ വഴി കാണിച്ചുതരുമെന്നു പ്രസ്താവിച്ചുകൊണ്ടാണ് ബനഡിക്ട് പതിനാറാമൻ ഈ പ്രസംഗം സമാപിപ്പിക്കുന്നത്.

എമിരറ്റസ് പാപ്പായുടെ പ്രായോഗികമായ ഈ നിർദേശങ്ങളെ സംബന്ധിച്ച് കർദിനാൾ റോബർട്ട് സറാ തന്റെ വിചിന്തനങ്ങൾ ഈ ഗ്രന്ഥത്തിൽ പങ്കുവയ്ക്കുന്നുണ്ട്.

**മാറ്റങ്ങൾ സംഭവിക്കാത്തത് എന്തുകൊണ്ട്?**

കർദിനാൾ റോബർട്ട് സറായുടെ പ്രഥമനിരീക്ഷണം പാശ്ചാത്യദൈവശാസ്ത്രജ്ഞന്മാരുടെ ചിന്താരീതിയെക്കുറിച്ചാണ്. ബൗദ്ധികമായി എല്ലാറ്റിനും പാശ്ചാത്യലോകത്തിന്റെ ചിന്താഗതികൾക്കനുസരിച്ച് താത്ത്വികമായ വിശദീകരണം ഭംഗിയായി പറഞ്ഞുവയ്ക്കും. പ്രായോഗിക ജീവിതത്തിൽ മാറ്റം ഉണ്ടാകണമെന്ന് അവർ ആഗ്രഹിക്കുന്നില്ല. അവരുടെ ലോകത്തിനപ്പുറം സഭയുണ്ടെന്നുതന്നെ അവർ മറന്നുപോകുന്നു എന്ന് കർദിനാൾ സറാ പ്രസ്താവിക്കുന്നുണ്ട്.

അദ്ദേഹം നല്കുന്ന ഉദാഹരണം നോമ്പാചരണത്തെക്കുറിച്ചാണ്. വലിയ നോമ്പിന്റെ ആരംഭത്തിൽ ഈ പാശ്ചാത്യചിന്തകർ ബാഹ്യമായ നോമ്പാചരണമല്ല ഹൃദയത്തിലുള്ള മാറ്റങ്ങളാണു പ്രധാനപ്പെട്ടത് എന്നു പറയും. ഫലത്തിൽ നോമ്പും ഉപവാസവും ഇല്ലാതാകും. കാരണം മനുഷ്യനു ശരീരമുണ്ടെന്ന വസ്തുത തന്നെ സൗകര്യപൂർവ്വം ഇക്കൂട്ടർ മറക്കുകയും ഭക്ഷണത്തിലും മറ്റും നിയന്ത്രണങ്ങൾ വരുത്തുന്നത് അത്യാവശ്യമല്ലെന്നു ചിത്രീകരിക്കുകയും ചെയ്യുന്നു. കർത്താവുതന്നെ ഉപവസിച്ചിരുന്നു എന്ന വസ്തുതപോലും അവർ മറന്നുപോകുന്നു!

അപ്പസ്തോലനടപടികൾ വിവരിക്കുന്നതിനനുസൃതം എല്ലാം ഒന്നിച്ചനുഭവിക്കുന്ന ഒരു സമൂഹജീവിതം പുരോഹിതന്മാർ നയിക്കേണ്ടതല്ലേ എന്ന് കർദിനാൾ സറാ ചോദിക്കുന്നു. ഒരു പൗരോഹിത്യപന്തക്കുസ്താ ഇന്നിന്റെ ആവശ്യമാണ്.

പരിശുദ്ധാത്മാവാണ് പൗരോഹിത്യവിശുദ്ധീകരണത്തിന്റെ ഉറവിടമെന്നും കർദിനാൾ നിരീക്ഷിക്കുന്നു.

"ഇസ്രായേൽ സമൂഹത്തോടു പറയുക. നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ, എന്തെന്നാൽ, നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ്" (ലേവ്യർ 19,2). ഈശോയുടെ പൗരോഹിത്യപ്രാർത്ഥനയിലും പിതാവായ ദൈവത്തോട് ശ്ലീഹന്മാരുടെ 'സത്യത്തിലുള്ള വിശുദ്ധീകരണത്തിനായി' പ്രാർത്ഥിക്കുന്നു (യോഹ. 17:17-19).



**വൈദികരുടെ സമൂഹജീവിതം**

ഏതു നദിക്കും ഉദ്ഭവസ്ഥാനവും പോഷകനദികളും ആവശ്യമാണ് എന്നതുപോലെ വൈദികരുടെ ജീവിതത്തിൽ മറ്റുള്ളവരോടു യോജിച്ച് സമൂഹജീവിതം ആവശ്യമാണെന്ന് കർദിനാൾ സറാ പ്രസ്താവിക്കുന്നു. ഒന്നിച്ചു പ്രാർത്ഥിക്കുകയും സ്നേഹത്തിലും ഐക്യത്തിലും വർത്തിക്കുകയും ചെയ്താലേ വിശ്വസനീയമായ സാക്ഷ്യം വഹിക്കാൻ സാധിക്കുകയുള്ളൂ. വി. കുർബാന ഈ ഐക്യത്തിന്റെ കൂദാശയാണ്.

ഈ സമൂഹജീവിതം പരീക്ഷിക്കാവുന്ന ഒരിടമായിട്ടാണ് റോമൻ കൂരിയായെ കർദിനാൾ സറാ കാണുന്നത്. നോമ്പുകാലത്തെ ധ്യാനത്തിന് പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പാ കൂരിയായിലെ അംഗങ്ങളോടൊപ്പം പങ്കെടുക്കുന്നത് ഈ സമൂഹജീവിതത്തിനുള്ള ആദ്യചുവടുവയ്പ്പാണെന്നും അദ്ദേഹം കണക്കാക്കുന്നു. ■




ഗിരീഷ് കെ. ശാന്തിപുരം

മധുരനായ്ക്കൻപടയുടെ മിന്നലാക്രമണങ്ങൾ പലപ്പോഴും ഉണ്ടായിരിക്കൊണ്ടിരുന്നു. അതാകട്ടെ തിരുവിതാംകൂറിനു വല്ലാത്ത തലവേദനയും സൃഷ്ടിച്ചിരിക്കുന്നു. ഇങ്ങിനി വരാത്തവണ്ണം നായ്ക്കൻപടയെ പ്രഹരിക്കണമെന്ന് മാർത്താണ്ഡവർമ തീർച്ചപ്പെടുത്തി.

ഇത്തവണ നായ്ക്കൻപടയെ തിരുവിതാംകൂർ നേരിട്ടത് ക്യാപ്റ്റൻ ഡിലനായിയുടെ നേതൃത്വത്തിലായിരുന്നു. നവീനമായ യുദ്ധതന്ത്രങ്ങളുമായി പടനീക്കം നടത്തിയ തിരുവിതാംകൂർ സേനയ്ക്കുമുമ്പിൽ മധുരപ്പട അമ്പേ പരാജയപ്പെട്ടു പിൻവാങ്ങി.

പരാജയപ്പെട്ടിരിക്കുന്നെങ്കിലും മധുരപ്പടയുടെ ആക്രമണം മഹാരാജാവ് വീണ്ടും പ്രതീക്ഷിച്ചിരുന്നു. അത് ഉടനെ ആകില്ലെന്നു മാത്രം.

കായംകുളത്തെ വരുതിയിലാക്കിയ മാർത്താണ്ഡവർമ, തെക്കുംകൂർ, വടക്കുംകൂർ, ചെമ്പകശേരി എന്നീ നാട്ടുരാജ്യങ്ങളെയും കീഴ്പ്പെടുത്തി.

മാർത്താണ്ഡവർമയുടെ വളർച്ച ഡച്ചുകാർക്ക് വളരെ അസ്വസ്ഥത ജനിപ്പിക്കുന്നതായിരുന്നു. കുളച്ചലിൽവച്ചുണ്ടായ പരാജയത്തിനുശേഷം തിരുവിതാംകൂറിനോടു വീണ്ടുമൊരേറ്റുമുട്ടൽ ഡച്ചുകാർക്ക് സാധ്യമാവാതെയും വന്നു. മാർത്താണ്ഡവർമ മാത്രമല്ല ഡച്ചുകാരുടെ ഉറക്കം കെടുത്തിയത്. കുരുമുളകുവ്യാപാരത്തിൽ ഇംഗ്ലീഷുകാരും ഡച്ചുകാരുടെ ശത്രുക്കളായിരുന്നു.

ഉമയമ്മറാണിയുടെ കാലത്താണ് ഇംഗ്ലീഷുകാർക്ക് അഞ്ചുതെങ്ങിൽ കുരുമുളകുവ്യാപാരത്തിനു കൂടുതൽ ആനുകൂല്യങ്ങൾ ലഭിച്ചത്. ആറ്റിങ്ങൽ റാണിയിൽനിന്ന് നേരത്തേതന്നെ ഇംഗ്ലീഷുകാർ അഞ്ചുതെങ്ങിൽ കുറച്ചു സ്ഥലം കൈവശമാക്കി വച്ചിരുന്നു.

രവിവർമയുടെ കാലത്താണ് അഞ്ചുതെങ്ങിൽ ഇംഗ്ലീഷുകാർ കോട്ടയും കുരുമുളകുസംസ്കരണഫാക്ടറിയും സ്ഥാപിച്ചത്. അക്കാലത്ത് കുരുമുളകുവ്യാപാരത്തിന്റെ കുത്തകാവകാശം ഇംഗ്ലീഷുകാർ നേടിയിരുന്നു.

ഇംഗ്ലീഷുകാരുമായി ഒരു വ്യാപാരയുദ്ധംതന്നെ വേണ്ടിവരുമെന്നതിനാൽ മാർത്താണ്ഡവർമയുമായുള്ള ശത്രുത തങ്ങളുടെ വ്യാപാരതാത്പര്യങ്ങൾക്കു ഹാനികരമാകുമെന്ന് ഡച്ചുകാർ കണക്കുകൂട്ടുകയും മാർത്താണ്ഡവർമയുമായുണ്ടാക്കിയ മാവേലിക്കര ഉടമ്പടിയനുസരിച്ച് ഡച്ചുകാർ രാഷ്ട്രീയകിടമത്സരങ്ങളിൽ പക്ഷം പിടിക്കുന്നതല്ലെന്നും ആത്മരക്ഷയ്ക്കുവേണ്ടിയല്ലാതെ ബലം പ്രയോഗിക്കുന്നതല്ലെന്നും സമ്മതിച്ചു.

ക്യാപ്റ്റൻ ഡിലനായിയുടെ നേതൃത്വം കുറച്ചൊന്നുമല്ല തിരുവിതാംകൂർസേനയ്ക്ക് ആത്മബലം നല്കിയത്. തന്റെ പട്ടാളം നവീകരിക്കപ്പെടുകയാണ്. തിരുവിതാംകൂർ, യുദ്ധങ്ങളിൽ തുടരെ വിജയിക്കുന്നു. മാർത്താണ്ഡവർമ മഹാരാജാവ് സംപ്രീതനായി.

മാർത്താണ്ഡവർമ മഹാരാജാവ് രാജസദസ്സ് വിളിച്ചുകൂട്ടി. ഉദയഗിരിയിലെ താമസസ്ഥലത്തുനിന്ന് ക്യാപ്റ്റൻ ഡിലനായിയെ ആളയച്ചു വരുത്തി.

കൊട്ടാരം ദൂതനെത്തി മഹാരാജാവിനെ മുഖം കാണിക്കണമെന്നാവശ്യപ്പെട്ടപ്പോൾ ഡിലനായിക്കു പ്രത്യേകിച്ചൊരു വികാരവും തോന്നിയില്ല. അനവസരത്തിലുള്ള ഈ കൂടിക്കാഴ്ച എന്തിനെന്നുപോലും സന്ദേഹപ്പെട്ടില്ല.

എന്തെന്നാൽ, സകലജഡ ഖിന്നതകളെയും തരണം ചെയ്യാൻ പ്രാപ്തനായിരുന്നു ക്യാപ്റ്റൻ ഡിലനായി. ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ അദ്ദേഹത്തിന്റെ കാലുകൾ ഇടറുകയോ കരങ്ങൾ വിറയ്ക്കുകയോ ചെയ്തില്ല.

ക്യാപ്റ്റൻ ഡിലനായ് കൊട്ടാരത്തിലെത്തിയപ്പോൾ രാജസദസ്സ് പൂർണമായിരുന്നു. മന്ത്രി രാമയ്യൻ, കാര്യവിചാരകന്മാർ, ഉപദേശകർ തുടങ്ങിയവരെല്ലാം സന്നിഹിതരായിരിക്കുന്നു; ഒപ്പം നീലകണ്ഠനും.



ഇതിനോടകം നീലകണ്ഠൻ രാജാവിന് ഏറെ പ്രീതിപ്പെട്ടവനായി ഭവിച്ചിരുന്നു. നീലകണ്ഠം സ്വാമിക്ഷേത്രഭരണം കൂടാതെ കൊട്ടാരസംബന്ധിയായ മറ്റു ചില കാര്യങ്ങൾകൂടി മഹാരാജാവ് നീലകണ്ഠനെ ഉത്തരവാദിത്വപ്പെടുത്തുകയും ചെയ്തു.

കൊട്ടാരകാര്യങ്ങളുടെ മേൽനോട്ടം വഹിക്കുക. പട്ടാളക്കാർക്കു ശമ്പളം കൊടുക്കുക. പത്മനാഭപുരത്തും ഉദയഗിരിയിലും പണിയുന്ന കോട്ടകൾക്ക് ആവശ്യമായ നിർമാണസാമഗ്രികൾ എത്തിച്ചുകൊടുക്കുക. പണിക്കാർക്കു കൂലി കൊടുക്കുക തുടങ്ങി അനവധികാര്യങ്ങൾ മഹാരാജാവ് തിരുമനസ്സുകൊണ്ട് നീലകണ്ഠനെ ഉത്തരവാദിത്വപ്പെടുത്തിയിരുന്നു. ആയതൊക്കെയും ഭംഗിയായി നിർവഹിച്ചുപോരുന്നതിൽ നീലകണ്ഠൻ ഒരു വീഴ്ചയും വരുത്തിയിരുന്നില്ല. മഹാരാജാവിന് നീലകണ്ഠൻ എല്ലാ അർത്ഥത്തിലും അഭിമതനായിക്കഴിഞ്ഞിരുന്നു.

മഹാരാജാവിനും കൊട്ടാരമുഖ്യന്മാർക്കും ഇടയിലേക്കു കടന്നു വന്ന ക്യാപ്റ്റൻ ഡിലനായി മഹാരാജാവിനെ വണങ്ങിനിന്നു. ഡിലനായിക്കു നേരേ അർത്ഥഗർഭമായി ചിരിച്ചുകൊണ്ട് മഹാരാജാവ് പറഞ്ഞു:

“നാം കൊട്ടാരത്തിലേക്കു താങ്കളെ ക്ഷണിച്ചുവരുത്തിയത് സന്തോഷകരമായ ഒരു സംഗതി അറിയിക്കുന്നതിലേക്കാണ്. ആയതിനു സാക്ഷികളാകാൻവേണ്ടിയാണ് നാം കൊട്ടാരമുഖ്യന്മാരെ വരുത്തിയതും.”

എന്താണ് മഹാരാജാവ് തിരുമനസ്സുകൊണ്ട് മൊഴിയാൻ പോകുന്നതെന്നോർത്ത് രാജസദസ്സിൽ കൂടിയിരുന്നവരെല്ലാം ആകാംക്ഷയോടെ കാതുകൂർപ്പിച്ചു. ഡിലനായിയിൽ മാത്രം നിസംഗമായ ഒരു ഭാവമായിരുന്നു.

കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ ഒരു കാര്യങ്ങളും ഡിലനായിയിൽ അലകൾ സൃഷ്ടിക്കുന്നില്ല. നങ്കൂരമിട്ട കപ്പലിനെ അലകൾ കുലുക്കും. എന്നാൽ, ഒഴുക്കിക്കൊണ്ടു പോവില്ല.

“കല്പിച്ചരുളിയാലും മഹാരാജൻ.” ഡിലനായി പറഞ്ഞു.

“തിരുവിതാംകൂർസേനയുടെ സകല ഉത്തരവാദിത്വങ്ങളും നാം താങ്കളെ ഏല്പിക്കുന്നു. ഇന്നുമുതൽ താങ്കളെ നാം തിരുവിതാംകൂറിന്റെ വലിയ കപ്പിത്താൻ എന്ന പദവിയിലേക്കുയർത്തി പ്രതിഷ്ഠിക്കുന്നു. താങ്കളുടെ താമസസൗകര്യത്തിനായി ഉദയഗിരിക്കോട്ടയോടനുബന്ധിച്ച് ഒരു മാളികയും നാം നിർമിച്ചു നല്കുന്നുണ്ട്.”

ആഹ്ലാദകരമായിരുന്നു മഹാരാജാവിന്റെ പ്രഖ്യാപനങ്ങൾ. പക്ഷേ, ക്യാപ്റ്റൻ ഡിലനായിക്ക് അമിതാഹ്ലാദമൊന്നും തോന്നിയില്ല. എങ്കിലും അദ്ദേഹം സർവശക്തനായ ദൈവത്തിനു നന്ദി പറഞ്ഞു. അവന്റെ കരുണ മഞ്ഞുവർഷംപോലെയും വടവൃക്ഷത്തിന്റെ നിഴൽപോലെയും തന്റെ മുകളിലുണ്ട്.

കൊട്ടാരമുഖ്യന്മാരെല്ലാം ഡിലനായിയെ പ്രശംസകൊണ്ടു പൊതിഞ്ഞു. അതൊന്നും ഡിലനായി കാര്യമാക്കിയില്ല. മനുഷ്യരുടെ മുഖസ്തുതികളിൽ അഭിരമിക്കുന്നവർ പുകമറകൊണ്ട് ഭവനം സൃഷ്ടിക്കുകയാണ്. കീർത്തി വെറും മായയാണ്. മനുഷ്യജീവിതംപോലെതന്നെ വെറും മായ.

മനുഷ്യരിൽ ആരെങ്കിലും മരണത്തിനും പാപത്തിനും അതീതരാണോ? എല്ലാ മനുഷ്യരും പാപികളും ദ്രവത്വമുള്ളവരും ക്ഷീണിതരും രോഗത്തിനും മരണത്തിനും അടിമപ്പെട്ടവരും വേദനയ്ക്കും ഭയത്തിനും വിധേയരുമാണ്. ഫറവോനെപ്പോലെയോ ഏറ്റവും നിസ്സാരജീവിയെപ്പോലെയോ അനേകകഷ്ടനഷ്ടങ്ങൾക്കു വിധേയരാണ്. ഇതിന്റെയെല്ലാം ആകത്തുക ഭൂമിയിലെ മനുഷ്യജീവിതം ഒരു മായയത്രേ.

ഉദയഗിരിയിലേക്കുള്ള മടക്കയാത്രയിൽ ക്യാപ്റ്റൻ ഡിലനായിയോടൊപ്പം നീലകണ്ഠനുമുണ്ടായിരുന്നു. വളരെ കുറഞ്ഞൊരു കാലത്തെ സൗഹൃദം മാത്രമാണ് അവർ തമ്മിലുണ്ടായിരുന്നത്.

പരിചയപ്പെട്ടപ്പോൾത്തന്നെ ക്യാപ്റ്റൻ ഡിലനായിക്ക് നീലകണ്ഠനോട് ഒരു ബഹുമാനം തോന്നി. നീലകണ്ഠനോടെന്നല്ല ആരോടും ഡിലനായി ബഹുമാനത്തോടെ മാത്രമേ പെരുമാറിയിരുന്നുള്ളൂ. അത് ക്യാപ്റ്റന്റെ ജന്മനാടിന്റെ പാരമ്പര്യമാണ്. മഹത്തരമായ ഒരു സംസ്കാരം.

ഓരോ ഭാഷയ്ക്കും ഓരോ സംസ്കാരമുണ്ട്. ആ ഭാഷ സംസാരിക്കുന്ന ആളുകൾക്കുമുണ്ടാകും ആ സംസ്കാരം. നീലകണ്ഠനും സംസ്കാരസമ്പന്നനാണ്.

മിതഭാഷിയാണ് നീലകണ്ഠൻ. അളന്നു മുറിച്ച വാക്കുകൾ. ശബ്ദം ഗാംഭീര്യമാർന്നതെങ്കിലും കേഴ്വിക്ക് ഇമ്പമുള്ളത്. തുടുത്ത മുഖത്ത് എപ്പോഴും ഒരു മന്ദഹാസം കളിയാടി നിന്നിരുന്നു. പ്രസന്നരഹിതമായ മുഖത്തോടെ നീലകണ്ഠനെ ഒരിക്കലും കാണാൻ കഴിയില്ല.

ക്ഷൗരം ചെയ്തു വൃത്തിയാക്കിയ മുഖത്തെ നീണ്ട നാസികയ്ക്കു കീഴെ കത്രിച്ചൊരുക്കിയ മേൽമീശ പിരിച്ച് മുകളിലേക്കു വച്ചിരിക്കുന്നു. ഇടതുതോളിൽ മുമ്പോട്ടും പിന്നോട്ടുമായിരിട്ടിരിക്കുന്ന ഉത്തരീയത്തുമ്പുകൾക്കു മുകളിൽ വട്ടം കെട്ടിയ അരക്കച്ചയിൽ ഞാത്തിയിട്ടിരിക്കുന്ന വാളും കഠാരയും. ഉറച്ച മാംസപേശികളും വിരിഞ്ഞ മാറിടവും. എല്ലാംകൂടി നലംതികഞ്ഞ ഒരു യോദ്ധാവിന്റെ രൂപവും ഭാവവും.

ഈ ബാഹ്യരൂപഗുണങ്ങളൊന്നുമല്ല ഡിലനായിയെ നീലകണ്ഠനിലേക്കാകർഷിച്ചത്. ശ്രേയസ്കരമായിരുന്ന നീലകണ്ഠന്റെ ഓരോ വാക്കും. അത് നീതിന്യായങ്ങളെ മാത്രം പ്രഘോഷിക്കുന്നു.

മടക്കത്തിൽ നീലകണ്ഠൻ ക്യാപ്റ്റൻ ഡിലനായിയോടു പറഞ്ഞു:

“മഹാരാജാവ് നിങ്ങളിൽ പ്രീതിയുള്ളവനായിരിക്കുന്നു. താങ്കൾക്കു ലഭിച്ച സ്ഥാനമാനങ്ങൾ ശ്രീപത്മനാഭസ്വാമിയുടെ അനുഗ്രഹം തന്നെ.”

“താങ്കൾ അങ്ങനെ വിചാരിക്കുന്നതിൽ തെറ്റൊന്നും കാണാൻ എനിക്കു കഴിയുകയില്ല.” ക്യാപ്റ്റൻ ഡിലനായി ഒരു വിധത്തിൽ തമിഴും മലയാളവും കൂടിക്കലർന്ന ഭാഷയിലാണു സംസാരിച്ചത്.

പത്മനാഭപുരത്ത് സംസാരഭാഷ മിക്കവാറും തമിഴായിരുന്നു. മലയാളവും കുറവല്ല. ഈ രണ്ടു ഭാഷയും ഡിലനായിക്കു പൂർണമായും സ്വാധീനമായിരുന്നില്ല. ഒരുവിധം പറഞ്ഞൊപ്പിക്കും. തമിഴോ മലയാളമോ സംസാരിച്ചാൽ മനസ്സിലാകുകയും ചെയ്യും.

“അതെന്താ, താങ്കൾ അങ്ങനെ സംസാരിച്ചത്. രാജപാരിതോഷികങ്ങളിൽ താങ്കൾക്ക് ആനന്ദമില്ലന്നാണോ...”

“അങ്ങനെയല്ല നീലകണ്ഠൻ. ഈ ഭൂമിയിൽ ലഭിക്കുന്ന സ്ഥാനമാനങ്ങളോ പാരിതോഷികങ്ങളോ എന്നെ അമിതമായി ആഹ്ലാദിപ്പിക്കുന്നില്ല.”

“അദ്ഭുതമായിരിക്കുന്നു. പിന്നെയെന്താണ് താങ്കളെ സന്തോഷിപ്പിക്കുന്നത്?”

“അതാണ് ഞാനും അന്വേഷിക്കുന്നത്. യഥാർത്ഥ സന്തോഷം എവിടെ കിട്ടുമെന്നാണ്. ഒരു കാര്യം എനിക്കറിയാം. ഈ ലോകം ആശാരഹിതമാണ്. ഈ ലോകവും ലോകത്തിലുള്ള യാതൊന്നും എന്നെ മോഹവലയത്തിൽ പ്പെടുത്തുന്നില്ല.”

“മനസ്സിലാകുന്ന ഭാഷയിൽ പറഞ്ഞാലും കപ്പിത്താൻ...”

ശേഷം 16-ാംപേജിൽ

# വിശന്നുവിലപിക്കുന്ന ശ്രീലങ്ക

1-ാംപേജ് തുടർച്ച

പക്ഷേ, ഇവിടെ ശ്രദ്ധേയമായ മറ്റൊരു കാര്യമുണ്ട്. രാജ്യത്തിന്റെ വിഭവശേഷിയും ജനങ്ങളുടെ അധ്വാനശേഷിയും സമന്വയിപ്പിച്ച് ഒരു സ്വതന്ത്രപരമാധികാരറിപ്പബ്ലിക് സ്ഥാപിക്കുകയെന്ന കാഴ്ചപ്പാട് ശ്രീലങ്കയ്ക്ക് അന്നേ നഷ്ടപ്പെട്ടിരുന്നു. കൊളംബോയിൽ ഒരു സാർവദേശീയനിലവാരമുള്ള ഒരു കൺവെൻഷൻ സെന്റർ നിർമിക്കുന്നതിനുപോലും അവർ ചൈനീസ് സഹായം തേടി.

വിദേശസഹായം ആകർഷിക്കുന്നതിനു രൂപീകരിച്ച ഫോറിൻ ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെ കൊളംബോയിലെ ആസ്ഥാനം ചൂതാട്ടത്തിന്റെ അത്യന്താധുനികമായ സജ്ജീകരണങ്ങളോടുകൂടിയ ഒരു പഞ്ചനക്ഷത്രഹോട്ടലാണ്. മദിരാക്ഷികൾ അരങ്ങുതകർക്കുന്ന നൃത്തശാലകളും ലോകത്തിലെ ഏറ്റവും മികച്ചതെന്നു വച്ചിട്ടുള്ള ലഹരിപാനീയങ്ങൾ വിളമ്പുന്ന മദ്യശാലകളുമാണ് അവിടെ വിദേശികളെ സ്വീകരിക്കുന്നതിനു സജ്ജീകരിച്ചിരിക്കുന്നത്. വിദേശവ്യവസായികൾക്കു മുമ്പിൽ ശ്രീലങ്കൻ മണ്ണും പ്രകൃതിവിഭവങ്ങളും ശ്രീലങ്കൻ ജനതയുടെ അധ്വാനശേഷിയും സമർപ്പിക്കാൻ സന്നദ്ധമാണെന്നു പ്രഖ്യാപിക്കുന്ന സുസജ്ജമായ ഒരു ഓഫീസും അവിടെയുണ്ട്. സ്വാശ്രയത്വം, സ്വയംപര്യാപ്തത, ദേശീയസ്വാതന്ത്ര്യം ഇവയൊക്കെ മുറുകെപ്പിടിച്ചുകൊണ്ട് മുന്നോട്ടുപോകാനുള്ള ഒരു ശ്രമമല്ല അവിടെ നടക്കുന്നത്. ഉദാരവത്കരണനയങ്ങൾ ശ്രീലങ്കയെ രക്ഷിച്ചില്ലെന്നാണ് ഇപ്പോൾ മനസ്സിലാകുന്നത്.

ശ്രീലങ്കയിൽ ഇപ്പോൾ ഒരു കിലോ അരിക്ക് 448 രൂപയും പാലിന് ഒരു ലിറ്ററിന് 263 രൂപയും പെട്രോളിന് ഒരു ലിറ്ററിന് 283 രൂപയും, ഡീസലിന് ലിറ്ററിന് 176 രൂപയുമാണ് വില. ഇന്ധനത്തിനായി ക്യൂനിന്ന രണ്ടുപേർ കുഴഞ്ഞുവീണ് മരിച്ചതായി ശ്രീലങ്കൻ ഔദ്യോഗിക ഏജൻസികൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ശ്രീലങ്കൻ വൈദ്യുതനിലയങ്ങളുടെ ഉത്പാദനം നിർത്തി അടച്ചുപൂട്ടിയതിനെത്തുടർന്ന് മണിക്കൂറുകളോളം രാജ്യം പവർകട്ടിലായിരുന്നു.

അവശ്യസാധനങ്ങളിലേറെയും ഇറക്കുമതി ചെയ്യുന്ന രാഷ്ട്രമാണ് ശ്രീലങ്ക. നാളെയെങ്കിലും സ്വാശ്രയത്വം കൈവരിക്ക



ണമെന്ന ഒരു ദീർഘവീക്ഷണത്തിന്റെ അഭാവം നമുക്കു കാണാം. ഈ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ അവശ്യവസ്തുക്കളുടെയടക്കം ഇറക്കുമതി കുറയ്ക്കുകയും ഇറക്കുമതിക്ക് സർക്കാർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ സാമ്പത്തികാടിയന്തരാവസ്ഥയും ജനകീയപ്രക്ഷോഭങ്ങളെ നേരിടാൻ നിശാനിയമവും രാജപക്സെ ഭരണകൂടം ഏർപ്പെടുത്തി. അവശ്യവസ്തുക്കളുടെ വിതരണത്തിനുള്ള നിയന്ത്രണം സൈന്യത്തെ ഏൽപ്പിച്ചിരിക്കുകയാണ്. അവശ്യവസ്തുക്കൾ വിൽക്കുന്ന കടകളുടെ മുമ്പിൽ നീണ്ട ക്യൂവാണ് ഇപ്പോഴുള്ളത്.

ചില അവശ്യസാധനങ്ങളുടെ വിതരണത്തിൽ റേഷനിങ്ങും ഏർപ്പെടുത്തിയിട്ടുണ്ട്. അതേസമയംതന്നെ ശ്രീലങ്കൻ രൂപ ചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത മൂല്യശോഷണവും നേരിടുന്നു. പ്രതിസന്ധി മാറ്റമില്ലാതെ തുടർന്നാൽ ശ്രീലങ്കൻ രൂപയുടെ മൂല്യം ഇനിയും ഇടിയുമെന്നാണ് സാമ്പത്തികവിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്. ഇത് ഇറക്കുമതിച്ചെലവും വിദേശകടഭാരവും വർദ്ധിപ്പിക്കുമെന്നു തീർച്ച. ഈ വിഷമഘട്ടത്തിൽ ശ്രീലങ്ക ഇന്ത്യയും ചൈനയുമടക്കമുള്ള രാജ്യങ്ങളുടെ സഹായം തേടിയിട്ടുണ്ട്. അന്താരാഷ്ട്രധനകാര്യസ്ഥാപനങ്ങളെയും സമീപിച്ചിട്ടുണ്ട്. ഇന്ത്യ ചില സഹായവാഗ്ദാനങ്ങൾ നൽകിയിട്ടുമുണ്ട്. ഇന്ത്യയുടെ സഹായം ശ്രീലങ്കയിലെ ഇന്ത്യൻനിക്ഷേപത്തെ സഹായിക്കാൻ വേണ്ടിയാണ്.

ഈ പ്രതിസന്ധികളിൽനിന്ന് ഇന്ത്യ പഠിക്കേണ്ട ചില രാഷ്ട്രീയപാഠങ്ങളുണ്ട്. ആഗോളവത്കരണനയത്തിന്റെ ശ്രീലങ്കൻപാത പിൻതുടർന്നാൽ ഇന്ത്യയുടെ ഭാവിയും ശോഭനമായിരിക്കില്ല. ഇന്ധനവില തന്നെ ഒരു പ്രത്യക്ഷോദാഹരണമാണ്. നാല്പതു രൂപയ്ക്ക് ഇന്ധനം ലഭ്യമാക്കുമെന്ന വാഗ്ദാനത്തിന്റെ പ്രലോഭനങ്ങളിൽ അധികാരത്തിലേറിയ ഒരു സർക്കാരാണ് നമ്മെ ഭരിക്കുന്നത്. ഇന്ന് ഇന്ധനവില എവിടെ എത്തിനിൽക്കുന്നു? രാഷ്ട്രത്തിന്റെ രത്നഖനികളായ പൊതുമേഖലാസ്ഥാപനങ്ങൾ കിട്ടിയ വിലയ്ക്ക് വിറ്റഴിക്കുന്നു. ഇന്ത്യൻ ജനതയുടെ അഭയകേന്ദ്രവും, ഇന്ത്യാഗവൺമെന്റിന് ഒരു വരുമാനസ്രോതസുമായ ലൈഫ് ഇൻഷുറൻസ് കോർപറേഷൻ (കോർപ്പറേഷന്റെ ലാഭത്തിൽ ഒരു ചെറിയ ശതമാനമാണ് സർക്കാരിനു കൊടുക്കുന്നത്.) സ്വകാര്യമേഖലയ്ക്കു കൈമാറുന്നതിന്റെ പിന്നിലുള്ള യുക്തിയും രാജ്യസ്നേഹവും പിടികിട്ടുന്നില്ല. ശ്രീലങ്കയിലെ ഇന്നത്തെ അനുഭവം ഇന്ത്യയ്ക്ക് വിലയേറിയ ഒരനുഭപാഠമായിത്തീരട്ടെ. ഉദാരവത്കരണനയങ്ങൾ നമ്മെ എവിടെയും എത്തിക്കുകയില്ലെന്നു നാം മനസ്സിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

പണ്ട് ശ്രീരാമൻ രാവണനെ ഒഴിവാക്കി വിഭീഷണനെയാണ് രാജ്യഭാരം ഏല്പിച്ചത്. വിഭീഷണൻ രാജ്യതാത്പര്യം കാത്തുസൂക്ഷിച്ച ഒരു ഭരണാധികാരിയായിരുന്നു. ഇന്നു രാവണൻ വീണ്ടും അധികാരത്തിലെത്തിയോ? സംശയിക്കേണ്ടിയിരിക്കുന്നു. ■




15-ാംപേജ് തുടർച്ച

സ്വർഗത്തിലിരിക്കുന്ന ദൈവത്തെ കൂടാതെയുള്ള മഹത്ത്വം എന്താണ്, എന്തിനാണ്?"

ക്യാപ്റ്റൻ ഡിലനായിയുടെ ചോദ്യത്തിനൊരുത്തരം നീലകണ്ഠനു സാധ്യമായില്ല. എങ്കിലും മറ്റൊരു ചോദ്യമാണ് നീലകണ്ഠൻ ചോദിച്ചത്.

"തിരുവിതാംകൂറിലെ ജീവിതം താങ്കളുടെ മനം മടുപ്പിക്കുന്നു എന്നു കരുതട്ടെ."

"അങ്ങനെ ഒരിക്കലും കരുതേണ്ടതില്ല. എനിക്ക് എന്റെ ജന്മദേശവും തിരുവിതാംകൂറും തമ്മിൽ ഭേദമൊന്നുമില്ല. രണ്ടും ദൈവം സൃഷ്ടിച്ച ഭൂമിതന്നെ. രണ്ടു ദേശങ്ങൾക്കു മുകളിലും സൂര്യനും ആചന്ദ്രതാരകങ്ങളുമുണ്ട്."

നീലകണ്ഠന്റെ മനസ്സിൽ ഒരദ്ഭുതമായി വളരുകയായിരുന്നു ക്യാപ്റ്റൻ ഡിലനായി. കൊല്ലം, കായംകുളം യുദ്ധത്തിൽ പടനയിക്കാൻ നിയോഗിക്കപ്പെട്ട ആളായിരുന്നു ക്യാപ്റ്റൻ ഡിലനായി. ആ യുദ്ധത്തിലൊക്കെ തിരുവിതാംകൂർ വിജയം നേടുകയും ചെയ്തു.

തിരുവിതാംകൂറിന്റെ ആകാശത്തിൽ ഡച്ചുകാരുമായി വീണ്ടുമൊരങ്കത്തിന് കാഹളം മുഴങ്ങുന്നു എന്നു തോന്നിയിരുന്നു പലപ്പോഴും നീലകണ്ഠന്. ഒരിക്കൽ നീലകണ്ഠൻ ക്യാപ്റ്റൻ ഡിലനായിയോടു ചോദിച്ചു:

"സ്വന്തം രാജ്യത്തിനെതിരേ പടനയിക്കേണ്ടിവന്നാൽ താങ്കൾക്കു വ്യസനമാകില്ലേ?"

"തീർച്ചയായും മിത്രമേ," ഡിലനായി പറഞ്ഞു: "പക്ഷേ, ഞാനിപ്പോൾ എന്റെ ജന്മരാജ്യത്തിന്റെ പടയാളികൾക്കൊപ്പമല്ല. തിരുവിതാംകൂറിന്റെ പടത്തലവനാണ്. അതുകൊണ്ട് തിരുവിതാംകൂറിന്റെ വിജയമാണ് എന്റെ ലക്ഷ്യം. അതാണെന്റെ ധർമം."

(തുടരും)






ജോയിഷ് ജോസ്

"എല്ലാ താഴ്വരയും മഹത്ത്വവത്കരിക്കപ്പെടുകയും എല്ലാ കുന്നും കുലപർവതവും തലകുനിക്കുകയും, എല്ലാ

# അടിമജീവിതത്തിന്റെ ദുരന്തമുഖം

പരുക്കൻ പ്രദേശങ്ങളും സമതലങ്ങളായി മാറുകയും, എല്ലാ കുടിലമായ സ്ഥലങ്ങളും ഋജുവായ ഇടങ്ങളായി ത്തീരുകയും, അതിലൂടെ ദൈവത്തിന്റെ മഹത്ത്വം വെളിപ്പെടുത്തപ്പെടുകയും ചെയ്യുന്ന, മനുഷ്യശരീരങ്ങളെല്ലാം ഒന്നിച്ചൊന്നായി നിന്ന് ആ കാഴ്ചകാണുന്ന, ഒരു ദിനത്തെപ്പറ്റി എനിക്കൊരു സ്വപ്നമുണ്ട്." - മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ.


ആയിരത്തിയെണ്ണൂറുകളിൽ അമേരിക്കൻ ഐക്യനാടുകളിൽ, പ്രത്യേകിച്ച് തെക്കൻ സംസ്ഥാനങ്ങളിൽ നിലനിന്നിരുന്ന അടിമവ്യവസ്ഥിതിയും അതിന്റെ ക്രൂരതകളുമാണ് 'ഒരു അടിമപ്പെൺകുട്ടിയുടെ ജീവിതാനുഭവങ്ങൾ' എന്ന ഈ പുസ്തകത്തിന്റെ ഉള്ളടക്കം. ലിൻഡ ബ്രൈറ്റ് എന്ന പേരിൽ ഹാരിയറ്റ് ജേക്കബ്സ് എഴുതിയ ആത്മകഥയാണിത്. ഇതിലെ കഥാപാത്രങ്ങളുടെ പേര് അന്നത്തെ അവരുടെ ജീവസുരക്ഷയെക്കരുതി ശരിയായ രൂപത്തിലല്ല രേഖപ്പെടുത്തിയിരിക്കുന്നത്.

നൊമ്പരപ്പെടുത്തുന്ന ഒരു ലോകത്തേക്കാണ് ഈ പുസ്തകം നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത്. അടിമ പ്പുരുഷൻമാരുടെ ദൈന്യജീവിതവും അടിമസ്ത്രീകൾ ചെറുപ്പം മുതൽ അനുഭവിക്കുന്ന ചൂഷണങ്ങളും ഈ പുസ്തകത്തിൽ ഗ്രന്ഥകാരി വരച്ചിടുന്നു. മക്കൾ നഷ്ടപ്പെടുന്ന മാതാപിതാക്കളും, സഹോദരങ്ങൾ നഷ്ടപ്പെടുന്നതുകണ്ട് ഒന്നു വിതുമ്പിക്കരയാൻപോലുമാവാതെ പകച്ചുനിൽക്കുന്ന ബാല്യങ്ങളും കൊച്ചുമക്കളെ ഒന്നു ലാളിക്കാൻപോലുമാവതെ വാർദ്ധക്യം ഒരു ശാപമായി മാറുന്ന വൃദ്ധരും നിങ്ങളെ പൊള്ളിക്കും, തീർച്ച...

കറുത്തവനെന്നാൽ കീഴാളൻ ആണെന്നും അവൻ അടിമത്തം അനുഭവിക്കേണ്ടവനാണെന്നും അവൻ ജനിക്കുകയും മരിക്കുകയും ചെയ്യേണ്ടത് അടിമയായിത്തന്നെയാവണമെന്നും ചിന്തിക്കുന്ന ഒരു സമൂഹത്തിലാണ് ആൻ ഹാരിയറ്റ് ജേക്കബ്സ് ജനിച്ചത്. ആറാമത്തെ വയസ്സിൽ അവളെ ബന്ധുക്കളിൽനിന്ന് അടിമക്കച്ചവടക്കാർ പറിച്ചെടുത്തു. പന്ത്രണ്ടു വയസ്സുവരെ ഒരു ഉടമയുടെ മാത്രം അടിമയായിക്കഴിഞ്ഞ ഹാരിയറ്റ് അവളുടെ യജമാനത്തിയുടെ വിശാലഹൃദയംകൊണ്ട് എഴുത്തും വായനയും തയ്യൽപ്പണികളും പഠിച്ചു. എന്നാൽ ആവളുടെ യജമാനത്തി മരിച്ചതോടെ അവരുടെ വില്പത്രപ്രകാരം അവരുടെ മരുമകൾക്കു കൈമാറ്റം ചെയ്യപ്പെട്ടു. ഹാരിയറ്റിന്റെ പിൽക്കാലജീവിതം ദുരിതമയമായിരുന്നു.

വർഷങ്ങൾ കഴിയുംതോറും യജമാനഭവനത്തിലെ പീഡനങ്ങൾ വർദ്ധിച്ചുവന്നു. പീഡനം സഹിക്കാൻ കഴിയാതെ അവൾ യജമാനഭവനം വിട്ടോടിപ്പോകാൻ തീരുമാനിച്ചു. പക്ഷേ, അതിന്റെ ഭാഗമായി തന്റെ കുഞ്ഞുങ്ങളെ അവൾക്കവിടെ ഉപേക്ഷിക്കേണ്ടിവന്നു. എങ്കിലും. പലായനമദ്ധ്യേ യജമാനന്റെ അധീനതയിലായിരുന്ന തന്റെ കുഞ്ഞുങ്ങളെ അവരുടെ പിതാവിനെക്കൊണ്ടു തന്നെ വിലയ്ക്കു വാങ്ങിപ്പിച്ചു.

പിന്നീട് അവൾ നീണ്ട ഏഴുവർഷം, ഒളിവിൽ പാർത്തത് തന്റെ




മുത്തശ്ശിയുടെ വീടിനു പിറകിലെ ചുമരിനോടു ചേർന്നുള്ള ഒരു ചെറിയ സ്റ്റോർ മുറിയെന്നു വേണമെങ്കിൽ വിളിക്കാൻ പാകത്തിലുള്ള മൂന്നടിമാത്രം ഉയരമുള്ള ഒരു കുടുസ്സറയിലാണ്. അവിടെനിന്ന് അവൾ സ്വാതന്ത്ര്യത്തിനുള്ള ശ്രമങ്ങൾ തുടങ്ങി. അതിലേക്കുള്ള പാത പക്ഷേ എളുപ്പമുള്ളതായിരുന്നില്ല, കല്ലും മുള്ളും നിറഞ്ഞതായിരുന്നു. ഒടുവിൽ അവൾ ഒരു സുരക്ഷിതഭവനത്തിലെത്തിച്ചേരുകയും അവളോടു സഹതാപം തോന്നിയ പുതിയ ഉടമയുടെ ഭാര്യ അവൾക്ക് സ്വാതന്ത്ര്യം വാങ്ങിക്കൊടുക്കുകയും ചെയ്തു.

അമേരിക്കൻ ഐക്യനാടുകളുടെ ചരിത്രത്തിലെ കറുത്ത അധ്യായങ്ങളിലൊന്നാണ് അടിമവ്യാപാരവും അവരുടെ ദൈന്യജീവിതവും. ജെസ്സി ഓവൻസ്, ബുക്കർ ടി വാഷിങ്ടൺ തുടങ്ങി വളരെക്കുറച്ചു പേർ മാത്രമേ ആ ദൈന്യജീവിതത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റവരായുള്ളൂ. അതിനാൽത്തന്നെ അടിമജീവിതത്തിന്റെ പച്ചയായ ആവിഷ്കാരം ആൻ ഹാരിയറ്റ് ജേക്കബ്സിന്റെ 'ഒരു അടിമപ്പെണ്ണിന്റെ ആത്മകഥ'യിൽ നമുക്ക് കാണാൻ കഴിയും. ■

# നിർമലമാനസനായ മാധവൻപിള്ളസാർ




ഡോ. സിറിയക് തോമസ്

**ശാ**ന്തൻ, സൗമ്യൻ, സാത്വികൻ എന്നു ആരെപ്പറ്റിയെങ്കിലും രണ്ടാമതൊന്നാലോചിക്കാതെ പറയാൻ സാധിക്കുമെങ്കിൽ അതു മാധവൻപിള്ളസാറിനെക്കുറിച്ചായിരുന്നു. മികച്ച അധ്യാപകൻ, താരതമ്യമില്ലാത്ത പണ്ഡിതൻ, നലംതികഞ്ഞ പ്രഭാഷകൻ. വേദവിജ്ഞാനീയങ്ങളിൽ അദ്ദേഹത്തിന്റെ അപാരമായ ആധികാരിത ആരെയും അത്ഭുതപ്പെടുത്തിയിരുന്നു. കറകളഞ്ഞ ദേശീയവാദി. സ്വന്തം ആത്മാവിനെയും ഹൃദയത്തെയും വിചാരധാരകളെയും ഭാരതീയതയോടു ചേർത്തുവെച്ച ദേശാഭിമാനിയുമായിരുന്നു അന്തരിച്ച പ്രഫ. പി മാധവൻ പിള്ള സാർ. എവിടെയും അദ്ദേഹം ഒരു സമാദരണീയസാന്നിധ്യമായിരുന്നു. ഒരിക്കൽപ്പോലും അദ്ദേഹം സ്വരമുയർത്തി സംസാരിക്കുന്നതു കേട്ടിട്ടില്ല. എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു വലിയ മനസ്സായിരുന്നു മാധവൻപിള്ളസാറിനെന്നത് അദ്ദേഹവുമായുള്ള എന്റെ ദീർഘകാലസൗഹൃദത്തിന്റെ അടിസ്ഥാനത്തിൽ പറയാൻ കഴിയും. സന്ന്യാസമനസ്സും അനാസക്തിയോഗവുമായിരുന്നു സാറിനെന്നു പലപ്പോഴും തോന്നിയിട്ടുണ്ട്. ഒരു യഥാർത്ഥ ആത്മീയനുമായിരുന്നു മാധവൻ പിള്ള സാറെന്നതാണ് ശരി. കുട്ടികളെപ്പോലെ നിർമലനെന്നും പറയാമായിരുന്നു. സ്നേഹനിർഭരമായ മുഖപ്രസന്നതയായിരുന്നു മാധവൻപിള്ളസാറിന്റെ മുഖമുദ്ര. നമ്മുടെയെല്ലാം മനസ്സിൽപ്പതിഞ്ഞിട്ടുള്ളതും മറ്റൊന്നുമല്ലല്ലോ. വിവർത്തനസാഹിത്യത്തിലെ മുടിചൂടാമന്നനായിരുന്നു മാധവൻപിള്ളസാർ. ജ്ഞാനപീഠപുരസ്കാരം നേടിയ വി.എസ്. ഖണ്ഡേക്കറുടെ 'യയാതി' യുടെ വിവർത്തനമാണ് മാധവൻപിള്ളയുടെ മികച്ച വിവർത്തനം. പിന്നീട് ആശാപൂർണാദേവിയുടെയും മറ്റും ബംഗാളിരചനകളുടെ വിവർത്തനവും ശ്രദ്ധേയമായി.

പ്രഥമപ്രതിശ്രുതി, മൃത്യുഞ്ജയം, തമസ്, മയ്യാദാസിന്റെ മാളിക, ശിലാപത്മം, ഉത്തരമാർഗം, ദ്രൗപദി, നിഴലും വെളിച്ചവും തുടങ്ങിയ വിവർത്തനങ്ങളെല്ലാം മികച്ച മാതൃകകൾ തന്നെയായിരുന്നു. മലയാളത്തിൽനിന്നു ഹിന്ദിയിലേക്കും അദ്ദേഹം വിവർത്തനം ചെയ്തു. മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ 'ഭരതവാക്യം' നാടകവും ഒഎൻവി, സുഗതകുമാരി, വിഷ്ണുനാരായണൻ നമ്പൂതിരി, ഡി. വിനയചന്ദ്രൻ തുടങ്ങിയവരുടെ കവിതകളും കാരൂർ, ലളിതാംബിക അന്തർജനം, ടി. പത്മനാഭൻ, എൻ.പി. മുഹമ്മദ് തുടങ്ങിയവരുടെ കഥകളും മാധവൻപിള്ളസാർ ഹിന്ദിയിലേക്കു മൊഴിമാറ്റം ചെയ്തിട്ടുണ്ട്. ഹിന്ദി – മലയാളം, മലയാളം – ഹിന്ദി, മലയാളം – ഇംഗ്ലീഷ് – ഹിന്ദി തുടങ്ങി ഒട്ടേറെ നിഘണ്ടുകളും തയ്യാറാക്കിയിട്ടുണ്ട്.

കേന്ദ്ര, സംസ്ഥാന സാഹിത്യപുരസ്കാരങ്ങൾക്കു പുറമേ ദേശീയ മനുഷ്യാവകാശക്കമ്മീഷൻ സാഹിത്യപുരസ്കാരം, കേരള സാഹിത്യഅക്കാദമി പുരസ്കാരം തുടങ്ങി 22 ലേറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.



# സിസ്റ്റർ സുധാ വർഗീസിന് ബിൽഗേറ്റ്സിന്റെ പ്രശംസ



കടുത്തുരുത്തി: കുറുപ്പന്തറ കാഞ്ഞിരത്താനം സ്വദേശിനിയും ബീഹാറിലെ സാമൂഹികപ്രവർത്തികയുമായ സിസ്റ്റർ സുധ വർഗീസിന്റെ സേവനങ്ങളെ പ്രകീർത്തിച്ച് മൈക്രോസോഫ്റ്റ് സഹസ്ഥാപകൻ ബിൽഗേറ്റ്സ്. തന്റെ ബ്ലോഗിലെ കുറിപ്പിലൂടെയാണ്, ബീഹാറിലെ പിന്നാക്കവിഭാഗം സ്ത്രീകളുടെ ഉന്നമനത്തിനു പ്രവർത്തിക്കുന്ന സിസ്റ്ററുടെ ജീവിതകഥ ബിൽഗേറ്റ്സ് വിവരിച്ചിട്ടുള്ളത്.

ബീഹാറിലെ റോഡരികിൽ പൊളിഞ്ഞുവീഴാറായ കുടിലിന്റെ ചിത്രം, സ്കൂൾ പഠനകാലത്തു കാണാനിടയായത് സുധയുടെ ജീവിതം മാറ്റിമറിച്ചെന്നു പറഞ്ഞാണ് ബിൽഗേറ്റ്സ് തന്റെ കുറിപ്പു തുടങ്ങുന്നത്. കുറുപ്പന്തറ ചേന്നംപറമ്പിൽ വർഗീസ് – ഏലിക്കുട്ടി ദമ്പതിമാരുടെ മൂത്തമകളായി 1944 സെപ്റ്റംബർ അഞ്ചിനു സിസ്റ്റർ സുധ ജനിച്ചു.

സ്കൂൾ പഠനത്തിനുശേഷം ബീഹാറിലെ പാട്ന നോത്ദ്രാം സഭയിൽ അംഗമായി. പിന്നീട് സാമൂഹികസേവനം തിരഞ്ഞെടുത്തു. ഏറ്റവും പിന്നാക്കവിഭാഗമായ മുസഹർ വിഭാഗക്കാർക്കിടയിലായിരുന്നു പ്രവർത്തനം.

ജന്മികൾ സിസ്റ്ററിന് എതിരായി. അവരുടെ പല വെല്ലുവിളികളെയും അതിജീവിച്ചാണ് സിസ്റ്റർ ഇവിടെ പ്രവർത്തിച്ചത്. ഇതിനിടെ നിയമം പഠിച്ചു. ഗോത്രവർഗക്കാർക്കു വേണ്ടി കോടതികളിൽ ഹാജരായി. നിതീഷ്കുമാർ ബീഹാർ മുഖ്യമന്ത്രിയായപ്പോൾ ന്യൂനപക്ഷ കമ്മീഷന്റെ സംസ്ഥാന വൈസ് ചെയർമാനായിരുന്നു. താഴ്ന്ന വിഭാഗങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം, സ്ത്രീകളുടെ ഉന്നമനം എന്നിവ ലക്ഷ്യമാക്കി പ്രേരണസ്കൂളും നാരികുഞ്ചൻ എന്ന സ്ത്രീസംഘടനയും രൂപവത്കരിച്ചു.

സാമൂഹികസേവനരംഗത്തെ മികവിന് 2006ൽ സിസ്റ്ററിന് പദ്മശ്രീ ലഭിച്ചു. കേരളത്തിലെ വിവിധ സംഘടനകളുടെ പുരസ്കാരങ്ങളും സിസ്റ്ററെ തേടിയെത്തി.

പട്നയിലെ കാഗോൾ ഗ്രാമത്തിലാണ് സിസ്റ്റർ സുധ സ്ഥാപിച്ച സംഘടനയും സ്കൂളുമുള്ളത്.



ടി.പി. ശാസ്തമംഗലം

പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# ഇദളങ്ങളും വെള്ളിക്കുളിരും

**ആ**ധുനികചലച്ചിത്രഗാനങ്ങൾ ആർക്കും വേണ്ടാത്ത ഒന്നായി മാറിയിരിക്കുന്ന ഇക്കാലത്ത് അവയെ ഒന്നുകൂടി ഹീനമാക്കുന്നതാണ് ഹ്രസ്വചിത്രങ്ങളിൽ കേൾക്കുന്ന പാട്ടുകൾ. അത്തരത്തിൽ കേട്ട ഒരു പാട്ടിനെക്കുറിച്ചാണ് കഴിഞ്ഞ ലക്കത്തിൽ ഇതേ പംക്തിയിൽ ഞാനെഴുതിയത്. ഇത്തവണ പ്രിയപ്പെട്ട വായനക്കാരെ പരിചയപ്പെടുത്തുന്നത് ഒരു ആൽബം സോങ്ങാണ്.

"മൂവന്തിപ്പൊന്നിൻ ചേലോടെ
രാഗരാകേന്ദു ഇദളങ്ങൾ പെയ്യുന്നുവോ
നിൻകണ്ണിൽ കന്നിമോഹങ്ങൾ
കുഞ്ഞിപ്രാവായി പൂംതൂവൽ നെയ്യുന്നുവോ
നെയ്യാമ്പൽ ചൂടും നാണത്തിൽ
രാപ്പാടി മൂളും ഈണത്തിൽ
നിലാവു തിരയുന്ന ലാവണ്യതൂണീരം നീ" (ആൽബം – മൂവന്തിപ്പൊന്ന്; ഗാനരചന–ബിജു കല്ലാപ്പുറം; സംഗീതം – സുജിത് സുരേന്ദ്രൻ; ആലാപനം – ലിബിൻ സ്കറിയ)

ഈ പാട്ടെഴുത്തുകാരൻ എത്രയുംവേഗം 'ശബ്ദതാരാവലി' സ്വന്തമാക്കുന്നതു നന്നായിരിക്കുമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. മലയാളത്തിലെ വാക്കുകളുടെ അർത്ഥം മനസ്സിലാക്കാൻ അത് അദ്ദേഹത്തെ സഹായിക്കും. അർത്ഥം ഗ്രഹിക്കാൻ മാത്രമല്ല, പദങ്ങൾ തെറ്റായി പ്രയോഗിക്കാതിരിക്കാനും അത് ഉപകരിക്കും. 'ഇദളങ്ങൾ' എന്ന പ്രയോഗം ശ്രദ്ധിക്കുക. എന്താണ് രചയിതാവ് ഈ പ്രയോഗംകൊണ്ട് ഉദ്ദേശിക്കുന്നതെന്നു വ്യക്തമല്ല. ഏതു നിഘണ്ടു പരിശോധിച്ചാലും 'ഇദളങ്ങൾ'ടെ അർത്ഥം കണ്ടെത്തുക പ്രയാസമായിരിക്കും. അതിനാൽ മൂവന്തിപ്പൊൻചേലോടെയാണെങ്കിലും രാഗരാകേന്ദു പെയ്യുന്നത് എന്താണെന്നു നമുക്കു പിടികിട്ടുകയില്ല.

തൂണീരം എന്നാൽ അമ്പുറ (ആവനാഴി – Quiver) എന്നർത്ഥം. ലാവണ്യതൂണീരമായാലും അതിനോടു നായികയെ കല്പിക്കാൻ തോന്നിയ രചയിതാവിന്റെ ഔചിത്യബോധം അപാരമെന്നേ പറയേണ്ടൂ. ഇടയ്ക്കുള്ള വരികളിലെ ആശയം പറയാൻ ശ്രമിച്ചാൽ എങ്ങുമെത്താത്ത അവസ്ഥ വരും. അതുകൊണ്ട്, നായികയുടെ കണ്ണിൽ കന്നിമോഹങ്ങൾ കുഞ്ഞിപ്രാവായി പൂംതൂവൽ നെയ്യുന്നതും നാണത്തിന്റെ നെയ്യാമ്പൽ ചൂടുന്നതും രാപ്പാടി ഈണത്തിൽ മൂളുന്നതും മറ്റും ഇതെഴുതുന്ന ആൾ മനഃപൂർവം കണ്ടില്ലെന്നു നടിക്കുന്നു.

"വാനപ്പെണ്ണേ നിന്റെ പൂന്തോണി
നീലപ്പുഴയിൽ ഇന്നു നീരായം
ചിന്നിച്ചിതറും ഓളമോരോന്നും
വെള്ളിക്കുളിരായ് നിന്നെ മൂടുന്നു.
നിന്റെ തോണി വന്നുചേരാൻ
തിരമിനുക്കി എന്റെ തീരം
മഴവിൽച്ചിറകിൽ പ്രണയം നീന്തുമീ
നദിയുടെ നൂപുരനിരകളിലാടി വരൂ."

വിശാലമായ ആകാശത്തെ വളരെ ലാഘവത്തോടെ 'വാനപ്പെണ്ണേ' എന്നു വിളിക്കാൻ തോന്നിയ രചയിതാവിന്റെ അവബോധത്തിനു മുമ്പിൽ ആരും തലകുനിച്ചുപോകും. കാരണം, മഹാകവി കാളിദാസൻപോലും മടിച്ച കാര്യമാണല്ലോ മുന്നും പിന്നും നോക്കാതെ ബിജു കല്ലാപ്പുറം എഴുന്നള്ളിച്ചിരിക്കുന്നത്!

അധികം താഴ്ചയുള്ള ജലാശയത്തെയാണ് നീരായം (നീരാഴം) എന്നു പറയാറുള്ളത്. അതേസമയം വള്ളവും മറ്റും ജലത്തിൽ തുറക്കുന്നതിനു നീരായം കൊൾക എന്നു പറയാറുണ്ട്. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന ഗാനത്തിലെ 'നീരായ' ത്തെ നാം ഏതു കുറ്റിയിൽ കെട്ടും? വെള്ളിക്കുളിർ അങ്ങനെയൊരു കുളിരുണ്ടോ? കുളിരിന് വെള്ളി എന്ന ലോഹത്തോടാണോ വെള്ളിയാഴ്ചയോടാണോ ബന്ധം? കൊള്ളാവുന്ന കുറച്ചു പദങ്ങൾ (ഇദളങ്ങൾപോലുള്ള മനസ്സിലാകാത്ത ചിലതും) അവയും പര്യായപദങ്ങളും ചേർന്നാൽ ഈ ഗാനമായി. വാക്കുകൾ ചേർന്നുവരുന്ന വരികൾക്ക് അർത്ഥം വേണമെന്ന നിർബന്ധമൊന്നും ഏശാത്ത പാവം പാട്ടെഴുത്തുകാരൻ. ചവറ്റുകുട്ടയിൽ ചുരുട്ടിക്കൂട്ടി എറിയേണ്ട പാട്ട് ആൽബമായി വന്നിരിക്കുന്നു. ആസ്വാദകരുടെ ക്ഷമ പരീക്ഷിക്കാൻ. ഇത്തരം വികലസൃഷ്ടികൾ കൂണുകൾപോലെ അനുദിനം മുളച്ചുപൊന്തുന്നു. അവയ്ക്കെല്ലാം അല്പായുസ്സാണ് എന്നതത്രേ ഏറ്റവും വലിയ ആശ്വാസം! ■

# ആകുലതകളിൽ അടയിരിക്കാതെ...



ഫാ. ജോസഫ് നെച്ചിക്കാട്ട്



അന്റാർട്ടിക്കയിലും പരിസരങ്ങളിലും കണ്ടുവരുന്ന പക്ഷികളാണ് പെൻഗ്വിനുകൾ. അവയ്ക്ക് അരമീറ്റർ മുതൽ ഒരു മീറ്റർ വരെ ഉയരമുണ്ടാകും. വെള്ളവസ്ത്രം ധരിച്ച് കറുത്ത ഗൗണുമിട്ടു നടക്കുന്ന മനുഷ്യരെപ്പോലെ രണ്ടു കാലുകളിൽ നിവർന്നു നടക്കുന്ന പെൻഗ്വിൻ പക്ഷികളെ കാണാൻ ബഹുരസമാണ്. കൈകളുടെ സ്ഥാനത്തു തൂങ്ങിക്കിടക്കുന്ന രണ്ടു കൊച്ചുചിറകുകൾ ഉപയോഗിച്ച് അവ വെള്ളത്തിലൂടെ അതിവേഗം നീന്തുകയും ചെയ്യും.

അന്റാർട്ടിക്കയിൽ ശീതകാലം മൂർച്ഛിക്കുമ്പോൾ (മേയ് മുതൽ സെപ്റ്റംബർ വരെ) താപനില ഏതാണ്ട് 40 ഡിഗ്രി സെൽഷ്യസ് മുതൽ 70 ഡിഗ്രി സെൽഷ്യസ് വരെ താഴും. മണിക്കൂറിൽ 150 മുതൽ 300 കിലോമീറ്റർ വരെ വേഗത്തിൽ ആഞ്ഞുവീശുന്ന അത്യുഗ്രൻ ശീതക്കാറ്റ് ദിവസങ്ങളോളം അതേ നിലയിൽ നീണ്ടുനില്ക്കുന്ന വേളകളും വിരളമല്ല. ആ കൊടുങ്കാറ്റ് മഞ്ഞുപാളികളെപ്പോലും അടിച്ചുപറപ്പിക്കും. ഒരിടത്തുകൂടുന്ന മഞ്ഞിൻകൂമ്പാരം മണിക്കൂർ തോറും സ്ഥലംമാറിക്കൊണ്ടിരിക്കും.

അതിനിടയിലാണ് പറക്കാൻ അറിയാത്ത പെൻഗ്വിൻ പക്ഷികൾ നീണ്ട രാത്രികാലം (സുമാർ ആറു മാസം) കഴിച്ചുകൂട്ടാൻ ഒത്തുചേരുന്നത്! കൂട്ടത്തിൽ മുട്ടയിടുന്ന, അടയിരിക്കുന്ന, കുഞ്ഞുങ്ങളുള്ള തള്ളപ്പക്ഷികളുമുണ്ടാകും. കൂട്ടംകൂടി കട്ടകെട്ടിയാണിരിക്കുന്നതെങ്കിലും കുഞ്ഞുങ്ങൾക്കു തള്ളയെയും തള്ളയ്ക്കു കുഞ്ഞുങ്ങളെയും ഒരിക്കലും തെറ്റിപ്പോകാറില്ല! നീണ്ടു നീണ്ടുപോകുന്ന രാത്രികാലം മുഴുവൻ അവറ്റകൾ അങ്ങനെ കൂടും പുതപ്പുമില്ലാതെ കഴിച്ചുകൂട്ടുന്നത് അദ്ഭുതാവഹമല്ലേ?

യേശു പറഞ്ഞില്ലേ, രണ്ടു നാണയത്തുട്ടിന് അഞ്ചു കുരുവികൾ വില്ക്കപ്പെടുന്നുവെങ്കിലും, അവയിലൊന്നുപോലും സ്വർഗസ്ഥനായ പിതാവിന്റെ അറിവു കൂടാതെ നിലത്തുവീഴുന്നില്ല എന്ന്. ചുറ്റും അന്ധകാരം ചൂഴുമ്പോഴും മഞ്ഞിൻപാളികളെപ്പോലും അടിച്ചുപറപ്പിക്കുന്ന അത്യുഗ്രൻ ശീതക്കാറ്റിലും അന്നപാനാദികളില്ലാതെ ആറേഴുമാസം അടങ്ങിക്കഴിയുന്ന പതിനായിരക്കണക്കിനുള്ള പെൻഗ്വിൻകൂട്ടങ്ങളെ നോക്കുക! ആകാശത്തിലെ പറവകളെ പോറ്റുന്ന ദൈവം, വയലുകളിലെ പുല്ലുപുഷ്പാദികളെ പരിപാലിക്കുന്ന ദൈവം അവയെയും കാത്തുകൊള്ളുന്നു.

പലസ്തീനായിലെ മലഞ്ചെരിവുകളിൽ ലില്ലിച്ചെടികൾ സുലഭമാണ്. അനുകൂലമായ കാലാവസ്ഥയിൽ അവ ഉണർന്നെണീറ്റു പുഷ്പിച്ച് മലയോരങ്ങളെപ്പോലും മനോഹരങ്ങളായ മലർവാടികളാക്കുന്നു..!

ഒരു ദിവസം വളർന്നുനില്ക്കുകയും അടുത്ത ദിവസം അടുപ്പിലേക്കു തടുത്തുകൂട്ടപ്പെടുകയും ചെയ്യുന്ന ആ ലില്ലികളെ ഇത്ര ചേതോഹരമായി അണിയിച്ചുനിരത്തുന്ന, വിജനമായ അന്റാർട്ടിക്കൻ ഭൂഖണ്ഡത്തിൽ കമ്പിളിയും കുപ്പായവുമില്ലാതെ പെൻഗ്വിൻ പക്ഷിക്കുഞ്ഞുങ്ങളെ ഹിമപാളികൾക്കിടയിൽ മാസങ്ങളോളം കാത്തുസൂക്ഷിക്കുന്ന സ്രഷ്ടാവിന് അത്യുത്തമസൃഷ്ടിയായ മനുഷ്യന്റെ കാര്യത്തിൽ പ്രത്യേക പ്ലാനുകളൊന്നുമില്ലാതെ വരുമോ? അതാണ് യേശു ചോദിക്കുന്നത്.

ഒരു മൃഗവും വ്യാപാരം ചെയ്യുന്നില്ല. കാക്കകൾക്കും (ധ്രുവക്കാക്കകളുമുണ്ട്) പെൻഗ്വിൻ പക്ഷികൾക്കും വിതയും കൊയ്ത്തും വിതരണ സമ്പ്രദായങ്ങളുമില്ല. എങ്കിലും, ആറു മാസത്തോളം നീണ്ടുനില്ക്കുന്ന അത്യുഗ്രൻ ശീതരാവുകളിലും അവയിലൊന്നുപോലും, അകാലമൃത്യുവിന് ഇരയാവുന്നില്ല. എന്നാൽ, കൊയ്ത്തും സംഭരണസംവിധാനങ്ങളുമുള്ള മനുഷ്യന്റെ മുതൽക്കൂട്ടാകട്ടെ ഉത്കണ്ഠ മാത്രമാണ്.

ആകുലതയും ഉത്കണ്ഠയും നമുക്കെന്താണു സമ്പാദിച്ചുതരുക? കഴിവുകൾ വികസിപ്പിക്കുമോ? നേട്ടങ്ങൾ കൂട്ടിക്കിട്ടുമോ? ഉത്കണ്ഠവഴി ആയുസ്സിന്റെ ദൈർഘ്യം കൂട്ടിയെടുക്കാൻ ആർക്കുകഴിയും? ആകുലപ്പെട്ടതുകൊണ്ട്, നാം അകാലവാർദ്ധക്യത്തിനും ആയുഷ്കാലരോഗങ്ങൾക്കും ഇരയാകുന്നതു മിച്ചം.'സ്റ്റോപ് വറീയിംഗ് ആന്റ് ഗെറ്റ് വെൽ' എന്ന തന്റെ പുസ്തകത്തിൽ ഡോക്ടർ എഡ്വേർഡ് പൊഡോൾസ്കി ഉത്കണ്ഠിതരുടേതായി ചൂണ്ടിക്കാട്ടുന്ന ഒട്ടേറെ രോഗങ്ങളുണ്ട്. ഉദരരോഗങ്ങൾ, പ്രമേഹം, രക്തസമ്മർദം, ചിത്തഭ്രമം, ഞരമ്പുരോഗങ്ങൾ, ഹൃദ്രോഗങ്ങൾ...

ആധുനികമനഃശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന വില്യം ജയിംസ് ഒരിക്കൽ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:

"The Lord may forgive our sins, but the nervous system never does." ഓർത്തുനോക്കിയാൽ ഭയങ്കരമല്ലേ? ദൈവം നമ്മോടു ക്ഷമിച്ചേക്കും; പക്ഷേ, നമ്മുടെ പ്രകൃതി നമ്മെ വെറുതെ വിടുകയില്ല. നിതാന്തശത്രുത പുലർത്തി അതു പ്രതികാരം ചെയ്യും.

ഉത്കണ്ഠാകുലനെ കാർന്നുകാർന്നു തിന്നുന്ന വേദനയേറിയ ഒരു രോഗമുണ്ട് – Angina pectoris. അവനെ കണ്ടാലറിയാം. മുഖമാകെ കറുത്ത് അകാലവാർദ്ധക്യത്തിന്റെ ചുളിവുകൾ വീണു വിരൂപമായിരിക്കും. കയ്പുകലർന്ന ആ കറുത്ത മുഖം കാണുവാൻ അധികമാരും ആഗ്രഹിക്കുകയില്ല. അങ്ങനെ അവൻ വീണ്ടും വീണ്ടും ഒറ്റപ്പെട്ട് അകന്നുപോകും. പ്രസന്നവദനർക്കേ അപരരെ ആകർഷിക്കാനും നേടാനും സാധിക്കുകയുള്ളൂ.

'ഇവയെല്ലാം നമുക്ക് ആവശ്യമാണെന്നറിയുന്ന സ്വർഗീയ പിതാവിൽ' ആശ്രയം തേടാം– നാളെയെക്കുറിച്ച് ആകുലപ്പെടാതിരിക്കുകയും ചെയ്യാം. കാക്കകളെയും കുരുവികളെയും പെൻഗ്വിനുകളെയും കാത്തുപരിപാലിക്കുന്ന നല്ല ദൈവം നമ്മുടെ കാര്യത്തിലും ശ്രദ്ധാലുവാണ്.

■

---




മാത്യൂസ് ആർപ്പൂക്കര

# ചെമ്പോത്ത്



ഉപ്പൻ അഥവാ ചെമ്പോത്തിന് മറ്റൊരു പേരുകൂടിയുണ്ട് - ചകോരം. ഉപ്പൻ കുയിലിന്റെ വർഗത്തിൽപ്പെടുമെങ്കിലും ആകൃതിയിലും പ്രകൃതിയിലും ഇവർ തമ്മിൽ യാതൊരു സാമ്യവുമില്ല. കാക്കയുടെ വലുപ്പവും നീല കലർന്ന കറുപ്പുനിറവും ചെങ്കൽനിറമാർന്ന ചിറകുകളും കടുംചുവപ്പൻ കണ്ണുകളും ചെമ്പോത്തിനെ ആകർഷകമാക്കുന്നു. തൂവലുകൾക്കു നല്ല തിളക്കവും. കറുത്ത വാലിനു നല്ല നീളവുമുണ്ടാകും. തോട്ടങ്ങളിലും കുറ്റിക്കാടുകളിലുമാണ് ഇവ സാധാരണമായി കാണപ്പെടുന്നത്. ശാസ്ത്രനാമം : Centropus simensis.

കാക്കയുടേതുപോലത്തെ ശരീരവും വിരിഞ്ഞ വാലും ഉള്ളതുകൊണ്ടാവണം കാക്കമയിൽ എന്ന അർത്ഥം വരുന്ന Crow pheasant എന്ന ഇംഗ്ലീഷ് പേര് ഉപ്പനു ലഭിച്ചത്. പോത്തിന്റെ നിറമുള്ള ദേഹവും ചെമ്പിന്റെ നിറമുള്ള ചിറകുകളും ഈ പക്ഷിയെ ചെമ്പോത്താക്കിയെന്നും പറയാം.

പറക്കാൻ തീരെ മടി കാട്ടുന്ന ഉപ്പൻ ഇര തേടി കാട്ടിലും മേട്ടിലുമൊക്കെ പമ്മിനടക്കുന്നത് 'ഉപ്... ഉപ്...' എന്നു കൂടക്കൂടെ ശബ്ദമുണ്ടാക്കിക്കൊണ്ടാണ്. ആ ശബ്ദമാവണം ഉപ്പനെന്ന പേരിനാധാരമായത്. മരക്കൊമ്പുകളിൽ പറന്നുനടന്നല്ല ഇരപിടിത്തം. നിലത്തുകൂടി അടിവച്ചടിവച്ചു നടന്ന് ഓന്ത്, അരണ, ഗൗളി, ചെറുപാമ്പുകൾ, പുൽച്ചാടികൾ, പ്രാണികൾ തുടങ്ങിയവയെ ആഹരിക്കുന്നു.

കുയിലുകളുടെ ബന്ധുവാണെങ്കിലും അവയെപ്പോലെയല്ല, ഇവ സ്വന്തമായി കൂടൊരുക്കി മുട്ടയിടുന്നു. ആണിനെയും പെണ്ണിനെയും രൂപത്തിൽനിന്നു പെട്ടെന്നു തിരിച്ചറിയുക പ്രയാസം. കമ്പും കോലും ചുള്ളിയുമൊക്കെ ഉപയോഗിച്ച് ഉയരത്തിലെവിടെയെങ്കിലുമാവും കൂടൊരുക്കുക. ഇണപ്പക്ഷികൾ മാറിമാറി അടയിരുന്നു കുഞ്ഞുങ്ങളെ വിരിയിക്കുന്നു. ഇവ ശാന്തരാണ്. ബഹളമില്ല, മനുഷ്യരിൽനിന്ന് അകലം പാലിക്കുന്നവരല്ല. മറ്റു പക്ഷികളെപ്പോലെ പൊടുന്നനേ പറന്നകലുന്നവരുമല്ല.

■

# എഴുത്തിന്റെ നീറുന്ന പിൻപുറങ്ങൾ



ഡോ. ജോർജ് തയ്യിൽ

അന്ത്യനിമിഷമെത്തിയെന്ന് ഉപബോധമനസ്സു പറഞ്ഞപ്പോഴും സർവശക്തിയും സംഭരിച്ചു മരണത്തെ നിഷേധിച്ച ഒരാളുടെ കഥയാണു ഞാനിവിടെ പറഞ്ഞുതുടങ്ങുന്നത്. അഭിശപ്തമായ ഒരു ജീവിതത്തിന്റെ തേങ്ങലുകൾ ആവാഹിച്ച് അനശ്വരമായ ഒരു ജീവിതഗ്രന്ഥമെഴുതിത്തീർത്ത ഒരാളുടെ കഥ. 1952 ൽ പാരീസിൽ ജനിച്ച് 45ാം വയസ്സിൽ ഈ ലോകത്തോടു വിടപറഞ്ഞ പത്രപ്രവർത്തകനും ഗ്രന്ഥകാരനുമായ ഴാങ് ഡൊമിനിക് ബോബിയുടെ കഥ. ജീവന്റെ രോഗം ബാധിച്ചവർക്ക് ചിന്താപരവും ബൗദ്ധികവുമായ ഗ്രഹണശക്തിയും അവബോധവും കൂടുതലായുണ്ട് എന്നതാണ്. ലളിതമായിപ്പറഞ്ഞാൽ, പുറംലോകത്തു നടക്കുന്ന എല്ലാം അറിയുന്നു, മനസ്സിലാക്കുന്നു. എന്നാൽ, ഒന്നിലും പ്രതികരിക്കാൻ സാധിക്കില്ല.

പലരെയുമിത് വല്ലാത്തൊരു അവസ്ഥാവിശേഷത്തിലാണ് കൊണ്ടെത്തിക്കുന്നത്. നിസ്സംഗത, നിരാശ, വിഷാദം, ശൂന്യത, ഭയം തുടങ്ങി നിസ്സഹായതയുടെയും സംഘർഷങ്ങളുടെയും ഇരുണ്ട പാതകളിലൂടെ ഒരുവനെ കൈപിടിച്ചുകൊണ്ടുപോകുന്നു.

ഭാര്യ സിൽവിയോടും തിയോഫിൽ, സെലസ്റ്റ എന്നീ രണ്ടു മക്കളോടുമൊപ്പം ഴാങ് ഡൊമിനിക് ബോബി പാരീസിൽ സുഖമായി ജീവിക്കുന്ന ദിനങ്ങൾ. അന്നദ്ദേഹം ഫ്രഞ്ച് ഫാഷൻ മാസികയായ 'എല്ലെ' കാരം എഴുതപ്പെട്ടുവെന്നതാണ് തികച്ചും അവിശ്വസനീയമായ കഥ. ദിവസം നാലു മണിക്കൂർ വീതം എടുത്തുകൊണ്ട് പത്തു മാസം കഴിഞ്ഞപ്പോൾ പുസ്തകം എഴുതിത്തീർത്തു. അതിനു സഹായിച്ചത് സഹപ്രവർത്തകയായിരുന്ന ക്ലോഡെ മെൻഡിബിൽ. ഒരു വലിയ കടലാസുതാളിൽ ക്ലോഡെ ഇംഗ്ലീഷ് അക്ഷരമാല എഴുതി. എന്നിട്ട് ഓരോ അക്ഷരത്തിലൂടെയും അവർ വിരലോടിച്ചു. എഴുതേണ്ട അക്ഷരം വരുമ്പോൾ ഴാങ് ഡൊമിനിക് കണ്ണു ചിമ്മും. അങ്ങനെ പെറുക്കിയെടുത്ത അക്ഷരങ്ങൾ ചേർത്തുവച്ച് ഒരു വാക്കുണ്ടാക്കാൻ രണ്ടു മിനിറ്റെടുത്തു. അവസാനം 132 പേജുകളുള്ള പുസ്തകം പൂർത്തിയാക്കാൻ ഴാങ് ഡൊമിനിക് രണ്ടു ലക്ഷം പ്രാവശ്യം കണ്ണു ചിമ്മി.

1997 മാർച്ച് ഏഴാം തീയതി വ്രണിതഹൃദയനായ ഒരുവന്റെ കണ്ണുനീർ പറ്റിപ്പിടിച്ച ആത്മക




അവസാനസ്പന്ദനം നിലയ്ക്കുന്നതിനു തൊട്ടുമുമ്പ് വ്രണിതഹൃദയനായ ആ ചെറുപ്പക്കാരൻ എഴുതിയ ഗ്രന്ഥത്തിന്റെ പേര് 'ദി ഡൈവിങ് ബെൽ ആൻഡ് ദി ബട്ടർഫ്ളൈ.' ഴാങ് ഡൊമിനിക് ബോബിക്ക് വാസ്തവത്തിൽ എന്താണു സംഭവിച്ചത്?

അതിനുമുമ്പ് അറിയണം 'ലോക്ഡ് ഇൻ സിൻഡ്രോം' എന്താണെന്ന്. അതേ, 'ലോക്ഡ് ഇൻ സിൻഡ്രോം', അങ്ങനെയുമൊന്നുണ്ട്. കൺപോളകൾ മാത്രം ചിമ്മുവാനല്ലാതെ ശരീരത്തിന്റെ തനതായ യാതൊരു ചേഷ്ടകളും നിർവഹിക്കാൻ പറ്റാതെ മരവിച്ചുകിടക്കുന്ന അവസ്ഥ. മസ്തിഷ്കത്തിലെ 'സെറിബ്രോ മെഡുല്ലോ സ്പൈനൽ' – ബന്ധങ്ങൾ പൂർണമായി വിഘടിച്ച അവസ്ഥയെന്നു വൈദ്യഭാഷയിൽ പറയാം. 'സ്യൂഡോകോമ' യെന്ന ഈ പ്രതിഭാസത്തിനു പേരുണ്ട്. സ്വമേധയാലുള്ള ശരീരത്തിന്റെ എല്ലാ ചലനപ്രക്രിയയും മരവിച്ച അവസ്ഥ. എന്നാൽ, അദ്ഭുതകരമായ സവിശേഷതയുള്ളത്, ഈ യുടെ പത്രാധിപരാണ്. സർഗാത്മകമായ എഴുത്തും പത്രാധിപത്യവുമായി തിരക്കോടെ മുന്നോട്ടു പോകവേ പെട്ടെന്നാണ് അതു സംഭവിച്ചത്. 1995 ഡിസംബർ എട്ടാം തീയതി ക്രൗര്യം പൂണ്ട ആവേശത്തോടെ ചീറിയടുത്ത ഒരു സ്ട്രോക്ക് അദ്ദേഹത്തിന്റെ ശരീരത്തെ പൂർണമായി തളർത്തിക്കളഞ്ഞു. ഇരുപതു ദിവസങ്ങൾക്കുശേഷം ഉണർന്നപ്പോൾ, അദ്ദേഹത്തിന്റെ സംസാരശേഷി നഷ്ടപ്പെട്ടതായും ശരീരം തളർന്നവശമായതായും കാണപ്പെട്ടു. ഇടത്തെ കൺപോള ചലിപ്പിക്കാൻ മാത്രം സാധിക്കും, മറ്റെല്ലാം നിർജീവാവസ്ഥയിൽ. ന്യൂറോളജിസ്റ്റ് രോഗനിർണയം ചെയ്തു, 'ലോക്ഡ് ഇൻ സിൻഡ്രോം.'

എന്നാൽ, ക്രൂരസ്വഭാവിനിയായ വിധിയോടു തോറ്റുകൊടുക്കാൻ ഴാങ് ഡൊമിനിക് തയ്യാറായില്ല എന്നാണ് നാം പിന്നീടു കാണുന്നത്. അവസാനത്തെ പുസ്തകമെഴുതാനുള്ള ആഗ്രഹം സഫലീകരിച്ചുകൊണ്ട് അദ്ദേഹം വിധിക്കുമുമ്പിൽ അപരാജിതനായി. പുസ്തകം എപ്രഥാപരമായ അനുസ്മരണകൾ പ്രകാശിതമായി. ഫ്രഞ്ചുഭാഷയിൽ രചിക്കപ്പെട്ട ആ ഗ്രന്ഥത്തിന്റെ പേര് 'ദി ഡൈവിങ് ബെൽ ആൻഡ് ദി ബട്ടർഫ്ളൈ.' മുഷ്ക്കോടെ പാഞ്ഞുവന്ന് ശരീരത്തെ മൃതപ്രായമാക്കിയ ഒരു രോഗത്തിനു മുമ്പും പിമ്പും താനനുഭവിച്ച യാതനകളുടെ നഗ്നചിത്രങ്ങളാണ് ഴാങ് ഡൊമിനിക് ആ താളുകളിൽ വരച്ചിട്ടത്. ഉത്കണ്ഠയോടെ കിതച്ചുതള്ളിയ നാളുകളിൽ അനുഭവിച്ച സങ്കടങ്ങളുടെ വിറയാർന്ന ചിത്രങ്ങൾ. പ്രസിദ്ധീകരണദിനംതന്നെ 25,000 കോപ്പികൾ വിൽക്കപ്പെട്ട ഹൃദയസ്പർശിയായ ആത്മകഥ പിന്നീടൊരു ബെസ്റ്റ് സെല്ലറായി. 2007 ൽ പ്രശസ്ത ഫ്രഞ്ച് സംവിധായകൻ ജൂലിയൻ ഷ്നാബെൽ ആ പുസ്തകമൊരു സിനിമയാക്കി. നിരവധി അവാർഡുകൾ കരസ്ഥമാക്കി. പുസ്തകം പ്രസിദ്ധീകരിച്ച് രണ്ടു ദിവസം കഴിഞ്ഞപ്പോൾ 1997 മാർച്ച് ഒമ്പതാം തീയതി ഴാങ് ഡൊമിനിക് ബോബി മരണത്തിനു കീഴടങ്ങി. ■

## വായന

### യേശു പറഞ്ഞ ഉപമകൾ



ഗ്രന്ഥകർത്താ : ഫ്രാൻസീസ് ചിറയത്ത്
പ്രസാധനം : എസ്.എം. ബുക്സ് & പബ്ലിക്കേഷൻസ്, ചേർപ്പുങ്കൽ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 60 രൂപ

ലളിതമായ ഭാഷയിൽ രചിച്ചിരിക്കുന്ന ഈ പുസ്തകംകൊണ്ടുദ്ദേശിക്കുന്നത് വിദ്യാർത്ഥികള വിശുദ്ധഗ്രന്ഥവായനയിലേക്ക് ആകർഷിക്കുക എന്നുള്ളതാണ്.

### ഡെന്മാർക്ക് കുറിപ്പുകൾ (യാത്രാവിവരണം)



ഗ്രന്ഥകർത്താ : അഡ്വ. ഫിലിപ്പ് പഴേമ്പള്ളി
പ്രസാധനം : എസ്.എം. ബുക്സ് & പബ്ലിക്കേഷൻസ്, ചേർപ്പുങ്കൽ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 200 രൂപ

ലോകത്തിലെ സന്തുഷ്ടരാജ്യങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന ഡെന്മാർക്കിലേക്ക് ലേഖകൻ നടത്തിയ യാത്രാനുഭവങ്ങളുടെ അതിസുന്ദരമായ വിവരണം.

### വിശുദ്ധ പീഡകൾ



ഗ്രന്ഥകർത്താ : മാത്യു ഇല്ലത്തുപറമ്പിൽ
പ്രസാധനം : പിയാ പബ്ലിക്കേഷൻസ്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 275 രൂപ

ഈശോയുടെ പീഡാനുഭവത്തെക്കുറിച്ച് ഹൃദയംകൊണ്ടു ചിന്തിക്കുകയും ബുദ്ധികൊണ്ടു പ്രാർത്ഥിക്കുകയും ചെയ്ത വിശുദ്ധ ജ്ഞാനികളുടെ ചുവടുപിടിച്ച് പീഡാനുഭവത്തിന്റെ ദൈവശാസ്ത്രപ്രേരിതമായ ആത്മീയവായനയാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.

ശ്രേഷ്ഠമലയാളം

## മീനച്ചിൽ

ഡോ. ഡേവിസ് സേവ്യർ



ദേശനാമങ്ങൾക്ക് ഭാഷാപഠനത്തിൽ നിർണ്ണായകസ്ഥാനമുണ്ട്. ഒരു ജനതയുടെ പ്രകൃതിജ്ഞാനവും സൗന്ദര്യബോധവും നാട്ടുപേരുകളിൽ ഉൾച്ചേർന്നിരിക്കുന്നു. നാടിന്റെ ഭൂപ്രകൃതി അറിയാൻ ദേശസംജ്ഞകളെ പ്രയോജനപ്പെടുത്താം. ആരാധനാലയങ്ങൾ, നദികൾ, വൃക്ഷങ്ങൾ മുതലായവ പേരിടലിൽ നിയാമകമായി വർത്തിക്കുന്നു. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും നാമകരണത്തിനു കാരണമാകാം. ചില വ്യക്തിസംജ്ഞകളെയും ദേശനാമങ്ങളോടു ബന്ധപ്പെടുത്താറുണ്ട്. പേരിടലിനു പിന്നിലുള്ള കാരണങ്ങൾ എന്തൊക്കെയായാലും സ്ഥലസംജ്ഞകളിൽ പല ഭാഷാരഹസ്യങ്ങളും അടങ്ങിയിരിക്കുന്നു.

കോട്ടയം ജില്ലയിലുള്ള ഒരു താലൂക്കിന്റെ പേരാണ് മീനച്ചിൽ. പഴയ തിരുവിതാംകൂറിന്റെ ഭാഗമായിരുന്നു ഈ പ്രദേശം. മീനച്ചിൽ എന്ന ദേശത്തിന് ഒരു കാലത്ത് പാണ്ഡ്യദേശവുമായി ചരിത്രപരമായ ബന്ധമുണ്ടായിരുന്നു. തന്മൂലം മധുരമീനാക്ഷിയുമായി മീനച്ചിൽ എന്ന വാക്കിന് ബന്ധമുള്ളതായി ചിലർ അഭ്യൂഹിച്ചിട്ടുണ്ട്. പക്ഷേ, മീനച്ച(ച്ചി)ൽ എന്ന ദേശനാമത്തെ മീനാക്ഷിയിൽ നിന്നു നിഷ്പാദിപ്പിക്കാനാവുമോ? ഭാഷാശാസ്ത്രയുക്തി ഈ മതത്തെ നിരാകരിക്കുന്നു!

മീനാക്ഷി ശബ്ദപരിണാമംവഴി മീനാക്കിയോ മീനാച്ചിയോ ആകാം. എന്നാൽ മീനാക്ഷി, മീനച്ചിൽ (ക്ഷി →ച്ചിൽ) ആവുകയില്ല. ഇക്കാര്യത്തെക്കുറിച്ച് പണ്ഡിതന്മാർ മൗനം അവലംബിക്കുന്നു. അങ്ങനെയെങ്കിൽ സ്വീകാര്യമായ നിരുക്തി അന്വേഷിക്കേണ്ടതുണ്ട്. കോട്ടയത്തിന്റെ വടക്കൻ പ്രദേശമാണല്ലോ മീനച്ചിൽ. മീനക്കോണിൽ (വടക്കുകിഴക്ക്) സ്ഥിതി ചെയ്യുന്ന ഭൂവിഭാഗം എന്ന അർത്ഥത്തിൽ മീനത്തിൽ എന്ന സംജ്ഞ സ്വീകാര്യമാണ്. അ, ഇ, എ, ഐ എന്നീ താലവ്യസ്വരങ്ങൾക്കുശേഷം ത, ന, ത്ത, ന്ന, ന്ത എന്നിവയിൽ ഒരെണ്ണം വന്നാൽ സവർണ്ണനംകൊണ്ട് ദന്ത്യം താലവ്യമാകും. ദന്ത്യത്തിന് താലവ്യം ആദേശം ചെയ്യുകയാൽ താലവ്യാദേശമെന്നും തവർഗ്ഗങ്ങൾക്കു മാറ്റം സംഭവിക്കുന്നതിനാൽ തവർഗ്ഗോപമർദമെന്നും ഈ പ്രവണതയ്ക്കു കേരളപാണിനി നാമകരണം ചെയ്തിട്ടുണ്ട്. അതായത്, മീനത്തിൽ എന്ന വാക്ക് താലവ്യാദേശംകൊണ്ട് മീനച്ചിൽ എന്നാകുന്നു. (മീനത്തിൽ → മീനച്ചിൽ). മീനാക്ഷിയിൽനിന്നുതന്നെ മീനച്ചിൽ എന്ന പദത്തെ നിഷ്പാദിപ്പിക്കണം എന്നുണ്ടെങ്കിൽ അതിനു വേറേ യുക്തികൾ കണ്ടെത്തണം. അതത്ര എളുപ്പമാണോ? പണ്ഡിതന്മാർ ആലോചിക്കട്ടെ!

*ലത വി. നായർ, എൻ. ആർ. ഗോപിനാഥപിള്ളയുടെ കൃതികൾ (സമ്പാദനം) വാല്യം ഒന്ന്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം – 460.

Deepanalam Weekly
RNI No : 16998/68
Vol. 55 ■ No. 6 ■ Date of Publication 31 March 2022
■ Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




33 വർഷത്തെ സേവനപാരമ്പര്യം
**നവഭാരത് കോളേജ്**
മരിയൻ ഹോസ്പിറ്റൽ ജംഗ്ഷൻ, അരുണാപുരം പി. ഒ., പാലാ
Ph: 9495195739, 9495021259
ഉയർന്ന വിജയശതമാനം ഹോസ്റ്റൽ സൗകര്യം
പരിചയസമ്പന്നരായ അധ്യാപകർ വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ
അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes
HINDI TTC
എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസ യോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.




**കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ**
ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com Website: www.kottathilayurveda.com



- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org